വാല്യം 28

കോയിപ്രം ബ്ലോക്ക്

(പത്തനംതിട്ട ജില്ല)

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

# അയിരൂർ ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ




N
AYROOR PANCHAYAT
ജില്ല - പത്തനംതിട്ട
താലൂക്ക് - റാന്നി
വില്ലേജ് - അയിരൂർ
വെള്ളിയറ A
VIII
തടിയൂർ
X
വെള്ളിയറ B
IX
കാഞ്ഞിറ്റുകര B
VII
ഞൂഴൂർ
V
കോറ്റാത്തൂർ
III
ഇടപ്പാവൂർ
I
കാഞ്ഞിറ്റുകര A
VI
അയിരൂർ
IV
കൈതക്കോടി
II
പമ്പാനദി

28-1



# ജനകീയ ആസൂത്രണം



## അയിരൂർ ഗ്രാമപഞ്ചായത്ത്
## സമഗ്ര വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

## വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പുകൾ

| | |
|---|---|
| റ്റി. പി. ജനാർദ്ദനൻ നായർ | എം. കെ. ഗോവിന്ദപിള്ള. |
| വിമൽ കുമാർ | എം. എൻ. ഗോപാലകൃഷ്ണപിള്ള. |
| കെ. കെ. ഗേപാലകൃഷ്ണപിള്ള | ആനന്ദാഭായി. |
| സി. പി. സൈമൺ | കെ. ജെ. ജോസഫ്. |
| പി. ജി. ഗോപാലകൃഷ്ണകൈമൾ | അമ്മിണിക്കുട്ടി ചെറിയാൻ. |
| കെ. എസ്. സൈമൺ | സി. എൻ. ഗോപിനാഥൻ നായർ. |
| വി. പ്രസാദ്. | പി. റ്റി. തോമ്മസ്. |
| കെ. ജെ. സൈമൺ. | റ്റി. കെ. നടരാജൻ. |
| രാജമ്മ എബ്രഹാം | സി. കെ. പൊന്നമ്മ. |
| റ്റി. കെ. രാഘവൻ. | |

***ആദ്ധ്യാത്മഭൂമിയിൽ:-*** ഹിന്ദുമത സമ്മേളനം നടക്കുന്ന ചെറുകോൽപ്പുഴ, പമ്പാ മണൽപ്പുറം



# അയിരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി



മാമ്മൻ ജോൺ



ഗ്രേസി തോമസ്സ്



വിക്രമൻ
നാരായണൻ



എം. എൻ. ശിവശങ്കരപ്പിള്ള



അന്നമ്മ വറുഗീസ്



ആനി മാത്യു
പ്രസിഡന്റ്.



വത്സലകുമാരി



ശ്രീജാ വിമൽകുമാർ



കോശി ചാക്കോ
വൈ. പ്രസിഡന്റ്.



വറുഗീസ് ഫിലിപ്പ്
ചെയർമാൻ സ്റ്റാൻഡിംഗ്
കമ്മറ്റി.



മറിയാമ്മ സൈമൺ
ബ്ലോക്ക് പ്രസിഡന്റ്.



റ്റി. പി. ജനാർദ്ദനൻ നായർ
ബ്ലോക്ക് വൈ. പ്രസിഡന്റ്.

## താളുകൾ മറിക്കുമ്പോൾ


1. ആമുഖം
2. പൊതുവിവരണം
3. സാമൂഹ്യ സാംസ്ക്കാരികചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും

5.1 കൃഷിയും ജലസേചനവും

5.2 മൃഗസംരക്ഷണം

5.3 വ്യവസായം

5.4 വിദ്യാഭ്യാസം

5.5 കുടിവെള്ളവും പൊതു ജനാരോഗ്യവും

5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5.7 ഭവനനിർമ്മാണം

5.8 സംസ്കാരം

5.9 വനിത

5.10 സഹകരണം

5.11 പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം

5.12 വിഭവസമാഹരണം

6. സഹായിച്ചവരോട് നന്ദി...........

# 1

# ആമുഖം



ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്നും ആസൂത്രണം ചെയ്യുക എന്ന സംരംഭത്തിന്റെ സുപ്രധാന ഘട്ടത്തിലേക്ക് നാം കടക്കുകയാണ്. ഇന്ന് എല്ലാവരുടേയും ചുണ്ടത്തു നിന്നും മാറാതെ നിൽക്കുന്ന ഒരു വാക്കുണ്ടെങ്കിൽ അതാണ് വികേന്ദ്രീകരണം. ഇതു വരെ നാം സഞ്ചരിച്ച മാർഗ്ഗം നമ്മെ എവിടെ എത്തിച്ചുവോ അവിടെയല്ല എത്തേണ്ടത് എന്നതാണ് വികേന്ദ്രീകരണം കൊണ്ട് വിവക്ഷിക്കുന്നത്. കേന്ദ്രീകരണം ജനങ്ങളെ അകലെ വലിച്ചെറിയുമ്പോൾ വികേന്ദ്രീകരണം ജനങ്ങളുടെ അടുത്ത് ഭരണത്തെ എത്തിക്കുന്നു. ജനങ്ങൾ ഗുണഭോക്താക്കളാണ് പങ്കാളികളല്ല എന്ന നീതി സാരം മാറ്റി എഴുതുന്നതിന്റെ കാഹളധ്വനി മുഴങ്ങിക്കഴിഞ്ഞു. ബ്യൂറോക്രസിയിലൂടെയല്ല ഡമോക്രസിയിലൂടെയാണ് പ്രാദേശിക ആസൂത്രണം സാദ്ധ്യമാകേണ്ടത് എന്ന ആശയം വൈകിയാണെങ്കിലും നടപ്പിലാക്കുന്നത് സന്തോഷപ്രദം തന്നെ.

ഇൻഡ്യൻ ഭരണഘടനയുടെ ആധാരശില വില്ലേജ് റിപ്പബ്ളിക്കായിരിക്കണമെന്ന വ്യവസ്ഥ ചെയ്ത് 1948 നവമ്പർ 22ന് 31 (എ) എന്ന അനുച്ഛേദം കരടുഭരണഘടനയിൽ സ്ഥാനം പിടിച്ചു. ഈ വകുപ്പ് പിന്നീട് ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തെ നാൽപ്പതാം അനുച്ഛേദമായി പരിണമിച്ചു. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാനും അവയ്ക്ക് അധികാരാവകാശങ്ങൾ കൈമാറുവാനും രാഷ്ട്രം നടപടി എടുക്കണമെന്നാണ് ഈ വകുപ്പ് നിഷ്ക്കർഷിക്കുന്നത്. സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരെ വിസ്മരിച്ചും വിഗണിച്ചും ജനപങ്കാളിത്തമില്ലാതെ നടത്തുന്ന വികസന പദ്ധതികൾ വിജയിക്കില്ലന്ന് കാലം തെളിയിച്ചു കഴിഞ്ഞു.

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിനു വഴി തുറക്കുന്ന നൂതന സംരംഭമാണ് സംസ്ഥാന സർക്കാരും, സംസ്ഥാന ആസൂത്രണ ബോർഡും ചേർന്നു രൂപം നൽകി നടപ്പിലാക്കിവരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. ഇപ്രകാരമുള്ള പാരസ്പര്യം ജനങ്ങളുടേയും, സർക്കാരിന്റെയും, ഇടയിലുണ്ടാവുന്നത് നാടാടെയാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലൂടെ അധികാര വികേന്ദ്രീകരണം സാധിതപ്രായമാക്കണം എന്ന മുദ്രാവാക്യം മുഖമുദ്രയാക്കി അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് നമ്മളും അവതരിപ്പിക്കുന്നത്.

അയിരൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 ഒക്ടോബർ 11-ാം തിയതി മുതലാണ്. ജനകീയാസൂത്രണത്തെക്കുറിച്ച് ഒന്നാംഘട്ട ശില്പശാല ഒക്ടോബർ 19-ാം തിയതി നടത്തി. ചെ[illegible]വിവരണ ശേഖരണ സർവ്വേ നവംബർ 15നു മുൻപായി പൂർത്തിയാക്കുവാൻ സാധിച്ചു. നവംബർ 21നു രണ്ടാം ഘട്ടസെമിനാറും, നവംബർ 27നു പാന പര്യടന സർവ്വേയും നടത്തി.

ജാപ്പനീസ് ജ്വരത്തിനെതിരെ പ്രചാരണം നടത്തി. പ്രതിരോധ മരുന്നു വിതരണം ചെയ്തു. മണ്ണു ജല സംരക്ഷണത്തിന് മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബണ്ടു നിർമ്മിച്ചു. എസ്. എസ്. എൽ. സി. പരിക്ഷക്ക് ഏറ്റവും കൂടുതൽ വിജയ ശതമാനം കൈവരിച്ച സ്കൂളിന് ട്രോഫി. നിർദ്ധനരായ കുട്ടികൾക്ക് കുട. ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് തയ്യൽ മെഷീൻ, കോളനി വൈദ്യുതികരണം. ഹരിജൻ കോളനിയിൽ ശുദ്ധജല വിതരണത്തിന് സ്കീം തയ്യാറാക്കൽ. സർക്കാർ പ്രൈമറി സ്കൂൾ മെയിന്റനൻസ് പദ്ധതി തുടങ്ങി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

ജനങ്ങൾക്കു വേണ്ടിയുള്ള ഭരണം ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയാണ് കേരള പരിപാടിയുടെ അടിസ്ഥാനം. സ്വാതന്ത്രിയം അർത്ഥ പൂർണ്ണമാക്കുവാൻ നവകേരള സൃഷ്ടിക്കായി വികസനത്തിന്റെ മഹാപ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു. കൂട്ടരേ. നമുക്കും ഈ പ്രയാണത്തിൽ പങ്കെടുക്കാം.



# പൊതു വിവരണം 2

| | | |
|---|---|---|
| പഞ്ചായത്ത് | : | അയിരൂർ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആസ്ഥാനം | : | ചെറുകോൽപ്പുഴ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | അയിരൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കോയിപ്രം |
| അസംബ്ലി മണ്ഡലം | : | ആറന്മുള |
| ലോക്സഭാ മണ്ഡലം | : | മാവേലിക്കര |
| വിസ്തീർണ്ണം | : | 26.5 ച.കി.മീ. |
| വാർഡ് | : | 10 |
| അതിരുകൾ | : | വടക്ക്. എഴുമറ്റൂർ കൊറ്റനാട് പഞ്ചായത്തുകൾ |
| | : | തെക്ക്, പമ്പാ നദി. |
| | : | കിഴക്ക്, റാന്നി, അങ്ങാടി പഞ്ചായത്തുകൾ |
| | : | പടിഞ്ഞാറ്, തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് |
| ജനസംഖ്യ | : | 22271 (1991) |
| പുരുഷന്മാർ | : | 11101 |
| സ്ത്രീകൾ | : | 11170 |

| | | |
|---|---|---|
| **പ്രസിഡന്റ്** | : | **ആനിമത്ത്യു.** |
| **വൈസ് പ്രസിഡന്റ്** | : | **കോശി ചാക്കോ** |
| **സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ** | : | **വർഗീസ് ഫിലിപ്പ്. (മോനായി)** |

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാനസ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | വാർഡ് | സ്ഥിതി ചെയ്യുന്ന സ്ഥലം | ടെലി. നമ്പർ. |
|---|---|---|---|---|
| 1. | പഞ്ചായത്ത് ആഫീസ് | 4 | ചെറുകോൽപ്പുഴ | 530226 |
| 2. | കൃഷിഭവൻ | 6 | കാഞ്ഞീറ്റുകര | |
| 3. | ക്യാമ്പ് മൃഗാശുപത്രി | 4 | ചെറുകോൽപ്പുഴ | |
| 4. | ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് | 4 | ചെറുകോൽപ്പുഴ | 530249 |
| 5. | വില്ലേജ് ആഫീസ് | 4 | ചെറുകോൽപ്പുഴ | |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ആഫീസ് | 4 | ചെറുകോൽപ്പുഴ | |
| 7. | പോസ്റ്റ് ആഫീസ് (അയിരൂർ നോർത്ത്) | 5 | ഞൂഴൂർ | 530230 |
| 8. | പോസ്റ്റ് ആഫീസ് (അയിരൂർ സൗത്ത്) | 4 | ചെറുകോൽപ്പുഴ | 530223 |
| 9. | പോസ്റ്റ് ആഫീസ് (തടിയൂർ) | 10 | തടിയൂർ | 673223 |
| 10. | പോസ്റ്റ് ആഫീസ് (കോറ്റാത്തൂർ) | 3 | മതാപ്പാറ | 530244 |
| 11. | ടെലിഫോൺ എക്സ്ചേഞ്ച് | 4 | ചെറുകോൽപ്പുഴ | 530298 |
| 12. | ജില്ലാ സഹകരണ ബാങ്ക് | 4 | ചെറുകോൽപ്പുഴ | 530245 |
| 13. | ഇൻഡ്യൻ ഓവർസീസ് ബാങ്ക് | 4 | ചെറുകോൽപ്പുഴ | 530247 |
| 14. | വില്ലജ് സർവ്വീസ് സഹകരണ ബാങ്ക് | 4 | ചെറുകോൽപ്പുഴ | 530212 |
| 15. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 4 | ചെറുകോൽപ്പുഴ | 530227 |
| 16. | ജില്ലാ അയ്യൂർവേദ ആശുപത്രി | 4 | ചെറുകോൽപ്പുഴ | |
| 17. | സർവ്വീസ് സഹകരണ സംഘം (വളംഡിപ്പോ) | 2 | കൈതക്കോടി. | |
| 18. | ഫെഡറൽ ബാങ്ക് | 3 | കോറ്റാത്തൂർ | 530362 |
| 19. | പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബ് | 4 | ചെറുകോൽപ്പുഴ | |
| 20. | പ്രാഥമിക ആരോഗ്യകേന്ദ്രം | 6 | കാഞ്ഞീറ്റുകര | |
| 21. | നാട്യഭാരതി കഥകളി വിദ്യാലയം | 7 | പുത്തേഴം | 530455 |

| | | | | |
|---|---|---|---|---|
| 22. | ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം | 4 | വാളംപടി | |
| 23. | സർവ്വീസ് സഹകരണ സംഘം (വളം ഡിപ്പോ) | 7 | പുത്തേഴം | |
| 24. | കർമ്മേൽ അഗതി മന്ദിരം | 9 | വെള്ളിയറ | 673247 |
| 25. | അയിരൂർ വൈ. എം. സി. എ. | 4 | വാളൻപടി | |
| 26. | സർവ്വീസ് സഹകരണ ബാങ്ക് (ബ്രാഞ്ച്) | 9 | വെളിയറ | |
| 27. | ഹിന്ദുമത മഹാമണ്ഡലം, അയിരൂർ | 4 | ചെറുകോൽപ്പുഴ | |
| 28. | തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 10 | തടിയൂർ | 673235 |
| 29. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 10 | തടിയൂർ | 673229 |
| 30. | ക്ഷീര സഹകരണ സംഘം | 10 | തടിയൂർ | |
| 31. | ബ്രാഞ്ച് പോസ്റ്റ് ആഫീസ് | 7 | കാഞ്ഞിറ്റുകര | |
| 32. | ബ്രാഞ്ച് പോസ്റ്റ് ആഫീസ് | 1 | ഇടപ്പാവൂർ | |
| 33. | ബ്രാഞ്ച് പോസ്റ്റ് ആഫീസ് | 2 | കൈതകോടി | |
| 34. | ബ്രാഞ്ച് പോസ്റ്റ് ആഫീസ് | 9 | പ്ലാങ്കമൺ | |
| 35. | P.H. സബ് സെന്റർ, | 8 | പ്ലാങ്കമൺ | |
| 36. | ഗവ. മൃഗാശുപത്രി, അയിരൂർ | 3 | തേക്കുങ്കൽ | |
| 37. | ഗവ. ഹോമിയോ ആശുപത്രി | 1 | ഇടപ്പാവൂർ | |
| 38. | ക്ഷീര വികസന യൂണിറ്റ് | 7 | പുത്തേഴം | |
| | വിദ്യാലയങ്ങൾ (ഹൈസ്കൂളുകൾ) | | | |
| 39. | എൻ. എസ്. എസ്. ഹൈസ്കുൾ | 10 | തടിയൂർ | |
| 40. | എസ്. എൻ. ഡി. പി. ഹൈസ്കുൾ | 7 | പുത്തേഴം | |
| 41. | എം. റ്റി. ഹൈസ്കുൾ | 3 | മതാപ്പാറ | |
| 42. | ഗവ. ഹൈസ്കുൾ | 4 | രാമേശ്വരം | |
| 43. | തിരുവല്ലാ ഈസ്റ്റ് കോ-ഓപ്പറ്റേീവ് ബാങ്ക്, | 9 | പ്ളാകമൺ | 673246 |
| 44. | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, | 8 | പ്ളാകമൺ | 673242 |
| 45 | മദ്ധ്യതിരുവിതാംകൂർ ആയൂർവ്വേദ സഹകരണ സംഘം | 4 | അയുർവ്വേദ ആശുപത്രി ജംഗ്ഷൻ | |

# അയിരൂർ സാമൂഹ്യ - സാംസ്ക്കാരിക ചരിത്രം

## 3

ദക്ഷിണ ഗംഗയെന്നു വിശേഷിപ്പിക്കുന്ന പരിപാവനമായ പമ്പയുടെ തീരത്താണ് അയിരൂർ ഗ്രാമം. മാതംഗ മഹർഷിയുടെ ഭക്തയായ നീലി എന്ന കന്യക ഒരിക്കൽ ശ്രീരാമചന്ദ്രനെ അർഘപാദ്യാദികൾ നൽകി ഉപചരിച്ച് സന്തുഷ്ടനാക്കി. ഇതിൽ സംപ്രീതനായ ഭഗവാൻ അവൾക്കു മോക്ഷം നൽകി പമ്പാ നദിയാക്കി മാറ്റി എന്നാണ് ഐതിഹ്യം.

ക്രിസ്ത്വാബ്ദത്തിന്റെ ആദ്യശതകങ്ങളിൽ തമിഴകത്തിൽപ്പെട്ട ഒരു രാജ്യമായിരുന്നു അയിരൂർ. അയിരൂർ ശ്രീമൂലപുരം സ്കൂൾ പരിസരത്ത് കണ്ടെത്തിയ അവശിഷ്ടങ്ങളിൽ നിന്നും ഈ സംസ്ക്കാരത്തിന്റെ കാലം ബി.സി. 400 നും 70 നും ഇടയ്ക്കാണ്ന്ന മനസ്സിലാക്കിയിട്ടുണ്ട്. എ.ഡി. 974-ലെ ശ്രീവല്ലഭൻ കോതയുടെ കാലത്തെ മാമ്പള്ളിശാസനത്തിൽ അയിരൂരിനെപ്പറ്റി പരാമർശമുണ്ട്.

കേരളത്തെ വേണാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, കർക്കനാട് എന്ന് അഞ്ചു നാടുകളായി അന്നു തിരിച്ചിരുന്നു. അതിൽ കുട്ടനാട്ടിൽപ്പെട്ട ഒരു ഭാഗമായിരുന്നു അയിരൂർ. ഒരു താലൂക്കിന്റെ വിസ്തൃതി ഈ ഗ്രാമത്തിനുണ്ടായിരുന്നു. കാർത്തിക തിരുനാൾ മഹാരാജാവിന്റെ കാലത്തു നടന്ന റവന്യു പരിഷ്ക്കാരത്തിൽ തിരുവിതാംകൂറിനെ തെക്കുമുഖം, മധ്യമുഖം, വടക്കുമുഖം എന്നിങ്ങനെ വിഭജിച്ച് മണ്ഡപത്തും വാതുക്കൽ പ്രവൃത്തിയെന്ന് തിരിച്ചിരുന്നു. ആ കൂട്ടത്തിൽ ഈ ഗ്രാമം തിരുവല്ലാ മണ്ഡപത്തും വാതുക്കൽ ആറന്മുള ക്ഷേത്രത്തിന്റെ കിഴക്കേ നട മുതൽ കിഴക്ക് റാന്നി വരെയും വടക്ക് എഴുമറ്റൂരും, തെക്ക് ഇലന്തൂരും പ്രവൃത്തികൾക്കുള്ളിൽപ്പെട്ട ഒരു പ്രവൃത്തിയായിത്തീർന്നു. മാർത്താണ്ഡവർമ്മയുടെ കാലത്ത് രാമയ്യൻ ദളവ. ഈ പ്രദേശങ്ങളെ വേണാടിനോട് ചേർത്തപ്പോളാണ് അയിരൂർ ദേശത്തിന് അയിരൂർ പ്രവൃത്തി എന്ന പേരു വന്നത്. വീണ്ടും നടന്ന റവന്യു പരിഷ്ക്കരണത്തിൽ ഈ പ്രവൃത്തി മല്ലപ്പുഴശ്ശേരി, ചെറുകോൽ, അയിരൂർ എന്നിങ്ങനെ മൂന്നു പകുതികളായിത്തീർന്നു. പിൽക്കാലത്ത് ഈ പ്രദേശം അയിരൂർ, കോറ്റാത്തൂർ, കൈതക്കോടി, മൂക്കന്നൂർ, ഇടപ്പാവൂർ, പേരൂർ, കാഞ്ഞീറ്റുകര, വാക്ക, തടിയൂർ, ഞൂഴൂർ എന്നീ പേരുകളിൽ പതിനൊന്നു കരകളായിത്തീർന്നു.

മൂത്തേടത്തു മഠം, അയിരൂർ മഠം എന്ന പേരിൽ ജന്മിമാരായ രണ്ടു ബ്രാഹ്മണ കുടുംബങ്ങൾ ഇവിടെ പാർത്തിരുന്നു. ഇതിൽ മൂത്തേടത്തു മഠത്തിലെ ഒരു തമ്പുരാൻ ഇഷ്ടദേവനായി ശബരിമല ശാസ്താവിനെ ആണ്ടുതോറും പോയി ദർശനം നടത്തുക പതിവായിരുന്നു. വാർദ്ധക്യക്ഷീണം നിമിത്തം ശബരിമല യാത്ര ബുദ്ധിമുട്ടായതിനെ തുടർന്നു അയ്യന്റെ അരുളപ്പാടനുസരിച്ച് പൊൻമലയുടെ വടക്കു കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു കുന്നിൻ പ്രദേശത്ത് തമ്പുരാൻ ഒരു ക്ഷേത്രം പണിത് അയ്യപ്പനെ പ്രതിഷ്ഠിച്ചു. അതാണ് പ്രസിദ്ധമായ പുത്തൻ ശബരിമല ക്ഷേത്രം.

അയ്യൻ വന്ന് ഇരുന്ന സ്ഥലമായതിനാൽ ഈ ഗ്രാമത്തിന് "അയ്യൻ ഊര് " എന്നായി. അതാണത്രേ പിൽക്കാലത്ത് അയിരൂർ എന്നായി മാറിയത്.

തെക്കും കൂർ രാജവംശത്തിൽപ്പെട്ട ഒരു യുവ രാജാവ് കുടുംബസമേതം ഇവിടെ വന്നു താമസ്സിച്ചിരുന്നു. അവർ താമസിച്ചിരുന്ന സ്ഥലത്തിന് ഇന്നും കോയിക്കൽ എന്നു പറഞ്ഞുവരുന്നു. തമ്പുരാനുശേഷം പിൻ തലമുറക്കാർ " കോവിലന്മാർ " എന്ന പേരിൽ ഈ പ്രദേശത്തെ നാടുവാഴികളായിത്തീർന്നു. ചെറുകോൽപ്പുഴ മുതൽ രാമേശ്വരം വരെ മൺകോട്ടതീർത്ത് ഇവർ അയിരൂർ ദേശത്തെ മുടിചൂടാമന്നന്മാരായി. ഇന്ന് ചെറുകോൽപ്പുഴക്കു വടക്കുകാണുന്ന പ്രദേശങ്ങളിൽ കൂടി ഒരു കാലത്ത് പമ്പാ നദിയുടെ ഒരു ചെറുശാഖ ഒഴുകിയിരുന്നു പിൽക്കാലത്ത് ആ ഭാഗം കരയായിത്തീർന്ന് ചെറുകോൽ പ്പുഴ എന്ന പേർ വന്നു. കോവിലന്മാർ കോട്ടപണിയുന്നതിന് കളിമണ്ണ് എടുത്ത സ്ഥലത്തിന് " കോട്ടക്കുഴി "എന്നും പേർ വന്നു. കോവിലന്മാരുടെ മാതാവിന്റെസ്വദേശം കൊടുങ്ങല്ലൂരാകയാൽ കൊടുങ്ങല്ലൂർ ഭഗവതിയെ അയിരൂരിലും പ്രതിഷ്ഠിച്ച് ആരാധിക്കണമെന്ന തീരുമാനത്തിൽ പോയി ദേവാര ബിംബത്തിലാവഹിച്ച് അയിരൂരിൽ പ്രതിഷ്ഠിച്ചു. അതാണ് അയിരൂർ പുതിയകാവ് എന്ന പേരിൽ പ്രസിദ്ധമായ ദേവീക്ഷേത്രം.

തിരുവാറന്മുളയപ്പനെ തിരുവോണമൂട്ടുന്ന കാട്ടൂർ മഠത്തിലെ മങ്ങാട്ടു ഭട്ടതിരിയുടെ പൂർവ്വഗേഹം അയിരൂർ ദേശത്തായിരുന്നു. ഊട്ടിനുള്ള വിഭവങ്ങൾ ഉത്രാടംനാൾ രാത്രി കാട്ടൂർ നിന്നും ഗരുഡാകൃതിയിലുള്ള തോണിയിലായിരുന്നു ആറന്മുളക്ക് കൊണ്ടു പോയിരുന്നത്. ഒരു വർഷം കോവിലന്മാരിൽ നിന്നും തിരുവോണത്തോണിക്ക് ഭീഷണി നേരിട്ടപ്പോൾ നാലുകരകൾക്കും നാഥനായിരുന്ന തോട്ടാവള്ളിൽകുറുപ്പ് തോണിക്ക് അകമ്പടി സേവിക്കാൻ അനന്തശയനാകൃതിയിൽ ചുണ്ടൻ വള്ളങ്ങൾ പണികഴിപ്പിച്ച് ആയോധന മല്ലന്മാരെ അയച്ചു. വള്ളങ്ങളിൽ പാടുവാൻ വഞ്ചിപ്പാട്ടുണ്ടാക്കി. പ്രസിദ്ധമായ ആറന്മുള്ള ഉത്തൃട്ടാതി വള്ളം കളിയുടെ പൂർവ്വപശ്ചാത്തലം ഈ സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

കോവിലന്മാരുടെ ഭരണകാലത്ത് തന്നെ ഇവിടെ ക്രൈസ്തവ കുടുംബങ്ങളുടെ കുടിയേറ്റം ആരംരഭിച്ചിരുന്നു.. തായില്ല്യം, അയ്യക്കാവ്, പറയൻകാവ്, ഐവേലി, പകലോമറ്റു താഴമൺ, നടുവില്ലം എടത്തിനേത്ത് മേലേടത്ത് തുടങ്ങിയ ക്രൈസ്തവകുടുംബങ്ങളും പുല്ലുവിഴ, കൊയ്പള്ളേത്ത്, പാലക്കത്തറ, പുതിയത്ത്, ചിറക്കുഴിയിൽ തുടങ്ങിയ ഹൈന്ദവഭവനങ്ങളും മത മാത്സര്യമില്ലാതെ ഇവിടെ കഴിഞ്ഞിരുന്നു. ക്രൈസ്തവർക്ക് ആറ്റിൻ കരയിൽ കരമൊഴിവായി ഭൂമി നൽകി അവിടെ പാർക്കാൻ കോവിലന്മാർ അനുവാദം കൊടുത്തത് മതമൈത്രിയുടെ ഉത്തമ ദൃഷ്ടാന്തമാണ്. കോവിലന്മാരുടെ ഭരണത്തിനു തിരശ്ശീല വീണ ആറന്മുള യുദ്ധത്തിൽ രാമയ്യൻ ദളവക്കെതിരെ പടനീക്കുവാൻ കോവിലന്മാരുടെ വലം കൈയ്യായി പ്രവർത്തിച്ചത് ഇന്നാട്ടിലെ ക്രൈസ്തവരായിരുന്നു. കുംഭമാസത്തിലെ രേവതി നാളിൽ ആഘോഷിച്ചിരുന്ന അയിരൂർ പുതിയകാവ് ദേവീ ക്ഷേത്രത്തിലെ പടയണി മഹോത്സവത്തിനും ക്രൈസ്തവരുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

മർത്തോമാസഭസ്ഥാപകനായ പാലക്കുന്നത്തു എബ്രഹാം മല്പാൻ 1834-ൽ അയിരൂരിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയത്തിന് കൂദാശ നടത്തി. സെന്റെ ബഹനാൻസ് ഓർത്തഡോക്സ് പഴയപള്ളി എന്ന പേരിൽ ചെറുകോൽപ്പുഴ - കോഴഞ്ചേരി റൂട്ടിൽ ഈ ദേവാലയം സ്ഥിതി ചെയ്യുന്നു. കേരള ചരിത്രത്തിലാദ്യമായി പുലയന് ദേവസ്ഥാനം കല്പിച്ച

സാമൂഹ്യ വിപ്ലവം ഈ ഗ്രാമത്തിന്റെ പുരാവൃത്തത്തിലുണ്ട്. നാനാത്വത്തിൽ ഏകത്വം തീർത്ത ഈ പാലൻ പുലയൻ ക്ഷേത്രം ഈ പഞ്ചായത്തിലെ ആറാം വാർഡിൽപ്പെട്ട കാഞ്ഞീറ്റുകരയിലാണ്. കോഴഞ്ചേരി മേലുകര ചിറ്റേടത്തു കുടുംബം വകയാണീ ക്ഷേത്രം.

1910-ൽ രൂപീകരിച്ച നായർ സമാജമാണ് പിൽക്കാലത്ത് പടർന്നു പന്തലിച്ച അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്ത്. തോട്ടാവള്ളിൽ നാരായണനാശാൻ, പുല്ലുവിഴ രാമപണിക്കർ, മണ്ണൂർ താഴത്തതിൽ നീലകണ്ഠപിള്ള വൈദ്യൻ എന്നിവരായിരുന്നു ഇതിന്റെ ആദ്യകാല സാരഥികൾ. മാർത്താണ്ഡവർമ്മ ഇളയരാജ, മന്നത്തു പത്മനാഭൻ, വി. വി. ഗിരി, ഡോക്ടർ നടരാജ ഗുരു, എൻ. എൻ. വാഞ്ചു, ആർ. ശങ്കർ, ജി. ശങ്കരകുറുപ്പ്, കെ. പി. കേശവമേനോൻ, എം. പി. മന്മഥൻ, വി. ബാലകൃഷ്ണഏറാടി, എം. കെ. കെ. നായർ തുടങ്ങിയ സാംസ്ക്കാരിക നായകന്മാർ ഈ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്.

1921-ൽ രൂപികരിച്ച 'മദ്ധ്യതിരുവിതാംകൂർ ആയൂർവേദ സഹകരണ സംഘ' ത്തിന്റെ ശ്രമഫലമായി സ്ഥാപിച്ചതാണ് ഇന്ന് പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ആയൂർവേദ ആശുപത്രി. 1980- ൽ ഇത് ജില്ലാ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തു കൊയ്പ്പള്ളേത്തു കുടുംബം ഇഷ്ടദാനമായി സർക്കാരിനു കൊടുത്ത എഴുപത്തിയഞ്ചു സെന്റെ സ്ഥലത്താണ് കാഞ്ഞീറ്റുകര പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. ചെറുകര സി.ജി. തോമ്മസ് (കമ്പിമാസ്റ്റർ), ചക്കാലേത്ത് കൃഷ്ണപിള്ള, മാന്നാക്കുഴിയിൽ ജോൺ, ചാക്കോ, വില്ലോത്ത് തോമസ്, കൊയ്പള്ളേത്ത് പരമേശ്വരൻ പിള്ള, വൈയ്ക്കത്തേത്ത് കേശവപിള്ള, കെ. റ്റി. മാത്യു തുടങ്ങിയവരുടെ ശ്രമഫലമായാണ് ഈ സ്ഥാപനം രൂപീകരിച്ചത്.

അക്ഷര ലോകത്തേക്ക് അയിരൂർ നിവാസികളുടെ അകക്കണ്ണു തുറപ്പിച്ചത് 1930- ൽ സ്ഥാപിച്ച ശ്രീസുബ്രഹമണ്യ വിലാസം ഗ്രന്ഥശാലയാണ്. ഗ്രന്ഥശാലയുടെ സ്ഥാപകൻ പനച്ചിക്കൽ വീട്ടിൽ രാമൻപിള്ള സാറിനെ നനഞ്ഞ മിഴികളോട് മാത്രമേ അയിരൂർ നിവാസികൾക്കു ഓർക്കുവാൻ കഴിയു. കേരള സാഹിത്യ അക്കാഡമി അവാർഡു നേടിയ " ഭാഷാകല്പദ്രുമം" ഉൾപ്പെടെ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണദ്ദേഹം. അശരണർക്കം ആലംബഹീനർക്കും ഒരത്താണിയായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഒൻപതാം വാർഡിൽ സ്ഥിതിചെയ്യുന്ന കർമ്മേൽ അഗതി മന്ദിരം. 1953- ൽ സ്ഥാപിച്ച ഈ അഭയ കേന്ദ്രത്തിൽ നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുമായി 183 അന്തേവാസ്സികളുണ്ട്. മർത്തോമസഭയിലെ സുവിശേഷപ്രസംഗ സംഘത്തിന്റെ കീഴിലുള്ള ഏറ്റവും വലിയ ആതുര ശുശ്രൂഷാകേന്ദ്രമാണിത്.

ക്ലാസ്സിക്കൽ കലയായ കഥകളിയുടെ വളർച്ചയ്ക്ക് ഈ ഗ്രാമത്തിന്റെ സംഭാവന ഏറെയുണ്ട്. പഞ്ചായത്തിലെ ഏഴാം വാർഡിൽപ്പെട്ട പുത്തേഴുത്ത് 1920- ൽ കഥകളി കളരി സ്ഥാപിച്ചിരുന്നു. ഇടവേലിൽ ആശാൻ, സ്രാമ്പിക്കൽ നാരായണൻ നായർ, ചങ്ങനാശ്ശേരി പരമേശ്വരപ്പണിക്കർ, പള്ളം മാധവൻ തുടങ്ങിയ ആശാന്മാർ ഇവിടെ താമസിച്ച് കുട്ടികളെ കഥകളി അഭ്യസിപ്പിച്ചിരുന്നു. കാലത്തിന്റെ നീരൊഴുക്കിൽപെടാതെ ഈ കലയെ ഇന്നും ഈ ഗ്രാമം പരിരക്ഷിക്കുന്നു.

സർക്കാർ പൊന്നും വിലയെക്കടുത്തു 1925- ൽ പൂർത്തിയാക്കിയ ചെറുകോൽപ്പുഴ - പൂവന കടവ് റോഡാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡ്. തുടർന്നു മല്പാനച്ചൻ, തോട്ടാവള്ളിലാശാൻ എന്നീ മഹത്തുകളുടെ ശ്രമഫലമായി ചെറുകോൽപ്പുഴ - റാന്നി, ചെറുകോൽപ്പുഴ - തടിയൂർ (മല്പാൻ),

കാഞ്ഞീറ്റുകര - തടിയൂർ (ആശാൻ) തുടങ്ങിയ പല റോഡുകളും നിർമ്മിച്ചു. ചെറുകോൽപ്പുഴ - പൂവനകടവ് റൂട്ടിലാണ് ആദ്യത്തെ ബസ് സർവ്വീസ് ആരംഭിച്ചത്. ആലപ്പുഴയുമായി ഒരു കാലത്ത് അയിരൂർ നിവാസികൾ ചരക്കുഗതാഗതം നടത്തിയിരുന്നത് ജല മാർഗ്ഗമായിരുന്നു. ചരക്കുവള്ളങ്ങളും കമ്പനിവള്ളങ്ങളും ചെറുകോൽപ്പുഴ കടവിൽ നങ്കുരമിട്ടിരുന്നു. 1990 - ൽ ചെറുകോൽപ്പുഴ പാലം ഉദ്ഘാടനം ചെയ്തതോടുകൂടി ജില്ലാ കേന്ദ്രത്തിലേക്കുള്ള ദൂരം ഗണ്യമായികുറഞ്ഞു. ഗതാഗത വികസനത്തിന് നാഴികക്കല്ലാകാൻ പോകുന്ന പേരൂർച്ചാൽ - കീക്കോഴൂർ പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

1871- ൽ ചെറുകോൽപ്പുഴയിൽ പെൺകുട്ടികൾക്കു വേണ്ടി സർക്കാർ സ്ക്കൂൾ സ്ഥാപിച്ചാണ് അയിരൂരിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. ഇതേ വർഷം തന്നെ ആൺകുട്ടികൾക്കു വേണ്ടി രാമേശ്വരത്ത് സ്കൂൾ സ്ഥാപിച്ചു. തുടർന്നു ശ്രീമൂലപുരം, കാഞ്ഞിറ്റുകര എന്നീ സ്ഥലങ്ങൾളിൽ സർക്കാർ പ്രൈമറി സ്ക്കൂളും സ്ഥാപിച്ചു. പിന്നിട് എൻ. എസ്. എസ്. ഹൈസ്ക്കുൾ തടിയൂർ, എം. റ്റി. ഹൈസ്ക്കുൾ അയിരൂർ, എസ്. എൻ. ഡി. പി. ഹൈസ്ക്കുൾ കാഞ്ഞീറ്റുകര എന്നീ വിദ്യാലയങ്ങളും സ്ഥാപിച്ചു. മുതമുത്തശ്ശിയായ അയിരൂർ ഗവ. എൽ. പി. സ്ക്കുളിനും (പെൺപള്ളിക്കുടം), ശ്രീമൂലപുരം എൽ. പി. സ്ക്കുളിനും സ്ഥലം നൽകിയതു കയ്പ്പിലാലിൽ കുടുംബമാണ്.

1915-16-കാലഘട്ടത്തിൽ അഞ്ചലോട്ടക്കാരന്റെ മണി ഈ ഗ്രാമത്തിൽ മുഴങ്ങിയതോടെ തപാൽ പ്രവർത്തനത്തിന് ആരംഭം കുറിച്ചു. കുടയും കുന്തവുമായി പോകുന്ന അഞ്ചലോട്ടക്കാരൻ ചിലരുടെയെങ്കിലും സ്മൃതിപഥത്തിലുണ്ട്. 1951-ൽ ഈ ഗ്രാമത്തിൽ വൈദ്യുതി എത്തി. 90 - 92 ലാണ് പഞ്ചായത്തിന്റെ മിക്കഭാഗത്തും വൈദ്യുതി എത്തിയത്. ഒരു ടെലിഫോൺ എക്സ്ചേഞ്ച് ഇന്നു പഞ്ചായത്ത് അതിർത്തിയിലുണ്ട്. ഈ ഗ്രാമം അരനുറ്റാണ്ടു കാലത്തോളം സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയിരുന്നു. മുസ്ലീം സമുദായത്തിന്റെ ഒരു വീടുപോലും ഈ പഞ്ചായത്തിലില്ലെന്നുള്ളതും ഒരു പ്രത്യേകതയാണ്.

ഈ ഗ്രാമം സംഭാവന ചെയ്ത പ്രഗത്ഭമതികൾ നിരവധിയാണ്. ചെറുകര കുടുംബത്തിൽപ്പെട്ട അഭിവന്ദ്യ ഡോ. യൂഹനോൻമർത്തോമ്മവലിയമെത്രാപ്പോലീത്ത തിരുമേനി, കുരുടാമണ്ണിൽ കുടുംബത്തിൽപ്പെട്ട അഭിവന്ദ്യ മാത്യൂസ് മാർ അത്താനാഷ്യേസ് തിരുമേനി, മദ്ധ്യ കേരള മഹായിടവക ബിഷപ്പ് തേവറോലിൽ റ്റി.എസ്. ജോസഫ്, മലങ്കരഓർത്തഡോകസ് സഭാ വൈദിക ട്രസ്റ്റിയായിരുന്ന തെങ്ങും തോട്ടത്തിൽ റ്റി. എസ്. എബ്രാഹാം കോർഎപ്പിസേക്കാപ്പ എന്നീ മഹൽ വ്യക്തികളുടെ സേവനം വിസ്മരിക്കത്തക്കതല്ല. നിരവധി കലാ പ്രതിഭാധനന്മാർക്ക് ജന്മം നൽകിയതാണീ ഗ്രാമം. സിനിമാ നടൻ തിലകൻ, ചലച്ചിത്ര - നാടക പിന്നണി ഗായകൻ അയിരൂർ സദാശിവൻ, വഞ്ചിപാട്ടിന്റെ ആചാര്യൻ അയിരൂർ വാസുദേവക്കുറുപ്പ്, മൃദംഗവിദ്വാൻ അയിരൂർ ഗോപാലപിള്ള, മലയാളം ചുരുക്കെഴുത്തു കണ്ടുപിടിച്ച പി. സി. ചാക്കോ, സിവിൽ സർവ്വീസിലേക്കു തിരഞ്ഞെടുത്ത സഹോദരന്മാരായ തോട്ടുവേലിൽ അയ്യപ്പൻ കുട്ടി നായർ, കൃഷ്ണൻ കുട്ടി നായർ, തിരുവിതാകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് റ്റി. എൻ. ഉപേന്ദ്രനാഥക്കുറുപ്പ് എന്നിവരും ഈ ഗ്രാമത്തിന്റെ സന്തതികളാണ്. കൂടാതെ ഐ.എൻ.എ. ഭടന്മാരായിരുന്ന ചാക്കോവർഗീസ് ഊളക്കാവിൽ, റ്റി. സി. ചെറിയാൻ

തെക്കേമുറിയിൽ, കെ.എം. മാമ്മൻ കണിയാറോലിൽ തുടങ്ങി നിരവധി പേർക്കും ജന്മം നൽകിയതാണീ ഗ്രാമം.

അയിരൂർ എൻ. എസ്. എസ്. പ്രാദേശികയൂണിയൻ സൗജന്യമായി നൽകിയ സ്ഥലത്താണ് ഈ പഞ്ചായത്ത് കെട്ടിടം സ്ഥാപിച്ചത്. 1934- ൽ നിലവിൽ വന്ന ആദ്യത്തെ ഭരണ സമിതിയിൽ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചിരുന്നത് റാവുസാഹിബ് ഡോ. സി. എം. ഫിലിപ്പായിരുന്നു. തുടർന്നു സർവ്വശ്രീ. കെ.എം. ജോർജ്, റ്റി. എൻ. കുഞ്ഞുണ്ണിക്കുറുപ്പ്, എൻ. പി. എബ്രഹാം, വാറോത്ത് കുട്ടൻപിള്ള, റ്റി. എൻ. ഉപേന്ദ്രനാഥക്കുറുപ്പ്, പ്രൊഫ. കെ.ജി. ജോർജ്, എം. പി. ഗോപാലൻ നായർ, പ്രൊഫ. കെ. എ. മാത്യു എന്നിവർ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1995 ഒക്ടോബർ രണ്ടിന് ആനിമാത്യുവിന്റെ നേതൃത്വത്തിൽ അധികാരമേറ്റു. വനിതകൾക്കായി സംവരണം ചെയ്ത നാല് വാർഡുകൾ ഉൾപ്പെടെ പത്തു വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. അംഗങ്ങൾ. 1. വത്സലകുമാരി, 2. എം.എൻ.ശിവശങ്കരപ്പിള്ള, 3. ഗ്രേസി തോമസ്, 4. മാമ്മൻ ജോൺ, 5. വിക്രമൻ നാരായണൻ, 6. കോശി ചാക്കോ, 7. ശ്രീജാ വിമൽകുമാർ, 8. ആനി മാത്യു, 9. അന്നമ്മ വർഗീസ്, 10. വർഗീസ് ഫിലിപ്പ്.

ഇപ്പോഴുള്ള പഞ്ചായത്തു കെട്ടിടം 1957- ൽ ഉദ്ഘാടനം ചെയ്തു. ഇതിനോട് ചേർന്ന് മുൻഭരണസമിതിയുടെ കാലത്ത് ഒരു കമ്മ്യൂണിറ്റിഹാൾ പണിതു. ഈ കെട്ടിടത്തിൽ തന്നെ വില്ലേജ് എക്സ്റ്റെൻഷൻ ആഫീസറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു.



**അത്യപൂർവ്വം** : കേരളത്തിൽ ഹരിജനെ പ്രതിഷ്ഠിച്ചിരിക്കുന്ന ഏക ക്ഷേത്രം (കാഞ്ഞീറ്റുകര ആറാം വാർഡ്)

# ഭൂപ്രകൃതിയും, വിഭവങ്ങളും 4

പത്തനംതിട്ട ജില്ലയുടെ വടക്കുഭാഗത്തായി 26.5 ച.കി.മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന ഭൂപ്രദേശമാണ് അയിരൂർ പഞ്ചായത്ത്. കാലാവസ്ഥാടിസ്ഥാനത്തിലുള്ള വിവിധ കാർഷികമേഖലകളായി കേരളത്തെ തരംതിരിച്ചിട്ടുള്ളതിൽ ഉഷ്ണകാലാവസ്ഥയുള്ള പ്രദേശമാണ് അയിരൂർ. പഞ്ചായത്തിന്റെ തെക്ക് ഭാഗത്തുകൂടി കിഴക്കുപടിഞ്ഞാറായി പമ്പാ നദി ഒഴുകുന്നു. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രാദേശവും തെക്കോട്ട് ചരിഞ്ഞു കിടക്കുന്നു. വളരെകുറച്ച് ഭാഗം വടക്കോട്ടും ചരിഞ്ഞു കിടക്കുന്നു. തോടുകളിൽ ഭൂരിഭാഗവും ഒഴുകി പമ്പാനദിയിൽ ചേരുന്നു. മറ്റ് ചില തോടുകൾ വടക്കോട്ടൊഴുകി മണിമലയാറ്റിലും ചേരുന്നു.

### ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

1. കുന്നുകൾ
2. ചരിവുകൾ
3. താഴ്‌വര

### കുന്നുകൾ

സമുദ്ര നിരപ്പിൽ നിന്നും എകദേശം 150 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന മാന്നാക്കുഴി മലയാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. ചരൽ ചേരുവയുള്ള ചെമ്മണ്ണാണ് ഈ പ്രദേശത്ത് കൂടുതലായി കാണപ്പെടുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ഇല്ല. മണ്ണൊലിപ്പ് ഈ പ്രദേശത്ത് കൂടുതലാണ്. ഈ പഞ്ചായത്തിലെ കുന്നുകൾ പുത്തൻ ശബരിമല, പുത്തേഴം, മലങ്കോട്ട, പുറംപാറ, പന്നിക്കുന്ന്, വട്ടമല, ഞുണ്ണന്താ, എന്നിവയാണ്.

### ചരിവുകൾ :-

ഈ പ്രദേശങ്ങളിൽ ചിലത് താഴ്‌വരകളുമായി ബന്ധിക്കുന്നവയാണ്. റബ്ബർ, കശുമാവ്, തെങ്ങ് എന്നിവയാണ് പ്രധാനകൃഷികൾ.

### താഴ്‌വാരങ്ങൾ :-

ഈ പ്രദേശങ്ങൾ എക്കൽ കലർന്ന പശയുള്ള മണ്ണാണ്. പ്രധാനമായും ഇവിടെ കാണുന്നത് മഴവെള്ളം ശേഖരിക്കുന്ന ഭൂവിവഭാഗമായതിനാൽ ജലലഭ്യത കുടുതാലാണ്. പ്രധാന കൃഷി വാഴ, നെല്ല്, മരച്ചീനി എന്നിവയാണ്. ഈ പ്രദേശത്ത് മണ്ണൊലിപ്പ് കുറവാണ്.

### ജലപ്രകൃതി :-

വർഷത്തിൽ ശകാശരി 2815.5 മി.മീ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ആണ് ഏറ്റവും കുടുതൽ മഴ ലഭിക്കുന്നത്. മഴയുടെ ലഭ്യത ഏറ്റവും കുറയുന്നത് ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. ജലക്ഷാമം ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. എപ്രിൽ, മെയ് മാസങ്ങളിലാണ്. ജലക്ഷാമം അനുഭവപ്പെട്ടുന്നത്.

താപനില :-

പൊതുവെ താപനില ഉയർന്ന പ്രദേശമാണ് അയിരൂർ.

പ്രതിമാസ ശരാശരി താപനില (M 90-94)

| ക്രമ നമ്പർ | മാസം | ഉയർന്ന താപനില | താഴ്ന്ന താപനില | ശരാശരി താപനില |
|---|---|---|---|---|
| 1 | ജനുവരി | 33.8 | 8.19 | 26.4 |
| 2 | ഫെബ്രുവരി | 36.5 | 21.8 | 29.15 |
| 3 | മാർച്ച് | 37.3 | 21.9 | 29.6 |
| 4 | ഏപ്രിൽ | 36.5 | 23.8 | 30.15 |
| 5 | മെയ് | 32.6 | 22.8 | 27.7 |
| 6 | ജൂൺ | 29.8 | 23.1 | 26.45 |
| 7 | ജൂലൈ | 28.6 | 22.7 | 26.8 |
| 8 | അഗസ്റ്റ് | 30.8 | 22.8 | 27.1 |
| 9 | സെപ്റ്റംബർ | 31.6 | 22.6 | 27.0 |
| 10 | ഒക്റ്റോബർ | 30.8 | 22.5 | 26.65 |
| 11 | നവംബർ | 31.6 | 24.5 | 28.05 |
| 12 | ഡിസംബർ | 31.6 | 21.9 | 26.75 |

ജനപ്രകൃതി

1991ലെ സെൻസ്സ് പ്രകാരം അയിരൂർ പഞ്ചായത്തിലെ ജനസംഖ്യ 22271 അണ്. ഇതിൽ 11101 പുരുഷൻമരും 11170 സ്ത്രികളും ഉൾപ്പെടുന്നു. പഞ്ചായത്തിൽ ആകെ 6005 വീടുകൾ നിലവിൽ ഉണ്ട്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം നേടുവാനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ അനിവാര്യമാണ് പഞ്ചായത്തിൽ തൊഴിലില്ലായ്മ പ്രശ്നം കുടുതലായി അഭിമുഖീകരിക്കേണ്ടിവരുന്നത് പുരുഷന്മാർക്കാണ്.



# കൃഷിയും, ജലസേചനവും

5 (1)

അയിരൂർ പഞ്ചായത്ത് പുരാതന കാലം മുതലേ കൃഷിയുടേയും, കൃഷിക്കാരുടേയും നാടായിരുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കളിൽ 65% ഇവിടെ തന്നെ ഉല്പാദിപ്പിച്ചിരുന്നു. കരയിലെ പ്രധാന കൃഷികൾ തെങ്ങ്, ഏത്തവാഴ, മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, പയറുവർഗ്ഗങ്ങൾ എന്നിവയായിരുന്നു. പാടശേഖരങ്ങളിൽ കൂടുതൽ ഭാഗത്തെ മുഖ്യ കൃഷി നെല്ലായിരുന്നു. കൂടാതെ രണ്ടാം വിളയായി പഞ്ഞിപ്പുല്ല്, എള്ള്, ചാമ എന്നിവയും കൃഷി ചെയ്തിരുന്നു. കഴിഞ്ഞ 20 വർഷമായി ഈ പഞ്ചായത്ത് പ്രദേശത്ത് നെൽകൃഷി താരതമ്യേന കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന്റെ കാരണങ്ങൾ കൂലിയിലുണ്ടായ വർദ്ധനവ്, രാസവളങ്ങളുടേയും, കീടനാശിനികളുടേയും വിലവർദ്ധനവ്, ഇറിഗേഷൻ കനാലിന്റെ ചോർച്ച, ചില സ്ഥലങ്ങളിൽ ജലസേചനത്തിന്റെ അഭാവം, പ്രകൃതിക്ഷോഭം മൂലം കൃഷികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, അത്യാധുനിക വിത്തുകളുടെ ലഭ്യതക്കുറവ്, നെല്ലിന്റെ വിലക്കുറവ്, കൂടാതെ കർഷക തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല എന്നതും ഒരു കാരണമാണ്. കരയിലെ പ്രധാന കൃഷിയായിരുന്നത് തെങ്ങാണ്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ, നാളികേരത്തിന്റെ വിലക്കുറവ് എന്നീ കാരണങ്ങളാൽ തെങ്ങ് കൃഷി ഇന്ന് കുറവാണ്. റബ്ബർ കൃഷി ആദായകരമായതിനാൽ പഞ്ചായത്തിന്റെ ഇപ്പോഴത്തെ നാണ്യവിള റബ്ബറാണ്. കൂടാതെ അനുകൂലമായ കാലാവസ്ഥയും, ഭൂപ്രകൃതിയും, വിപണനത്തിനുള്ള സൗകര്യങ്ങളും, ന്യായമായ വിലയും റബ്ബറിനെ മുഖ്യ നാണ്യവിള ആക്കുന്നതിന് സഹായിച്ചു. കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നിവയും പഞ്ചായത്തിലെ നാണ്യവിളകളിൽ പെടുന്നു.

### കാർഷിക ഭൂവിഭാഗങ്ങൾക്ക് വന്ന മാറ്റങ്ങൾ

| ഭൂവിഭാഗം | 1971 ലെ സെൻസസ് പ്രകാരം (ഹെക്ടർ) | 1991 ലെ സെൻസസ് പ്രകാരം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| നിലം | 129.06 | 110.13 | -വർദ്ധന / കുറവ് |
| കര | 2212.16 | 2270.42 | + |
| തരിശ് | 3.6 | 2.10 | - |

### വർഷത്തിൽ കൃഷിക്കാരുടെ എണ്ണത്തിൽ വന്ന മാറ്റങ്ങൾ

| | | 1971ലെ സെൻസസ് പ്രകാരം | 1991ലെ സെൻസസ് പ്രകാരം | കുഴവ് ശതമാനം |
|---|---|---|---|---|
| കൃഷി | പുരുഷൻമാർ | 4664 | 4064 | 12 |
| മുഖ്യ | സ്ത്രീകൾ | 2035 | 1863 | 8.45 |
| തൊഴിലാക്കിയ | ആകെ | 6699 | 5927 | 11.52 |

താപനില :-

പൊതുവെ താപനില ഉയർന്ന പ്രദേശമാണ് അയിരൂർ.

പ്രതിമാസ ശരാശരി താപനില (M 90-94)

| ക്രമ നമ്പർ | മാസം | ഉയർന്ന താപനില | താഴ്ന്ന താപനില | ശരാശരി താപനില |
|---|---|---|---|---|
| 1 | ജനുവരി | 33.8 | 8.19 | 26.4 |
| 2 | ഫെബ്രുവരി | 36.5 | 21.8 | 29.15 |
| 3 | മാർച്ച് | 37.3 | 21.9 | 29.6 |
| 4 | ഏപ്രിൽ | 36.5 | 23.8 | 30.15 |
| 5 | മെയ് | 32.6 | 22.8 | 27.7 |
| 6 | ജൂൺ | 29.8 | 23.1 | 26.45 |
| 7 | ജൂലൈ | 28.6 | 22.7 | 26.8 |
| 8 | അഗസ്റ്റ് | 30.8 | 22.8 | 27.1 |
| 9 | സെപ്റ്റംബർ | 31.6 | 22.6 | 27.0 |
| 10 | ഒക്റ്റോബർ | 30.8 | 22.5 | 26.65 |
| 11 | നവംബർ | 31.6 | 24.5 | 28.05 |
| 12 | ഡിസംബർ | 31.6 | 21.9 | 26.75 |

ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം അയിരൂർ പഞ്ചായത്തിലെ ജനസംഖ്യ 22271 അണ്. ഇതിൽ 11101 പുരുഷൻമരും 11170 സ്ത്രികളും ഉൾപ്പെടുന്നു. പഞ്ചായത്തിൽ ആകെ 6005 വീടുകൾ നിലവിൽ ഉണ്ട്. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം നേടുവാനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ അനിവാര്യമാണ് പഞ്ചായത്തിൽ തൊഴിലില്ലായ്മ പ്രശ്നം കുടുതലായി അഭിമുഖീകരിക്കേണ്ടിവരുന്നത് പുരുഷന്മാർക്കാണ്.



# കൃഷിയും, ജലസേചനവും

5 (1)

അയിരൂർ പഞ്ചായത്ത് പുരാതന കാലം മുതലേ കൃഷിയുടേയും, കൃഷിക്കാരുടേയും നാടായിരുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കളിൽ 65% ഇവിടെ തന്നെ ഉല്പാദിപ്പിച്ചിരുന്നു. കരയിലെ പ്രധാന കൃഷികൾ തെങ്ങ്, ഏത്തവാഴ, മരച്ചീനി, ചേമ്പ്, ചേന, കാച്ചിൽ, പയറുവർഗ്ഗങ്ങൾ എന്നിവയായിരുന്നു. പാടശേഖരങ്ങളിൽ കൂടുതൽ ഭാഗത്തെ മുഖ്യ കൃഷി നെല്ലായിരുന്നു. കൂടാതെ രണ്ടാം വിളയായി പഞ്ഞിപ്പുല്ല്, എള്ള്, ചാമ എന്നിവയും കൃഷി ചെയ്തിരുന്നു. കഴിഞ്ഞ 20 വർഷമായി ഈ പഞ്ചായത്ത് പ്രദേശത്ത് നെൽകൃഷി താരതമ്യേന കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന്റെ കാരണങ്ങൾ കൂലിയിലുണ്ടായ വർദ്ധനവ്, രാസവളങ്ങളുടേയും, കീടനാശിനികളുടേയും വിലവർദ്ധനവ്, ഇറിഗേഷൻ കനാലിന്റെ ചോർച്ച, ചില സ്ഥലങ്ങളിൽ ജലസേചനത്തിന്റെ അഭാവം, പ്രകൃതിക്ഷോഭം മൂലം കൃഷികൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, അത്യാധുനിക വിത്തുകളുടെ ലഭ്യതക്കുറവ്, നെല്ലിന്റെ വിലക്കുറവ്. കൂടാതെ കർഷക തൊഴിലാളികളെ വേണ്ടത്ര ലഭിക്കുന്നില്ല എന്നതും ഒരു കാരണമാണ്. കരയിലെ പ്രധാന കൃഷിയായിരുന്നത് തെങ്ങാണ്. തെങ്ങിനുണ്ടാകുന്ന രോഗങ്ങൾ, നാളികേരത്തിന്റെ വിലക്കുറവ് എന്നീ കാരണങ്ങളാൽ തെങ്ങ് കൃഷി ഇന്ന് കുറവാണ്. റബ്ബർ കൃഷി ആദായകരമായതിനാൽ പഞ്ചായത്തിന്റെ ഇപ്പോഴത്തെ നാണ്യവിള റബ്ബറാണ്. കൂടാതെ അനുകൂലമായ കാലാവസ്ഥയും, ഭൂപ്രകൃതിയും, വിപണനത്തിനുള്ള സൗകര്യങ്ങളും, ന്യായമായ വിലയും റബ്ബറിനെ മുഖ്യ നാണ്യവിള ആക്കുന്നതിന് സഹായിച്ചു. കുരുമുളക്, കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നിവയും പഞ്ചായത്തിലെ നാണ്യവിളകളിൽ പെടുന്നു.

### കാർഷിക ഭൂവിഭാഗങ്ങൾക്ക് വന്ന മാറ്റങ്ങൾ

| ഭൂവിഭാഗം | 1971 ലെ സെൻസസ് പ്രകാരം (ഹെക്ടർ) | 1991 ലെ സെൻസസ് പ്രകാരം (ഹെക്ടർ) | ശതമാനം |
|---|---|---|---|
| നിലം | 129.06 | 110.13 | -വർദ്ധന / കുറവ് |
| കര | 2212.16 | 2270.42 | + |
| തരിശ് | 3.6 | 2.10 | - |

### വർഷത്തിൽ കൃഷിക്കാരുടെ എണ്ണത്തിൽ വന്ന മാറ്റങ്ങൾ

| | | 1971ലെ സെൻസസ് പ്രകാരം | 1991ലെ സെൻസസ് പ്രകാരം | കുഴവ് ശതമാനം |
|---|---|---|---|---|
| കൃഷി | പുരുഷൻമാർ | 4664 | 4064 | 12 |
| മുഖ്യ | സ്ത്രീകൾ | 2035 | 1863 | 8.45 |
| തൊഴിലാക്കിയ | ആകെ | 6699 | 5927 | 11.52 |

വിളകളും, വിസ്തൃതിയും

| ക്രമ നമ്പർ | വിളകൾ | മൊത്തം ഉല്പാദനം | വിസ്തൃതി ഹെക്ടർ | ഉൽപ്പാദന ക്ഷമത |
|---|---|---|---|---|
| 1. | നെല്ല് 1-ാം വിള | 110 M.T. | 67 H.C. | 1.95 M.T. |
| 2. | നെല്ല് 2-ാം വിള | 242 " | 110 " | 2.20 " |
| 3. | എള്ള് | 3,900 " | 13 " | 0.3000" |
| 4. | പച്ചക്കറികൾ | 8.500 " | 5 " | 1.700" |
| 5. | തെങ്ങ് | 43,26,800 | 430 " | 7600 Nos. |
| 6. | റബ്ബർ | 2491.90 | 1686 " | 1478 Mt |
| 7. | കമുക് | 13.2 | 11 " | 1 2 " |
| 8. | കുരുമുളക് | 10.2 | 34 " | 0.300 " |
| 9. | കശുമാവ് | 600 | 5 " | 1.200 " |
| 10. | വാഴ | 525 | 105 " | 5.000 " |
| 11. | മരച്ചീനി | 259.5 | 293 " | 11.3 " |

## വിളകളുടെ രോഗങ്ങൾ

പഞ്ചായത്തിലെ പ്രധാന വിളകൾക്ക് അനുഭവപ്പെടുന്ന രോഗങ്ങളെപ്പറ്റി താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വിള | രോഗങ്ങൾ |
|---|---|---|
| 1. | നെല്ല് | പോള ചീയൽ, ഓല കരിച്ചിൽ, ചാഴി ശല്ല്യം |
| 2. | തെങ്ങ് | മണ്ടചീയൽ, ചെന്നീരൊലിപ്പ്, ഓല കരിച്ചിൽ, കാറ്റുവീഴ്ച, ഓല മഞ്ഞളിപ്പ്. |
| 3. | ഇഞ്ചി | മൂട് ചീയൽ |
| 4. | വാഴ | മണ്ടയടപ്പ്, കോക്കാൻ |
| 5. | മരച്ചീനി | മുരടിപ്പ് |
| 6. | റബ്ബർ | പട്ട മരവിപ്പ്, ചീക്ക, പെടിക്കുമിൾ രോഗം |

തെങ്ങിന്റെ കാറ്റ് വീഴ്ചയും, റബ്ബറിന്റെ പട്ട മരവിപ്പും വ്യാപകമായി കണ്ടുവരുന്ന രോഗങ്ങളാണ്.

### ഉല്പാദന ക്ഷമത

പഞ്ചായത്തിലെ പ്രധാന വിളകളുടെ ഒരു ഹെക്ടറിലുള്ള ഉല്പാദനം താരതമ്യം ചെയ്യുമ്പോൾ തെങ്ങിന്റേയും, വാഴയുടേയും ഉല്പാദന ക്ഷമത സംസ്ഥാനത്തിന്റേതിനേക്കാൾ വളരെ കുറവാണ്. ശാസ്ത്രീയമായി തെങ്ങിനെ സംരക്ഷിക്കാത്തതും, ശരിയായ ജലസേചന സൗകര്യം ഇല്ലാത്തതും, മണ്ടചീയൽ, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങളാൽ തെങ്ങ് നശിക്കുന്നതും, ഉല്പാദനക്ഷമതയുടെ ഈ അന്തരത്തിന് കാരണമാവുന്നു. പ്രകൃതിക്ഷോഭവും, ശാസ്ത്രീയ കൃഷി രീതികളുടെ അഭാവവുമാണ് വാഴയുടെ ഉല്പാദന ക്ഷമത കുറയുവാൻ കാരണം.

### മണ്ണിന്റെ ഫലഭൂയിഷ്ത

മണ്ണിന്റെ ഫലഭൂയിഷ്ഠത അതിൽ അടങ്ങിയിരിക്കുന്ന ധാതുക്കളുടെയും, ലവണങ്ങളുടേയും, മണ്ണിന്റെ അമ്ല/ക്ഷാര സ്വഭാവത്തെയും, ആശ്രയിച്ചിരിക്കുന്നു.

### ജലസേചന സൗകര്യങ്ങൾ

അയിരൂരിലെ കർഷകർ ജലസേചനത്തിനായി പ്രധാനമായും മഴയെ ആശ്രയിക്കുന്നു. ചിലഭാഗങ്ങളിൽ കുളങ്ങളേയും തോടുകളേയും ആശ്രയിക്കുന്നു പമ്പാ ജലസേചന പദ്ധതി കനാൽ പഞ്ചായത്തിലൂടെ ഒഴുകുന്നു എങ്കിലും, ജലസേചനത്തിന് ഉതകുന്നില്ല. ഈ പഞ്ചായത്തിലെ മൊത്തം നീരൊഴുക്ക് തോടുകളുടെ നീളം 78.500 കി.മീ. ആണ്. ഈ തോടുകൾ ആഴം കൂട്ടി ജലസേചനത്തിനായി ഉപയോഗിക്കാവുന്നതാണ്.






## തോടുകളുടെ വാർഡ്തല വിവരണം

| നമ്പർ | തോടുകൾ | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|
| 1. | കാവുങ്കൽ തോട് | 1000 | 3 |
| 2. | തോട്ടുപുറത്ത് തോട് | 1000 | 2 |
| 3. | ഞുണ്ണന്താറ | 500 | 2 |
| 4. | വട്ടമല | 500 | 2 |
| 5. | പേരൂർച്ചാൽ-പ്ലാങ്കമൺ | 4000 | 5 |
| 6. | ചുഴുകുന്നിൽ-തേക്കുങ്കൽ | 2000 | 2 |
| 7. | ചുഴുകുന്നിൽ - പേരൂർച്ചാൽ | 2000 | 2 |
| 8. | കക്കാട്ട് കുഴിയിൽ - തോട്ടത്ത് വീട്ടിൽ | 2000 | 2 |
| 9. | കുഴിപന്നിൽ | 1500 | 5 |
| 10. | ഐക്കാട്ട് തോട് | 4000 | 5 |
| 11. | പുതിയകാവ്-ലക്ഷം വീട് | 2000 | 4 |
| 12. | കുറമണ്ണിൽ തോട് | 2000 | 4 |
| 13. | ചിറപ്പുറം വെട്ടിക്കാട്ട്തോട് | 1500 | 4 |
| 14. | പരുവേലിൽ തോട് | 1500 | 4 |
| 15. | കോട്ടയിൽ | 2000 | 3 |
| 16. | കാവിൽ കവല-അരുവിക്കുഴി | 2000 | 3 |
| 17. | മണ്ണിൽ തോട് | 2000 | 3 |
| 18. | മുരുത്തേൽ പടി വലിയതോട് | 2000 | 3 |
| 19. | അയിരൂർ - വലിയതോട് | 5000 | 6 |
| 20. | മണക്കാലും പുറത്ത് പടി-പുത്തേഴം വലിയതോട് | 2000 | 4 |
| 21. | ഭൂതംകുഴി തോട് | 2000 | 3 |
| 22. | കാട്ടാത്താനി തോട് | 2000 | 3 |
| 23. | കർമ്മേൽ പടി-ചെങ്കോട്ടപടി | 4000 | 4 |
| 24. | പിന്തിരിക്കൽ പടി-ചെങ്കോട്ട | 2000 | 2 |
| 25. | ആനക്കല്ലിൽ-മൂലയ്ക്കൽ പീടിക | 2000 | 2 |
| 26. | വരിക്കാനിക്കുഴിയിൽ-തെക്കേ തയ്യിൽ പടി | 1000 | 2 |
| 27. | പള്ളിക്കൽ-വിലങ്ങുപാറ | 1500 | 2 |
| 28. | ഞുഴൂർ-സെറ്റിൽമെന്റ് കോളനി, ഇടത്രാമൺ | 500 | 2 |
| 29. | ഉടുമ്പിൻ മലപ്പടി-കോട്ടക്കുഴി | 5000 | 2 |
| 30. | ഇടത്രാമൺ-ചെങ്കോട്ടപ്പടി | 1500 | 2 |
| 31. | വെള്ളിയറ ക്ഷേത്രം-പ്ലാങ്കമൺ | 3000 | 2 |
| 32. | പ്ലാങ്കമൺ-തീയാടിയ്ക്കൽ | 3000 | 3 |
| 33. | കടയാർ-കുരിശുമുട്ടം | 2000 | 3 |
| 34. | ബാങ്ക് ജംഗ്ഷൻ-ഇണ്ടനാട് | 1000 | 3 |
| 35. | പുതുക്കുളങ്ങര-കാഞ്ഞീറ്റുകര | 1500 | 3 |
| 36. | തോമ്പുങ്കര-കാഞ്ഞീറ്റുകര | 1000 | 2 |
| 37. | കുളത്തുങ്കൽ മണ്ണ്-കാഞ്ഞീറ്റുകര | 2000 | 3 |
| 38. | കാഞ്ഞീറ്റുകര-വലിയതോട് | 2000 | 5 |

## കുളങ്ങളുടെ വാർഡ്തല വിവരണം

| വാർഡ് | കുളങ്ങൾ |
|---|---|
| 7 | (1) പുത്തേഴം-കുളങ്ങര |
| | (2) ശ്രീ. ശങ്കരോദയം ക്ഷേത്രക്കുളം |
| | (3) കാവിൽ കുളം |
| 10 | (1) ദേവീ ക്ഷേത്രക്കുളം |
| 1 | (1) ഞുണ്ണന്താറ കുളം |
| | (2) ഓലിയ്ക്കൽ കുളം |
| | (3) കുഴിമൂട്ടിൽ കുളം |
| 6 | (1) പര്യാരത്ത് കുളം |
| 9 | (1) വെള്ളിയറ അമ്പലക്കുളം |
| | (2) വെള്ളിയറ വാട്ടർഷെഡ് കുളം |
| 2 | (1) കുളത്തുങ്കൽ കുളം |
| 5 | (1) ഇടത്രാമൺ കുളം |

മഴക്കാലത്ത് കുളങ്ങളിലൂടെയും, തോടുകളിലൂടെയും ധാരാളം ജലം ലഭിക്കുന്നുണ്ടെങ്കിലും വേനൽക്കാലത്ത് അവ പൊതുവെ വരണ്ടാണ് കാണുന്നത്.

### ജലസേചന പദ്ധതികൾ

അയിരൂർ പഞ്ചായത്തിൽ ജലസേചന പദ്ധതിക്കായി പമ്പാ ഇറിഗേഷൻ കനാൽ മാത്രമേയുള്ളു.

### ഉൽപ്പന്നങ്ങളുടെ വിപണനം

കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി ഈ പഞ്ചായത്ത് പ്രദേശത്ത് കാര്യമായ രീതിയിലുള്ള വിപണനകേന്ദ്രം ഇല്ല. വിപണനത്തിനായി സമീപ പഞ്ചായത്തുകളിൽ ഉള്ള വിപണനകേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

### നേഴ്സറികൾ

കാർഷിക വിത്തുകളുടെ വിതരണത്തിനായി കാഞ്ഞീറ്റുകരയിൽ പ്രവർത്തിക്കുന്ന ഒരു കൃഷിഭവൻ മാത്രമേ നിലവിലുള്ളു. റബ്ബർ തൈകളുടെ വിതരണത്തിനായി 3 പ്രൈവറ്റ് നേഴ്സറികൾ പ്രവർത്തിക്കുന്നുണ്ട്.

### പാടശേഖര സമിതികൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ 3 പാടശേഖര സമിതികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തനം വികസിപ്പിച്ച് കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം മാറ്റേണ്ടതാണ്. കേര കർഷകരുടെ ഉന്നമനത്തിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു കേരകർഷക സമിതിയും പഞ്ചായത്തിലുണ്ട്.

പാടശേഖര സമതിയുടെ വിശദവിവരങ്ങൾ

| പാടശേഖര സമിതിയുടെ പേര് | കർഷകരുടെ എണ്ണം | വാർഡും ഉൾപ്പെട്ട പ്രദേശവും | വിളയുടെ ഇനങ്ങൾ | വിതയുടെ അളവ് കി.ഗ്രാം/ഹെക്ടർ |
|---|---|---|---|---|
| അയിരൂർ | 102 | 4 | ജ്യോതി, 12/85<br>പവിഴം, 11/90<br>11/40 ഭാരതി | 85 |
| കോറ്റാത്തൂർ | 91 | 2,3 | " | 70 |
| പുത്തേഴം | 90 | 7,5<br>കാഞ്ഞീറ്റുകര<br>പുത്തേഴം<br>ഞൂഴൂർ | ജ്യോതി, 12/85<br>പവിഴം, 11/90<br>11/40 ഭാരതി<br>ത്രിവേണി | 80 |
| ഇടപ്പാവൂർ | 18 | 1 | | 50 |

ഭൂ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷകരുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഭൂപരിധി | എണ്ണം | ശതമാനം |
|---|---|---|---|
| 1. | നാമമാത്ര കർഷകർ (1 ഹെക്ടറിന് താഴെ) | 3263 | 92.1 |
| 2. | ചെറുകിട കർഷകർ (1 മുതൽ 2 ഹെക്ടർ വരെ) | 186 | 5.79 |
| 3. | വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ) | 348 | 2.10 |
| | ആകെ | 3497 | 100 |

കൃഷിഭൂമി കൈവശം ഉണ്ടെങ്കിലും, കൃഷി മുഖ്യ തൊഴിലായി എടുക്കാത്തവർ പട്ടികയിൽ ഉൾപ്പെട്ടതിനാൽ കർഷകരുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. മൊത്തം കൃഷിക്കാരിൽ 70% നാമമാത്ര കർഷകരാണ്. വൻകിട കർഷകർ 5%, ചെറുകിട കർഷകർ 25%.

### പ്രശ്നങ്ങൾ

ഉല്പാദന ചെലവിൽ വന്ന വർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത്, കാലവർഷ വ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് തുടങ്ങിയവയൊക്കെ നെൽ ഉൽപ്പാദനം കുറയുന്നതിന് കാരണമായി. ജലസേചനം പരിമിതമായ സ്ഥലങ്ങളിൽ മാത്രമേ ഇപ്പോഴും തെങ്ങിന് നൽകുന്നുള്ളു. നാളികേരത്തിന്റെ വിലക്കുറവ്, വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾ, നല്ലയിനം തൈകൾ ലഭിക്കായ്ക, കൂടാതെ തെങ്ങിനുണ്ടാവുന്ന രോഗങ്ങൾ തുടങ്ങിയവയൊക്കെ തെങ്ങുൽപാദനത്തെ ബാധിച്ചിരുന്ന ഘടകങ്ങളാണ്. രാസവളങ്ങൾ, മൊത്തം വളപ്രയോഗത്തിന്റെ 85 ശതമാനത്തോളം ഉപയോഗിക്കപ്പെടുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് ഉല്പാദന ക്ഷമത കുറയ്ക്കുന്നതിന്റെ കാരണങ്ങളിൽ ഒന്നാണ്. ജൈവവളത്തിന്റെ ലഭ്യതക്കുറവ് മണ്ണിന്റെ ഘടനയിൽ തന്നെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

യഥാസമയം കിളയ്ക്കുകയും, വരമ്പുകൾ ഇടുകയും ചെയ്യാത്തത് മണ്ണൊലിപ്പിന് കാരണമാവുന്നു. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും മണ്ണൊലിപ്പിന്റെ പ്രശ്നങ്ങൾ നിലവിലുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. മണ്ണിന്റെ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിക്കുന്നുണ്ടെങ്കിലും റിപ്പോർട്ടുകൾ കിട്ടിയിട്ടില്ല.

നെൽപ്പാടങ്ങളിലും, കരഭൂമിയിലും കൃഷിചെയ്തിരുന്ന വാഴയ്ക്ക് വ്യാപകമായി വരുന്ന രോഗങ്ങളും പ്രതീക്ഷിയ്ക്കാതെ എത്തുന്ന കാറ്റും കനത്ത നഷ്ടം വരുത്തി വയ്ക്കുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ വ്യാപകമായ തോതിൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഭൂമി

തുണ്ടുകളായി മാറിയതും ഇതിനൊരു തടസ്സമാണെങ്കിലും കൃഷിക്കാരുടെ യോജിച്ച പ്രവർത്തനങ്ങളിലൂടെ ഇനിയും സാധ്യതകൾ ധാരാളം ഉണ്ട്.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവന്റെ പ്രവർത്തനവും, പോരായ്മയായി നിലനിൽക്കുന്നു. ചില വാർഡുകളിലെ ചുരുക്കം ചില പ്രദേശങ്ങളൊഴികെ പഞ്ചായത്തിന്റെ ഭൂരിഭാഗത്തും കൃഷിഭവന്റെ പ്രവർത്തനം എത്തുന്നില്ല. ആവശ്യമായ സന്ദർഭങ്ങളിൽ സങ്കരയിനം വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ ഉപദേശങ്ങളുടെ കുറവ്, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കായ്ക തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

നിർദ്ദേശങ്ങൾ :-

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

2. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും, നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്കുവഹിച്ചിരുന്ന തോടുകളും, കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം.

3. ഗ്രൂപ്പ് ഫാമിങ്ങ് : മുഖ്യവിളയായ നെൽകൃഷിക്ക് ഇത് വ്യാപകമാക്കണം. നിലവിലുള്ള കർഷകസമിതികളെ പുനരുജ്ജീവിപ്പിച്ച് ഇതിന് തയ്യാറാക്കണം.

4. വേനൽക്കാല പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഉണ്ടാക്കുവാൻ കഴിയും. കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശങ്ങളും, ആനുകൂല്യങ്ങളും ഇക്കാര്യത്തിൽ ഗുണകരമായ രീതിയിൽ ഉണ്ടാകണം.

5. വിത്തിനങ്ങൾ : ഉത്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം. പ്രദേശികമായി വിത്തുത്പാദിപ്പിക്കുന്നതിന് പാടശേഖര സമിതികളെ ഉപയോഗപ്പെടുത്താവുന്നതാണ്.

6. ഔഷധ സസ്യങ്ങൾ : പുരാതന കാലം മുതൽ ഈ പഞ്ചായത്തിൽ ഔഷധസസ്യങ്ങൾ സുലഭമായിരുന്നു. ഇന്ന് ഈ സസ്യങ്ങൾക്ക് വംശനാശം സംഭവിച്ചിരിക്കുന്നു. ഈ ഔഷധ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനും കഴിയണം.

7. കീടനാശിനി : ശരിയായ സുരക്ഷാ സംവിധാനങ്ങളോടെയോ, ശരിയായ അളവിലോ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നത്. ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നൽകി പരിഹാരം കാണണം.

8. കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും, വിളകൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് സമ്പ്രദായം നടത്തണം. അതോടൊപ്പം കർഷകധനസഹായത്തിനുള്ള വരുമാന പരിധി കുറയ്ക്കൽ, വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകൽ മുതലായവ കൃഷിയെ പരിപോഷിപ്പിക്കാൻ ഉതകുന്ന ഘടകങ്ങളാണ്.

9. എലിശല്യം വളരെ കൂടിയിരിക്കുന്നതിനാൽ എലി നശീകരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുക.

10. ഇൻടേക്‌വിയറുകളും, വെന്റഡ് ക്രോസ്

ബാറുകളും, ബി.സി.ആർ, ചെക്ക് ഡാം എന്നിവ പമ്പാ നദിയലും, പഞ്ചായത്തിലെ പ്രധാന തോടുകളിലും നിർമ്മിച്ചാൽ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളും ജലസേചന സൗകര്യത്തിനായി ഉപയോഗപ്പെടു- ത്താവുന്നതാണ്.

11. നദീതീരം തിട്ടയിടിഞ്ഞ് കൃഷിസ്ഥലം നഷ്ടപ്പെടുന്നത് തടയാൻ നദീതീരം കെട്ടി ബലപ്പെടുത്തുക.

12. നിലവിലുള്ള PIP സബ് കനാൽ പുതിയകാവ് ഭാഗത്ത് നിന്നും ഇടപ്പാവൂർ വരെയും, ഞൂഴൂർ സബ്കനാൽ, കാഞ്ഞീറ്റുകര, മണ്ണിത്തോട് വരെയും നീട്ടുക.

13. PIP കനാലിന്റെ ചോർച്ച മൂലം അയിരൂർ പാടശേഖരത്തിലെ ഒരു വലിയഭാഗം, കൃഷിചെയ്യുവാൻ സാധ്യമല്ലാത്ത അവസ്ഥയിലായിരിക്കുന്നു. കനാലിന്റെ ചോർച്ച ഇല്ലാതാക്കി പാടശേഖര കൃഷിക്ക് അനുയോജ്യമാക്കുക. കൂടാതെ നിലവിലുള്ള PIP കനാലുകൾ ഉപയോഗശൂന്യമായി കിടക്കുന്നത് ഉടനടി റിപ്പയർ ചെയ്യുക.

14. തോടുകളുടെ വശങ്ങൾ കെട്ടി സമീപത്തുള്ള കൃഷിസ്ഥലങ്ങൾ സംരക്ഷിക്കുക.

15. ആവശ്യാനുസരണം ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കുഴിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.





# മൃഗസംരക്ഷണവും, മത്സ്യബന്ധനവും 5 (2)

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട് എന്നിവയാണ്. നാമമാത്രമായി എരുമകളേയും, ഉഴവുകാളകളേയും വളർത്തുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ഇവിടെ വളർത്തുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും എണ്ണം അനുബന്ധമായി കൊടുത്തിട്ടുണ്ട്. പഞ്ചായത്തിലെ 60% വീടുകളിലും കോഴികളെ വളർത്തുന്നു. നെൽകൃഷി കുറഞ്ഞതും, കാർഷികരംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. റോഡുകളും, വാഹനങ്ങളും വർദ്ധിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണവും വളരെ കുറയുകയുണ്ടായി. ഇവിടെ വളർത്തുന്ന പശുക്കളിൽ അധികവും അത്യുത്പാദനശേഷിയുള്ള സങ്കരഇനം പശുക്കളാണ്. ഈ പഞ്ചായത്തിലെ 3-ാം വാർഡിൽ ഒരു മൃഗാശുപത്രിയും, നാലാം വാർഡിൽ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. 10-ാം വാർഡിൽ ഒരു ക്ഷീരോത്പാദക സഹകരണസംഘം പ്രവർത്തിച്ചുവരുന്നു. കോഴി വളർത്തൽ കേന്ദ്രങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മുട്ടയാണ് ഇവിടെ ഉപയോഗിക്കുന്നത്.

## പ്രശ്നങ്ങൾ

1. നല്ല പശുക്കളെ വാങ്ങാനുള്ള സാമ്പത്തിക ശേഷി സാധാരണക്കാർക്കില്ല.
2. കാലിത്തീറ്റയുടെ വിലവർദ്ധന, വൈക്കോലിന്റെ അഭാവം, അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന വൈക്കോലിന്റെ ഗുണനിലവാരക്കുറവ്, തീറ്റപ്പുല്ലിന്റെ ദൗർലഭ്യം.
3. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ എല്ലാ വാർഡുകളിലും ഇല്ല.
4. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

## നിർദ്ദേശങ്ങളും, സാദ്ധ്യതകളും

1. മൃഗാശുപത്രിക്ക് സ്വന്തമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് ആശുപത്രിക്കെട്ടിടം നിർമ്മിക്കുകയും, പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അതിന്റെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ICDP സബ്സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.
2. എല്ലാ വാർഡുകളിലും ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അവയുടെ ആഭിമുഖ്യത്തിൽ കാലിത്തീറ്റയും മറ്റും കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക.
3. കാലിത്തൊഴുത്ത് നിർമ്മിക്കുവാനും, കന്നുകാലികളെ വാങ്ങുവാനും കർഷകർക്ക് ധനസഹായം നൽകുക.
4. മുട്ടക്കോഴികളേയും, ഇറച്ചിക്കോഴികളേയും വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകുക.

5. പേപ്പട്ടി ശല്യം തടയുന്നതിനും, ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളേയും നശിപ്പിക്കുവാനും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

6. കറവുമാടുകളിൽ ഉണ്ടാകുന്ന് അകിടുവീക്കത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും, കുളമ്പ് രോഗങ്ങൾ തുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

7. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

8. അടുക്കള മുറ്റത്ത് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

9. കന്നുകാലി വളർത്തലിനോടൊപ്പം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രോത്സാഹനം കർഷകർക്ക് നൽകുക.

## മത്സ്യബന്ധനം

മത്സ്യബന്ധനം തൊഴിലായോ, ഉപതൊഴിലായോ ചെയ്യുന്നവർ ആരും തന്നെ ഇവിടെ ഇല്ല. പുറത്തുനിന്നുള്ള മത്സ്യമാണ് പ്രധാനമായും ഇവിടെ വിപണനം ചെയ്യുന്നത്. പഞ്ചായത്തിലെ മിക്ക വാർഡുകളിലും എല്ലാ ദിവസവും കടൽ മത്സ്യം വാങ്ങുവാൻ കിട്ടും.

## സാധ്യതകൾ

1. പമ്പാ ഇറിഗേഷൻ കനാലിന്റെ ചോർച്ച മൂലം അയിരൂർ പാടശേഖരത്തെ കൃഷിക്ക് ഉപയുക്തമല്ലാതായി കിടക്കുന്ന നിലങ്ങൾ പുനസംവിധാനം ചെയ്ത് മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉപയോഗശൂന്യമായി കിടക്കുന്ന കുളങ്ങൾ വലുതാക്കി മത്സ്യകൃഷി ചെയ്യാവുന്നതാണ്.

### അയിരൂർ ഗ്രാമ പഞ്ചായത്ത്
### വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കഴവ ഉള്ളത് | കഴവ ഇല്ലാത്തത് | കഴവ ഉള്ളത് | കഴവ ഇല്ലാത്തത് | കഴവ ഉള്ളത് | കഴവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | 11 | -- | 32 | -- | 12 | 19 | 266 | 55 | 7 | 4 | 13 | 196 | 71 | |
| 2 | 17 | -- | 41 | -- | 16 | 21 | 301 | 59 | 6 | 5 | 14 | 202 | 62 | |
| 3 | 12 | -- | 37 | -- | 19 | 24 | 342 | 69 | 4 | 6 | 11 | 194 | 52 | |
| 4 | 13 | -- | 31 | -- | 18 | 22 | 196 | 92 | 5 | 6 | 12 | 171 | 42 | |
| 5 | 19 | -- | 39 | -- | 17 | 26 | 316 | 82 | 4 | 8 | 13 | 163 | 38 | |
| 6 | 21 | -- | 16 | -- | 19 | 17 | 324 | 71 | 6 | 4 | 15 | 174 | 43 | |
| 7 | 16 | -- | 18 | -- | 14 | 13 | 198 | 69 | 7 | 3 | 14 | 164 | 49 | |
| 8 | 12 | -- | 31 | -- | 18 | 21 | 201 | 71 | 4 | 5 | 11 | 152 | 37 | |
| 9 | 18 | -- | 36 | -- | 21 | 19 | 208 | 69 | 8 | 5 | 15 | 161 | 41 | |
| 10 | 15 | -- | 33 | -- | 19 | 24 | 212 | 67 | 7 | 5 | 13 | 174 | 39 | |
| ആകെ | 154 | -- | 314 | -- | 173 | 206 | 2564 | 704 | 58 | 51 | 131 | 1756 | 474 | |

## അയിരൂർ പഞ്ചായത്ത്
## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 141 | 312 | 414 | -- | -- | -- |
| 2 | 136 | 315 | 412 | -- | -- | -- |
| 3 | 123 | 341 | 513 | -- | -- | -- |
| 4 | 128 | 316 | 411 | -- | -- | -- |
| 5 | 111 | 279 | 396 | -- | -- | -- |
| 6 | 149 | 374 | 419 | -- | -- | -- |
| 7 | 167 | 399 | 496 | -- | -- | -- |
| 8 | 194 | 402 | 509 | -- | -- | -- |
| 9 | 146 | 392 | 418 | -- | -- | -- |
| 10 | 192 | 387 | 494 | -- | -- | -- |
| ആകെ | 1487 | 351.7 | 4482 | -- | -- | -- |

## അയിരൂർ ഗ്രാമ പഞ്ചായത്ത്
### രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ<br>Digestive Disorders | 43 | 4 | 7 | 5 | | 7 | | | | |
| 2 | ശ്വാസകോശ സംബന്ധം<br>Respiratory Diseases | 12 | 3 | 9 | 2 | | 4 | | | | |
| 3 | ഉപാപചയ സംബന്ധം<br>Metabolic diseases | 11 | 2 | 5 | | | 4 | | | | |
| 4 | ത്വക്ക് രോഗങ്ങൾ<br>Skin Diseases | 19 | 7 | 8 | 7 | | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 12 | 4 | 6 | 6 | | 5 | | | | |
| 6 | പരാദരോഗങ്ങൾ<br>Parasitic diseases | 31 | 9 | 8 | 9 | | 12 | | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynaecological disorders | 16 | 4 | 6 | | | | | | | |
| 8 | വന്ധ്യത<br>Infertility | 9 | 6 | 7 | | | | | | | |
| 9 | അകിടുവീക്കം<br>Mastitis | 18 | 3 | 11 | | | | | | | |
| 10 | മുടന്തൻ പനി<br>Ephemeral Fever | 22 | 5 | | | | | | | | |
| 11 | പകർച്ച വ്യാധികൾ<br>Contagion diseases | 7 | 3 | | | | | | | | |

## അയിരൂർ ഗ്രാമപഞ്ചായത്ത്

### പേ വിഷബാധ - പ്രതിരോധവും, ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയവരുടെ എണ്ണം | | | | 212 | | |
| കടിയേറ്റതിനുശേഷം കുത്തിവയ്പ്പ് നടത്തിയവരുടെ എണ്ണം | | | | | | |

## അയിരൂർ ഗ്രാമ പഞ്ചായത്ത്

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ ബീജസങ്കലനം വേണ്ടിവന്നവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 926 | 481 | 216 |
| കിടാരി | 731 | 212 | 98 |
| എരുമ | 56 | -- | -- |



# വ്യവസായം

## 5 (3)

അയിരൂർ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. ഏതാനും ചെറുകിട വ്യവസായങ്ങൾ അല്ലാതെ വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. കാർഷിക മേഖലയിൽ മാത്രം പ്രവർത്തിച്ച് പരിചയിച്ചവർക്ക് വ്യാവസായിക മേഖലയിലേക്ക് കടന്നുവരാനുള്ള വൈമുഖ്യവും, ആവശ്യമായ പ്രോത്സാഹനത്തിന്റെ അഭാവവുമാണ് ഇതിന്റെ കാരണം. മുൻകാലങ്ങളിൽ കളിമൺ വ്യവസായത്തിന് പേരുകേട്ട ഒരു പ്രദേശമായിരുന്നു ഇത്. എന്നാൽ ഈ വ്യവസായം ഇന്ന് പാടെ നിന്നിരിക്കുകയാണ്.

| ക്രമ നമ്പർ | വിഭാഗം | ആകെ യൂണിറ്റുകൾ | വാർഡുകൾ |
|---|---|---|---|
| 1. | സിമന്റിഷ്ടിക നിർമ്മാണം | 2 | 1.4 |
| 2 | ഴബ്ബർ ബാന്റ്, കയ്യുഴ | 1 | 3 |
| 3 | ക്ഷീരോത്പന്നങ്ങൾ (D.W.C.R.A)3030 | 3 | 3.7.9 |
| 4 | എൻജിനീയഴിംഗ് വർക്ക് ഷോപ്പ് | 4 | 4,9,10 |
| 5 | തടിമില്ലുകൾ | 3 | 4, 10 |
| 6 | ധാന്യങ്ങൾ പൊടിക്കുന്ന മില്ലുകൾ | 3 | 4,9 |
| 7 | പ്രിന്റിംഗ് പ്രസ്സ് | 3 | 4,9 |
| 8 | ബേക്കഴി | 4 | 5,6,9 |
| 9 | ഫർണ്ണീഷിംഗ് വർക്ക്ഷോപ്പ് | 3 | 9,10 |

## പ്രശ്നങ്ങൾ

1. വൈദ്യുതി, ജലം തുടങ്ങിയ ഭൗതീക സാഹചര്യങ്ങളുടെ അഭാവം മൂലം വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെയില്ല.
2. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ വായ്പാസൗകര്യങ്ങളോ, സാങ്കേതിക പരിജ്ഞാനമോ യഥാസമയം ലഭിക്കുന്നില്ല. വ്യവസായങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടത്ര പ്രോത്സാഹനവും ലഭിക്കുന്നില്ല.
3. വൈദ്യുതിക്ഷാമം, വോൾട്ടേജ് ക്ഷാമം ഇവ രൂക്ഷമായതിനാൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആരും മുന്നോട്ട് വരുന്നില്ല.
4. വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വായ്പകളും മറ്റും യഥാസമയം ലഭിക്കുന്നില്ല.
5. ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള വിപണികളും അടുത്തില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സൗകര്യമായ സ്ഥലത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ നിന്ന് ശേഖരിച്ച് അവർക്ക് ആവശ്യമായ വിദഗ്ധപരിശീലനം നൽകുക.
3. റെഡിമെയ്ഡ് വസ്ത്ര വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതാസംരംഭകർക്ക് ആരംഗത്തുള്ള നവീനരീതികളെപ്പറ്റിയും വിപണന സാദ്ധ്യതകളെ പ്പറ്റിയും പരിശീലനം നൽകുക.
4. റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായ ശാലകൾ ആരംഭിക്കുക.



# വിദ്യാഭ്യാസം 5 (4)

അയിരൂർ ഗ്രാമപഞ്ചായത്ത് സംവിധാനത്തിന് അര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ക്രാന്ത ദർശികളും, ധീഷണാശാലികളുമായ പല മഹത്വ്യക്തികളും അയിരൂരിന്റെ വിദ്യാഭ്യാസപരവും, സാംസ്ക്കാരികവുമായ പുരോഗതിക്ക്‌വേണ്ടി ആത്മാർത്ഥമായ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. ഈ രംഗത്ത് വളരെ തിളക്കമാർന്ന ഒരു ചരിത്ര പശ്ചാത്തലമാണ് അയിരൂരിനുള്ളത്.

ഹൈസ്ക്കൂളുകൾ

ഈ പഞ്ചായത്തിലെ നാല് ഹൈസ്ക്കൂളുകളിൽ ആദ്യത്തേത് പൊതുമേഖലയിലാണ്. അയിരൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ. മലയാളം സ്ക്കൂളായി ആരംഭിച്ച്, ക്രമേണ യു.പി., ഹൈസ്ക്കൂൾ എന്നീ നിലകളിലേക്ക് ഉയർത്തപ്പെട്ടിട്ടുള്ളതും, ഇപ്പോൾ കമ്പ്യൂട്ടർ ട്രെയിനിംഗ് സൗകര്യത്തോടുകൂടി പ്രവർത്തിച്ചു വരുന്നതുമാകുന്നു. ഈ വിദ്യാലയത്തിന് ഒരു നൂറ്റാണ്ടിലേറെക്കാലത്തെ പ്രവർത്തന ചരിത്രമുണ്ട്. മറ്റ് മൂന്ന് സ്ക്കൂളുകൾ സ്വകാര്യ മേഖലയിലുള്ളതാണ്. അവയുടെ കാലപ്പഴക്ക ക്രമം അനുസരിച്ച് തടിയൂർ എൻ.എസ്.എസ്. ഹൈസ്ക്കൂൾ, & T.T.I., അയിരൂർ M.T.H.S., കാഞ്ഞീറ്റുകര S.N.D.P. ഹൈസ്ക്കൂൾ എന്നിവയാണ്.

യു.പി. സ്ക്കൂൾ

സ്വകാര്യ മേഖലയിൽ 9-ാം വാർഡിൽ പ്രവർത്തിച്ചുവരുന്ന S.N.D.P. U.P. സ്ക്കൂളിൽ യു.പി. വിഭാഗം മാത്രമേ പ്രവർത്തിക്കുന്നുള്ളു.

എൽ.പി. സ്ക്കൂൾ

എൽ.പി. സ്ക്കൂളുകളിൽ 5 എണ്ണം പൊതുമേഖലയിലും, ബാക്കി സ്വകാര്യമേഖലയിലുമാണ്.

VIII-ാം വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല. അവിടെ ഒരു എൽ.പി. സ്ക്കൂളെങ്കിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നാം വാർഡിലെ M.M.L.P.S.-ൽ അഞ്ചാം സ്റ്റാൻഡേർഡ് നിലനിർത്തിയിട്ടുണ്ട്. ഭൂരിഭാഗം സ്ക്കൂളുകൾക്കും സ്ഥിരം കെട്ടിടങ്ങളുണ്ട്. എന്നാൽ ഡസ്ക്ക്, ബഞ്ച്, മേശ, കസേര, അലമാര, ഷെൽഫ് എന്നിവയൊന്നും ആവശ്യത്തിന് ഇല്ല. എൽ.പി. സ്ക്കൂളുകൾ ഈ കാര്യത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്നു. സ്ക്കൂളിന്റെ പഠനനിലവാരം, പഠനമാദ്ധ്യമം എന്നിവ നോക്കി കുട്ടികൾ മറ്റു സ്ക്കൂളുകളിൽ പോകുന്നുണ്ട്. എല്ലാ സ്ക്കൂളുകളിലും രക്ഷാകർത്തൃ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയിൽ പലതും സജീവമല്ല. സ്ക്കൂളുകളിലെ പഠനനിലവാരം

പൊതുവെ തൃപ്തികരമാണെങ്കിലും 95-96-ൽ S.S.L.C. പരീക്ഷയിൽ ഒരു ഹൈസ്ക്കൂളിലും 50%-നു മേൽ റിസൽറ്റ് ഇല്ല. മുൻ വർഷങ്ങളിൽ ഭേദപ്പെട്ട റിസൽട്ട് ലഭിച്ച സ്ക്കൂളുകളുമുണ്ട്.

പഞ്ചായത്തിലെ ചില എൽ.പി. സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നതുമൂലം അൺ എക്കണോമിക് ആയിട്ടുണ്ട്. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ വർദ്ധനവ്, ഇംഗ്ലീഷ് മീഡിയത്തോടുള്ള താല്പര്യം, അനുകരണഭ്രമം എന്നിവയാണ് ഇതിനു പ്രധാന കാരണങ്ങൾ. ഈ പഞ്ചായത്തിൽ മൂന്ന് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ബാലവാടികളുടെ ഭൗതീക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. ബാലവാടികൾക്ക് ചുറ്റുമതിൽ, കളിസ്ഥലം, കളിപ്പാട്ടങ്ങൾ, മൂത്രപ്പുര, കക്കൂസ്, പാചകമുറി എന്നിവ ഇല്ലെന്നു തന്നെ പറയാം.

അയിരൂർ പഞ്ചായത്തിലെ ഒരു വാർഡിലും എടുത്തു പറയത്തക്ക രീതിയിൽ നിരക്ഷരർ ഇല്ല. പൊതുവെ നിരക്ഷരർ 3% വന്നേക്കും. അതിലേറെയും പിന്നോക്ക വിഭാഗത്തിലും, ദുർബല വിഭാഗത്തിലും പെട്ടവരാണ്. സ്ക്കൂൾ വിദ്യാഭ്യാസത്തിനിടയിൽ പഠിത്തം നിർത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം താരതമ്യേന കുറവാണ്.

## ഇതര വിദ്യാലയങ്ങൾ

ഈ പഞ്ചായത്തിലെ 10-ാം വാർഡിൽ ഒരു പാരലൽ കോളേജ് ഉണ്ട്. 4, 8, 10 വാർഡുകളിൽ ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് പ്രവർത്തിക്കുന്നുണ്ട്.

### നിർദ്ദേശങ്ങൾ

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ ഒരു ITC എങ്കിലും സ്ഥാപിക്കേണ്ടതാണ്.
2. അയിരൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ വൊക്കേഷനൽ ഹയർ സെക്കന്ററിയായി ഉയർത്തി വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. പമ്പാനദിയുടെ തീരത്ത് സ്ഥിതിചെയ്യുന്ന ടി. സ്ക്കൂളിന്റെ ആറ്റുതീരം കെട്ടി സംരക്ഷിക്കേണ്ടത് സ്ക്കൂളിന്റേയും, വിദ്യാർത്ഥികളുടേയും സുരക്ഷക്ക് ആവശ്യമാണ്.
3. 6-ാം വാർഡിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കേണ്ടതാണ്.
4. കേരളത്തിൽ പട്ടികജാതി, വിഭാഗത്തിന്റെ മാനേജുമെന്റിൽ അധികം സ്ക്കൂളുകൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഈ പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ മാനേജ്മെന്റിൽ 6-ാം വാർഡിൽ "ദേവീവിലാസം" ഹരിജൻ സ്ക്കൂൾ എന്ന പേരിൽ ഒരു സ്ക്കൂൾ സ്ഥാപിതമായിട്ടുണ്ട്. ഭൗതീക സഹാചര്യങ്ങളുടെ കാര്യത്തിൽ ഈ സ്ക്കൂൾ വളരെ പിന്നോക്കമാണ്. ഈ വിദ്യാലയത്തിലെ ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.
5. പഞ്ചായത്തിലെ എൽ.പി.സ്കുളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കാലാകാലങ്ങളിൽ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകണം. അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകൾ ശക്തമാക്കി സ്ക്കൂളിലെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. കലാകായിക പ്രവർത്തനങ്ങൾക്ക് കുറെക്കൂടി പ്രാധാന്യം നൽകുകയും വേണം.

വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം പ്രഥമഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക് സാഹചര്യങ്ങൾ. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, നല്ല ബ്ലാക്ക് ബോർഡുകൾ മറ്റുപകരണങ്ങൾ ആരോഗ്യകരമായ പരിസരം, ശുദ്ധജലത്തിനുള്ള സംവിധാനം എന്നിവ ഒരു

വിദ്യാലയത്തിന് കൂടിയേ തീരൂ. ഇവയുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ശ്രദ്ധേയമായ പോരായ്മയാണ്.

പഞ്ചായത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലക്സ് ആരംഭിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. സ്ക്കൂളുകളിൽ പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നോട്ടുബുക്കുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിലെ ഹൈസ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വിതരണ ചുമതല പഞ്ചായത്ത് ഏറ്റെടുക്കുന്ന അഭികാമ്യമാണ്. ഉച്ചക്കഞ്ഞി വിതരണത്തിന്റെ ചുമതല പഞ്ചായത്ത് ഏറ്റെടുത്ത് കാര്യക്ഷമമാക്കണം. പൊതുജന പങ്കാളിത്തത്തോടെ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയും. ഭാരതത്തിന്റെ ഭാവി ഭാഗധേയം ക്ലാസ്സ് മുറികളിൽ രൂപം കൊള്ളുന്നതുകൊണ്ട് പാഠ്യ വിഷയങ്ങളോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. കുട്ടികളിൽ കലാ കായിക അഭിരുചി വളർത്തിയെടുക്കുകയും സ്ക്കുൾ പാർലമെന്റുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, ചിത്ര മാസികകൾ, സാമൂഹ്യ സാംസ്ക്കാരിക പരിപാടികൾ എന്നിവയിൽ അവരെ ഉത്സുകരാക്കി ദേശീയ ഐക്യത്തിനും, സഹവർത്തിത്തത്തിനും വേണ്ടി നിലകൊള്ളുവാൻ തക്കവണ്ണം കർമ്മധീരരായ ഉത്തമ പൗരൻമാരായി അവരെ വളർത്തിയെടുക്കാൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൊണ്ട് കഴിയേണ്ടതാണ്.

**S.S.L.C. വിജയ ശതമാനം**

| | SCHOOL | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| 1. | N.S.S.H.S., Thadiyoor | 38% | 93% | 34% | 35% |
| 2. | Govt. H.S., Ayroor | 57.4% | 38.5% | 65% | 40.6% |
| 3. | M.T.H.S., Ayroor | 30% | 33% | 30.5% | 28% |
| 4. | S.N.D.P.H.S., Kanjeettukara | 61.5% | 58% | 62% | 49% |

## വിദ്യാഭ്യാസം

### വിദ്യാർത്ഥികൾ, അധ്യാപകർ

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | വിദ്യാർത്ഥികൾ പെൺ | ആകെ | അധ്യാപകർ ആകെ | പ്രീ പ്രൈമറി |
|---|---|---|---|---|---|---|---|
| 1. | Govt. H.S. Ayiroor LP | Govt | 55 | 53 | 108 | | |
| " | UP | " | 108 | 96 | 204 | 18 | |
| " | H.S. | " | 114 | 113 | 227 | | |
| 2. | N.S.S., Thadiyoor U.P. | Aided | 209 | 208 | 417 | 45 | |
| | H.S. | " | 319 | 324 | 643 | | |
| 3. | N.S.S., T.T.I., Thadiyoor | " | 25 | 20 | 45 | 4 | |
| 4. | M.T.H.S., Ayiroor U.P. | " | 35 | 30 | 65 | 13 | |
| | H.S. | " | 66 | 57 | 123 | | |
| 5. | S.N.D.P., Kanjeettukara U.P., H.S | " | 61 | 62 | 123 | 14 | |
| | H.S. | " | 91 | 67 | 158 | | |
| 6. | S.N.D.P., Velliyara U.P. | " | 62 | 118 | 180 | 9 | |
| 7. | M.M.L.P.S., Edappavoor | " | 81 | 60 | 141 | 5 | |
| 8. | M.T.L.P.S., Edappavoor | " | 42 | 37 | 79 | 3 | |
| 9. | L.P.S., Mookkannur | " | 29 | 32 | 61 | 3 | |
| 10. | M.D. L.P.S., Mathappara | " | 23 | 21 | 44 | 3 | |
| 11. | Govt. L.P.S. Ayroor South | Govt. | 24 | 18 | 42 | 3 | |
| 12. | G.S.V.L.P.S., Kanjeettukara | Govt. | 56 | 52 | 108 | 3 | |
| 13. | M.T.L.P.S., Kanjeettukara | Aided | 32 | 33 | 65 | 3 | |
| 14. | T.N.A.M.L.P.S., Kanjeettukara" | " | 36 | 52 | 88 | 4 | |
| 15. | D.V.H.L.P.S., Kanjeettukara | " | 67 | 48 | 115 | 4 | |
| 16. | Govt. S.M.P.L.P.S., Ayroor North, | Govt. | 8 | 8 | 16 | 2 | |
| 17. | Govt. Model L.P.S., Thadiyoor, | Govt. | 48 | 59 | 107 | 4 | |
| 18. | M.T.L.P.S., Velliara | Aided | 59 | 48 | 107 | 3 | |
| 19. | Govt. L.P.S. Plankamon | Govt. | 55 | 61 | 116 | 4 | |
| 20. | C.M.S.L.P.S., Velliara | Aided | 31 | 44 | 75 | 3 | |
| 21. | M.D.L.P.S., Kottathur | " | 18 | 20 | 38 | 3 | |
| 22. | M.T.L.P.S., Njazhur | " | 18 | 36 | 54 | 3 | |
| | Total | | 1772 | 1777 | 3549 | 156 | |

## വിദ്യാഭ്യാസം
### ഭൗതിക സൗകര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | Govt. H.S. Ayiroor | 539 | 18 | 1 | 2 | Yes | Yes |
| 2. | N.S.S.H.S., Thadiyoor | 1060 | 45 | 2 | 2 | Yes | Yes |
| 3. | N.S.S.T.T.I., Thadiyoor | 45 | 4 | 2 | 1 | Yes | Yes |
| 4. | M.T.H.S., Ayiroor | 188 | 13 | 3 | 2 | Yes | Yes |
| 5. | S.N.D.P.H.S., Kanjeettukara | 281 | 14 | 4 | 2 | Yes | Yes |
| 6. | S.N.D.P.U.P.S., Velliayara | 180 | 9 | 2 | 1 | Yes | Yes |
| 7. | M.M.L.P.S., Edappavoor with Std. V | 141 | 5 | 1 | No | Yes | No |
| 8. | M.T.L.P.S., Edappavoor | 79 | 3 | 1 | 1 | No | No |
| 9. | L.P.S., Mookkannur | 61 | 3 | 1 | No | No | No |
| 10. | M.D.L.P.S., Mathappara | 44 | 3 | 1 | No | No | No |
| 11. | Govt. L.P.S., Ayroor South | 42 | 3 | 1 | Yes | Yes | No |
| 12. | G.S.V.L.P.S., Kanjeettukara | 108 | 3 | 2 | 1 | No | Yes |
| 13. | M.T.L.P.S., Kanjeettukara | 65 | 3 | 2 | No | No | Yes |
| 14. | T.N.A.M.L.P.S., Kanjeettukara | 88 | 4 | 1 | No | No | No |
| 15. | D.V.H.L.P.S., Kanjeettukara | 115 | 4 | 1 | No | No | No |
| 16. | Govt. S.M.L.P.S., Ayroor North | 16 | 2 | No | No | No | No |
| 17. | Govt. Model L.P.S., Thadiyoor | 107 | 4 | 1 | No | No | No |
| 18. | M.T.L.P.S., Velliara | 107 | 3 | 1 | No | No | No |
| 19. | Govt. L.P.S., Plankamon | 116 | 4 | 1 | No | No | No |
| 20. | C.M.S.L.P.S., Velliara | 75 | 3 | 1 | No | Yes | No |
| 21. | M.D.L.P.S., Kottathur | 38 | 3 | 1 | No | No | No |
| 22. | M.T.L.P.S., Njazhoor | 54 | 3 | 1 | No | No | No |



# കുടിവെള്ളവും, പൊതുജനാരോഗ്യവും 5 (5)

ഒരു ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് ശുദ്ധജലത്തിനുള്ള പങ്ക് സുപ്രധാനമാണ്. പഞ്ചായത്തതിർത്തിയിലെ ഏകദേശം 70% വീടുകൾക്ക് സ്വന്തമായി കിണറുകൾ ഉണ്ട്. ബാക്കി വരുന്ന 30% വീട്ടികളിലെയും ആളുകൾ പൊതുകിണറുകളേയും, അന്യവീട്ടിലെ കിണറുകളേയും, പൊതുടാപ്പുകളേയും ആശ്രയിക്കുന്നു. എന്നാൽ താഴ്ന്ന പ്രദേശങ്ങളിലെ ഏതാനും കിണറുകൾ ഒഴിച്ച് ബാക്കിയുള്ള കിണറുകളെല്ലാം വേനൽക്കാലത്ത് (ജനുവരി മുതൽ ജൂൺ മാസം വരെ) വറ്റിപ്പോകുന്നു. അതിനാൽ കുടിവെള്ളം കിലോമീറ്ററുകൾ അകലെ നിന്നും തലച്ചുമടായി മലമുകളിലുള്ള വീടുകളിൽ എത്തിക്കേണ്ട ഗതികേടാണ് ഭൂരിഭാഗം ജനങ്ങൾക്കും ഉണ്ടാകുന്നത്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാരിൽ നിന്നും ഏതാനും കുഴൽക്കിണറുകൾ പരീക്ഷിച്ചുനോക്കി. വെള്ളത്തിന്റെ ഗുണനിലവാരത്തിലും, ലഭ്യതയിലും ഇവ പരാജയപ്പെട്ടിരിക്കുകയാണ്.

പഞ്ചായത്ത് പ്രദേശത്തിന് മുഴുവൻ പ്രയോജനപ്പെടണം എന്ന ഉദ്ദേശത്തോടെ അയിരൂർ കാഞ്ഞീറ്റുകര വാട്ടർ സപ്ലൈ സ്കീം സർക്കാരിൽ നിന്നും ആവിഷ്ക്കരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽ 40 മി.മീ. മുതൽ 160 മി.മീ. വ്യാസം ഉള്ള 60 കി.മീ. പൈപ്പ് ലൈനും 140 പൊതു ടാപ്പുകളും ഏതാനും ഗാർഹിക കൺക്ഷനുകളും ഉണ്ട്. എന്നാൽ സ്ക്കീമിന്റെ ശേഷിക്കുറവും, ഭൂപ്രകൃതിയുടെ പ്രത്യേകതയും കാരണം ഇതിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല.

**പ്രശ്നങ്ങൾ :**

1. എല്ലാ വാർഡുകളിലും, വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഉണ്ട്.
2. നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല.

### നിലവിലുള്ള അയിരൂർ കാഞ്ഞീറ്റുകര പദ്ധതിയെ ക്കുറിച്ച്

L.I.C. യുടെ ധനസഹായത്തോടുകൂടി ആരംഭിച്ച ഈ പദ്ധതിയിൽ പമ്പയാറ്റിൽ നീലംപ്ലാവ് കടവിൽ നിർമ്മിച്ചിട്ടുള്ള കിണറ്റിൽ നിന്നും ഇൻഫിൽട്രേഷൻ ഗ്യാലറിയിലൂടെ ശുദ്ധീകരിച്ച വെള്ളം 150 മി.മീ. വ്യാസമുള്ള ഇരുമ്പുപൈപ്പിലൂടെ ആലുങ്കൽ എന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള പ്രധാന ഭൂഗർഭ സംഭരണിയിലേക്ക് 40 കുതിരശക്തിയുള്ള പമ്പ് ഉപയോഗിച്ച് പമ്പ് ചെയ്ത് വെള്ളം എത്തിക്കുന്നു. ഈ ടാങ്കിൽ നിന്നും 30 കുതിര ശക്തി പമ്പുപയോഗിച്ച്

100 മി.മീ വ്യാസമുള്ള പൈപ്പിലൂടെ തേക്കുംങ്കൽ ഭൂതല ജലസംഭരണിയിൽ വെള്ളം എത്തിക്കുന്നു. (സംഭരണശേഷി - 3,77,000 ലിറ്റർ). തേക്കുങ്കൽ ടാങ്കിൽ നിന്നും തേക്കുങ്കൽ, പ്ലാങ്കമൺ ഭാഗങ്ങളിൽ ജലവിതരണം നടത്തുന്നു. കാഞ്ഞീറ്റുകര ഭാഗത്തേക്കുവേണ്ടി ആലുങ്കൽ ടാങ്കിൽ നിന്നും 160 മി.മീ. വ്യാസമുള്ള പി.വി.സി. പൈപ്പിലൂടെ മാന്നാകുഴിയിൽ പണിതീർത്തിട്ടുള്ള സമ്പിൽ വെള്ളമെത്തിക്കുകയും, അവിടെ നിന്ന് 100 മി.മീ വ്യാസമുള്ള ഇരുമ്പുകുഴലിലൂടെ 30 കുതിരശക്തി പമ്പുപയോഗിച്ച് കാഞ്ഞീറ്റുകരയിൽ പണിതീർത്തിട്ടുള്ള ഭൂതല സംഭരണിയിൽ (സംഭരണ ശേഷി 3,77,000 ലിറ്റർ) വെള്ളം എത്തിക്കുന്നു. അവിടെനിന്നും കാഞ്ഞീറ്റുകര ഭാഗത്ത് ജലവിതരണം നടത്തുന്നു. പദ്ധതിയിലാകെ 160 മി.മീ. മുതൽ 40 മി.മീ. വരെ വ്യാസമുള്ള 60 കി.മീറ്റർ വിവിധയിനം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ 140 പൊതുടാപ്പുകൾ ഉണ്ട്. 12,700 പേർക്ക് ശുദ്ധജലം ലഭ്യമാകുന്നതിനുവേണ്ടി രൂപകൽപ്പനചെയ്ത് പണി പൂർത്തിയാക്കിയിട്ടുള്ള ഈ പദ്ധതിയുടെ ചിലവ് 114.70 ലക്ഷം രൂപയാണ്.

പദ്ധതിയിലെ മറ്റു വിവരങ്ങൾ

(1) **പമ്പിംഗ് ഷിഫ്റ്റുകൾ**

നീലം പ്ലാവ് പമ്പ് ഹൗസിൽ (സ്രോതസ്സ്) 2 ഷിഫ്റ്റിൽ പമ്പുചെയ്യുന്നു. 10 PM to 6 AM & 6 AM to 2 PM വരെ എല്ലാ ദിവസവും.

ആലുങ്കൽ പമ്പുഹൗസിൽ ഒരു ഷിഫ്റ്റ് മാത്രമേയുള്ളു. പമ്പിംഗ് സമയം രാവിലെ 6 മുതൽ 2 മണിവീരയും, രാത്രി 10 മുതൽ പിറ്റേദിവസം രാവിലെ 6 വരെയും ഒന്നിടവിട്ട ദിവസങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു.

കാഞ്ഞീറ്റുകര പമ്പുഹൗസിൽ ഒരു ഷിഫ്റ്റ് മാത്രമേയുള്ളു. മേൽ വിവരിച്ചതുപോലെ ക്രമീകരിച്ചിരിക്കുന്നു.

(2) വിതരണക്കുഴലുകൾ

മൊത്തം വിതരണക്കുഴലിന്റെ നീളം 60 കി.മീറ്ററാണ്. ( HDPE കറുത്ത പൈപ്പ് ഉൾപ്പടെ.)

മൊത്തം കറുത്ത പൈപ്പകളുടെ നീളം - 35 കി.മീറ്റർ

മാറ്റിയ കറുത്ത പൈപ്പിന്റെ നീളം - 17 കി.മീറ്റർ

ഇനിയും മാറ്റേണ്ട കറുത്ത പൈപ്പിന്റെ നീളം- 18 കി.മീറ്റർ

വിതരണ ശൃംഖലയിൽ 140 പൊതുടാപ്പുകൾ നിലവിലുണ്ട്.

നിർദ്ദേശങ്ങൾ

1. സ്രോതസ്സിൽ നിന്നും ആലുങ്കൽ ഭൂതല ജലസംഭരണിയിലേക്കുള്ള പമ്പിംഗിന്റെ ശേഷി 3 മടങ്ങ് വർദ്ധിപ്പിക്കുക.
2. തേക്കുങ്കൽ മാന്നാക്കുഴി ജലസംഭരണിയിലേക്ക് ഒന്നിടവിട്ട ദിവസങ്ങളിൽ ഒരു ഷിഫ്റ്റ് പമ്പ്ചെയ്യുന്നത് ദിവസവും 2 ഷിഫ്റ്റാക്കുക.
3. നിലവിലുള്ള സംഭരണികൾക്ക് പുറമേ, മലങ്കോട്ട, വട്ടമല, സി.എസ്.ഐ. പള്ളി, കടിയൻ കുന്ന്, പുത്തൻ ശബരിമല എന്നീ സ്ഥലങ്ങളിൽ കൂടി ജലസംഭരണികൾ പണിത് സ്രോതസ്സുമായി പമ്പ് മുഖേന ബന്ധപ്പെടുത്തുക.
4. നിലവിലുള്ള പൈപ്പ്ലൈൻ 50% ആളുകളുടെ ആവശ്യം നിറവേറ്റുന്നതിന് പര്യാപ്തമല്ല. ഇതിൽ തന്നെ ഗുണനിലവാരം കുറഞ്ഞ 18 കി.മീ. പൈപ്പുകൾ മാറ്റിസ്ഥാപിക്കേണ്ടവയാണ്. പലസ്ഥലങ്ങളിലും ഉള്ള പൈപ്പ്ലൈനുകൾ

ആവശ്യമായ വ്യാസം ഉള്ളവയല്ല. ഇവയെല്ലാം മാറ്റിസ്ഥാപിക്കുക.

5. പവ്വർകട്ടും, വോൾട്ടേജ് ക്ഷാമവും പമ്പിംഗിനെ ബാധിക്കാതിരിക്കത്തക്കവണ്ണം ജനറേറ്ററോ മറ്റ് സംവിധാനങ്ങളോ ഏർപ്പെടുത്തണം.

6. പമ്പിന്റേയും, പൈപ്പ് ലൈനുകളുടേയും അറ്റകുറ്റപണികൾ യഥാസമയം നടത്തുന്നതിന് ആവശ്യമായ സാധനസാമഗ്രികളും, പരിചയസമ്പന്നരായ ജോലിക്കാരെയും പഞ്ചായത്തടിസ്ഥാനത്തിൽ നിയോഗിക്കുക.

7. വിവിധ പമ്പിംഗ് സ്റ്റേഷനുകളേയും, ജലസംഭരണികളേയും ബന്ധിപ്പിച്ച് വാർത്താ വിനിമയ സൗകര്യം ഏർപ്പെടുത്തുക.

8. നിലവിലുള്ള പഞ്ചായത്ത് കിണറുകളുടേയും, കുളങ്ങളുടേയും അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയായി സൂക്ഷിക്കുക.

9. ജലം ശുദ്ധമായി സൂക്ഷിക്കുന്നതിന്റെയും പഴകാതിരിക്കുന്നതിന്റെയും ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണം നടത്തുക.

10. ഭൂമിയുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്ന വിവിധ പദ്ധതികൾ പഞ്ചായത്തിലൂടെ നടപ്പാക്കുന്നതിന് മുൻകൈ എടുക്കുക.

11. പഞ്ചായത്തിലെ പുതിയ ജലവിതരണ പദ്ധതിയുടെ ചുമതലയും, ജീവനക്കാരുടെ നിയന്ത്രണവും പൂർണ്ണമായി പഞ്ചായത്തിന് വിട്ടുകൊടുക്കുക.

കൂടുതലായി താഴെ പറയുന്ന വാർഡുകളിൽ പൈപ്പ്ലൈൻ നീട്ടി ടാപ്പ് സ്ഥാപിക്കണം.

| വാർഡ് | പ്രദേശം | പൈപ്പിന്റെ നീളം | ടാപ്പുകളുടെ എണ്ണം |
|---|---|---|---|
| 1 | ഇടപ്പാവൂർ | 5 കി.മീ. | 25 |
| 2 | മുക്കന്നൂർ, കൈതകോടി | 3 " | 15 |
| 3 | ചിഴപ്പുഴം, കുളത്തുങ്കൽപടി | 5 " | 22 |
| 4 | മതാപ്പാഴ, ചാലുമണൽ | 2 " | 10 |
| 5 | കടിയൻ കുന്ന്, ഞൂറൂർ | 6 " | 30 |
| 6 | കാഞ്ഞീറ്റുകര എ | 4 " | 20 |
| 7 | കാഞ്ഞീറ്റുകര ബി. പുത്തേറം | 6 " | 30 |
| 8 | പ്ലാങ്കമൺ, വെള്ളിയഴ | 5 " | 20 |
| 9 | പ്ലാച്ചേരി–തീയാടിക്കൽ | 6 " | 25 |
| 10 | തടിയൂർ–കടയാർ | 9 " | 35 |

## ആരോഗ്യം

വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും വൈദ്യകുടുംബങ്ങളെയാണ് ആശ്രയിച്ച് വന്നിരുന്നത്. ഇത് പ്രധാനമായും ആയൂർവ്വേദ വിധിപ്രകാരമായിരുന്നു. ആധുനിക ചികിത്സാ സമ്പ്രദായങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. അന്ധവിശ്വാസ ജഡിലമായ ചികിത്സാസമ്പ്രദായങ്ങൾക്കായിരുന്നു മുൻഗണന. കാഞ്ഞീറ്റുകരയിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികത്സാരംഗത്തെ പ്രഥമ സ്ഥാപനം. ഇപ്പോൾ ഈ പഞ്ചായത്തിൽ താഴെ പറയുന്ന 24 ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ 1
2. ഗവ: ജില്ലാ ആയൂർവ്വേദ ആശുപത്രി 1

3. ഗവ: ഹോമിയോ ആശുപത്രി 1
4. പ്രൈവറ്റ് ആയുർവ്വേദ ഡിസ്പൻസറി 11
5. പൈവറ്റ് ഹോമിയോ ഡിസ്പൻസറി 3
6. പ്രൈവറ്റ് അലോപ്പതി ക്ലിനിക്ക് 6
7. പ്രകൃതി ചികിത്സാ കേന്ദ്രം 1

ഇത്രയധികം ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ഉണ്ടെങ്കിലും രോഗനിർണ്ണയത്തിനും, ആധുനിക ചികിത്സക്കും സമീപപ്രദേശമായ കൊഴഞ്ചേരിയിലും, തിരുവല്ലായിലും പ്രവർത്തിച്ചുവരുന്ന ചികിത്സാകേന്ദ്രങ്ങ- ളെയാണ് ജനങ്ങൾ ആശ്രയിച്ച് വരുന്നത്. എന്നാൽ ഈ ആശുപത്രികളിലെ ഭീമമായ ചികിത്സാ ചിലവുകൾ വഹിക്കാൻ നിവർത്തിയില്ലാത്ത ബഹുഭൂരിപക്ഷം ജനങ്ങൾക്കും, നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമെങ്കിലും പഞ്ചായത്തിൽതന്നെ പ്രവർത്തിക്കന്ന മേൽപറഞ്ഞ സ്ഥാപനങ്ങൾ തന്നെയാണ് ആശ്രയം. അതിനാൽ പഞ്ചായത്തിലെ ഗവർമെന്റ് ചികിത്സാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

അയിരൂർ പഞ്ചായത്തിൽ പോഷകാഹാരക്കുറവുള്ള കുട്ടികൾ 5% ശതമാനത്തിൽ താഴെ മാത്രമേ ഉള്ളു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾ ആരും തന്നെ ഇവിടെ ഇല്ല. അമ്മമാരിൽ നല്ല പങ്കും കുടുംബാസൂത്രണ പരിപാടി സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ജനനനിരക്ക് വളരെ കുറവാണ്. പഞ്ചായത്തിലെ മുൻ വർഷത്തെ ജനനനിരക്ക് 6.2 മാത്രമാണ്. പഞ്ചായത്തിലെ മരണനിരക്കും വളരെ കുറവാണ്. മുൻവർഷത്തെ കണക്കനുസരിച്ച് മരണനിരക്ക് 2.6 ആണ്.

എല്ലാ വാർഡുകളിലും ബാലവാടികളോ, അംഗനവാടികളോ പ്രവർത്തിക്കുന്നില്ല. ഇപ്പോൾ നിലവിലുള്ള ബാലവാടികളിൽ കരി കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നുണ്ട്.

## നിർദ്ദേശങ്ങൾ

### a) P.H. സെന്റർ

1. കെട്ടിടത്തിന്റെ അറ്റകുറ്റ പണികളും, ഉപകരണങ്ങളുടെ കേടുപാടുകളും തീർക്കുക.
2. വൈദ്യുതീകരണം കുറ്റമറ്റതക്കി എല്ലാ കെട്ടിടങ്ങൾക്കും ലഭ്യമാക്കുക.
3. ശുദ്ധജല വിതരണത്തിന് സംവിധാനം ഉണ്ടാക്കക.
4. ആശുപത്രികൾക്ക് സഞ്ചാരയോഗ്യമായ ഒരു വാഹനം നൽകുക.
5. കൂടുതൽ ജോലിക്കാരെ നിയമിച്ച് ഐ.പി. വിഭാഗം പ്രവർത്തനക്ഷമമാക്കുക.
6. രാത്രികാലങ്ങളിൽ ഡോക്ടർമാരുടേയും നേഴ്സുമാരുടേയും സേവനം ലഭ്യമാക്കത്തക്ക രീതിയിൽ നിയമനം നടത്തുക.
7. നിലവിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സ് ഉപയോഗ പ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. ആവശ്യമായ മരുന്ന് യഥാസമയം എത്തിക്കുക.
9. ലബോറട്ടറി പ്രവർത്തനം കാര്യക്ഷമമാക്കുക.
10. പൊതുജനാരോഗ്യ പ്രവർത്തകരുടെ സേവനം എല്ലാ വാർഡുകളിലേക്കും വ്യപിപ്പിക്കുക. (ഇപ്പോഴുള്ള ഫീൽഡ് പ്രവർത്തനം തൃപ്തികരമല്ല.)

### b) ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി (ജില്ലാ ആശുപത്രി)

സ്ഥലസൗകര്യം ഇല്ല എന്നുള്ളതാണ് ആയുർവ്വേദാശുപത്രിയുടെ പ്രധാന പ്രശ്നം. പുതിയതായി പണി നടന്നുകൊണ്ടിരിക്കുന്ന കെട്ടിടിന്റെ

പണി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും, കൂടുതലായി വാർഡുകൾ പണിയുന്നതിനും നടപടി സ്വീകരിക്കുക.

C) ഹോമിയോ ഡിസ്പൻസറി

സ്വന്തമായി സ്ഥലവും, സൗകര്യപ്രദമായ കെട്ടിടവും ആവശ്യത്തിനുള്ള ജീവനക്കാരും ഇല്ല. എത്രയും വേഗം സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

കക്കൂസ്

പരിസര ശുചിത്വത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാമത്തെ കാരണം തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനമാണ്. ആകെയുള്ള 6,005 വീടുകളിൽ 50%-ൽ താഴെ വീടുകൾക്ക് മാത്രമേ ആധുനിക രീതിയിലുള്ള കക്കൂസുകൾ ഉള്ളൂ. 20% വീടുകൾക്ക് മറ്റ് താഴ്ന്ന രീതിയിലുള്ള കക്കൂസുകളും ഉണ്ട്. 30% വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല. സ്ഥല പരിമിതി, സാമ്പത്തികശേഷിക്കുറവ് ഇവയാണ് സ്വന്തമായി കക്കൂസ് നിർമ്മിക്കാത്തതിന് കാരണം. ഇത് ഒരു പൊതുപ്രശ്നമായി കണക്കിലെടുത്ത് സാമ്പത്തിക- ശേഷി ഇല്ലാത്ത ആളുകൾക്ക് സന്നദ്ധസംഘടനകളും, സർക്കാരും ചേർന്ന് കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്. ഒരു വീട്ടിലെ പരിസര മലിനീകരണം അവരെ മാത്രമല്ല, ചുറ്റുപാടും താമസിക്കുന്നവരേയും ബാധിക്കുന്നതാണ്.

പരിസര ശുചിത്വം

ഇടതൂർന്ന മരങ്ങളും, കെട്ടിക്കിടക്കുന്ന വെള്ളവും കാരണം കൊതുക് വർദ്ധിച്ചിരിക്കുകയാണ്. അതിനാൽ മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങൾ വൃത്തിയാക്കുന്നതിനും, കൊതുക് നശീകരണ മരുന്നുകൾ കാലാകാലങ്ങളിൽ തളിക്കുന്നതിനും പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കേണ്ടതാണ്. പരിസര ശുചീകരണത്തെക്കുറിച്ച് വാർഡ്തല സന്നദ്ധ സംഘടനകൾ രൂപീകരിച്ച് ബോധവൽക്കരണവും, ശുചീകരണ പ്രവർത്തനങ്ങളും നടത്താവുന്നതാണ്. ഒരു കുടുംബത്തിന്റെ ഭൂമിയുടെ പരിധി ഏതാനും സെന്റുകളായി ചുരുങ്ങിയിരിക്കുന്നു. അതിനാൽ ഇങ്ങനെയുള്ള വീടുകളിലെ ശവദാഹം പ്രശ്നമായി വന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുകയും, ചപ്പു ചവറുകൾ ശേഖരിക്കാനുള്ള വീപ്പകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ഇന്നത്തെ പുതിയ ജീവിത സാഹചര്യങ്ങളിൽ കുടുംബത്തിലെ പ്രായമായ ആളുകൾ അവഗണിക്കപ്പെട്ടുവരുന്നു. സാമ്പത്തിക ശേഷിയുള്ള കുടുംബത്തിലെ ഇങ്ങനെയുള്ള ആളുകൾ വിവിധ ക്ലബ്ബുകളിൽ പോയി മാനസീകോല്ലാസത്തിനായി സമയം കണ്ടെത്തുന്നു. എന്നാൽ ഇടത്തരക്കാർക്കും, സാധുക്കൾക്കും ഇതിന് സാധിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും മുൻകൈ എടുത്ത് ഏതാനും വൃദ്ധ മന്ദിരങ്ങൾ തുടങ്ങാവുന്നതും, സാമ്പത്തിക ശേഷി ഉള്ളവരിൽ നിന്നും ഇതിന് ഫീസ് ഈടാക്കാവുന്നതുമാണ്.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 5 (6)

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും, നാടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികർ. ഈ തിരിച്ചറിവിന്റെ പരിണാമം ആയിരുന്നു 1934-ൽ രൂപം കൊണ്ട അയിരൂർ പഞ്ചായത്ത്. അതിന്റെ ശ്രമഫലമായി സമ്പൂർണ്ണമായും മാനവവിഭവശേഷി സമാഹരിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളാണ് ഈ പഞ്ചായത്തിൽ കൂടുതലും. പുതിയ ജനകീയാസൂത്രണത്തിന്റെ ഉണർത്തുപാട്ടിനിടയിലും ആവേശജനകമായ ആ സ്മരണ നമുക്ക് ദിശാബോധം പകരുന്നു.

1934-ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഉദ്ദേശം 35 കി.മീ. റോഡുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവയിൽ പ്രധാന റോഡുകൾ :

(1) മുട്ടുമൺ - റാന്നി (2) ചെറുകോൽപ്പുഴ - പൂവനക്കടവ് (3) ആശാൻ റോഡ് (4) മൽപ്പാൻ റോഡ് (5) വെണ്ണിക്കുളം-റാന്നി (തടിയൂർ വഴി) എന്നീ റോഡുകൾ നാടിന്റെ വികസനത്തിന് തുടക്കം കുറിച്ചു.

വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണ് എന്ന വികല ധാരണയും, റോഡുനിർമ്മാണത്തിന് വേണ്ടി പൊതുഫണ്ടിന്റെ ഭൂരിഭാഗവും ചിലവഴിക്കപ്പെടുന്ന പ്രവണതയും റോഡ് ശൃംഖലയുടെ വ്യാപനത്തിന് ആക്കം കൂട്ടി. ഇപ്പോൾ പഞ്ചായത്ത് റോഡുകൾ ആകെ 160 കി.മി. ദൈർഘ്യം ഉണ്ട്. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിന് കാരണം. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാ വികസന പ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാവുന്നു.

### 1. റോഡ് നിർമ്മാണം

#### 1. (1) ടാർ റോഡുകളുടെ പ്രശ്നം

നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം ഇല്ലായ്മ പരിഹരിച്ച് മികച്ച യാത്രാസൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുക എന്ന നിർദ്ദേശം ഉയർന്നുവന്നിരിക്കുന്നു. അപകട കാരണങ്ങളായ വളവുകൾ, റോഡിന്റെ വീതിക്കുറവ്, പാർശ്വങ്ങളിലെ നടപ്പാതയില്ലായ്മ എന്നീ വിഷയങ്ങളും പരിഹരിക്കേണ്ടതുണ്ട്.

1. (2)1 മുതൽ 10 വരെയുള്ള വാർഡുകളിലെ ഗ്രാമസഭകളിൽ നിന്ന് റോഡുകളുടെ പണി എത്രയും വേഗം പൂർത്തിയാക്കുന്നതിനും, യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒട്ടേറെ നിർദ്ദേശങ്ങൾ

ഉയർന്നുവന്നിട്ടുണ്ട്.

1. (3) മെറ്റൽ റോഡുകളുടേയും മൺ റോഡുകളുടേയും ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളേയും, മെറ്റൽറോഡുകളേയും ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും, താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തേണ്ടതാണ്. മെറ്റൽ ചെയ്യുവാനും, ടാർ ചെയ്യുവാനും, നിലവിലുള്ള ഇടവഴികൾ റോഡാക്കി മാറ്റുവാനുമുള്ള നിരവധി നിർദ്ദേശങ്ങളും ഉണ്ട്.

1. (4) ഗതാഗത മാർഗ്ഗങ്ങൾ

പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന ബസ് സർവ്വീസുകളുള്ള മുഖ്യ റോഡുകൾ താഴെ പറയുന്നവയാണ്.

1. തിരുവല്ല-തടിയൂർ-റാന്നി
2. തിരുവല്ല-തടിയൂർ-ചെറുകോൽപ്പുഴ-റാന്നി
3. കോഴഞ്ചേരി-ചെറുകോൽപ്പുഴ-തീയാടിക്കൽ-റാന്നി
4. തിരുവല്ല-കാഞ്ഞീറ്റുകര-ചെറുകോൽപ്പുഴ-റാന്നി
5. ചെറുകോൽപ്പുഴ-തിരുവനന്തപുരം
6. തിരുവല്ല-ചെറുകോൽപ്പുഴ-കുരുടാമണ്ണിൽ കടവ്-റാന്നി

(പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിൽ നിന്നും പഞ്ചായത്ത് ആസ്ഥാനത്തേക്കും, ജില്ലാ ആസ്ഥാനത്തേക്കും എത്തിച്ചേരുവാൻ യാതൊരു വിധമായ ഗതാഗത സൗകര്യവും ഇപ്പോൾ ഇല്ല.

1. (5) പ്രാദേശിക ഗതാഗത സൗകര്യങ്ങൾ

പഞ്ചായത്തിനുള്ളിൽ ലഭിക്കുന്ന ഗതാഗതോപാധിയായ ടാക്സി കാർ, ജീപ്പ്, ഓട്ടോ റിക്ഷാ എന്നിവ ലഭിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ :

(1) ചെറുകോൽപ്പുഴ
(2) പ്ലാങ്കമൺ
(3) നീലംപ്ലാവിൽ കടവ്

1. (6) ചരക്ക് ഗതാഗതത്തിനായി പ്രധാനമായും ലോറി, ടെമ്പോ, ജീപ്പ് എന്നിവയാണ് ഉപയോഗിക്കുന്നത്.

പ്രശ്നങ്ങൾ

അയിരൂർ പഞ്ചായിലെ റോഡുകൾ അഭിമുഖികരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓടയില്ലാത്തതിനാൽ മഴക്കാലത്ത് ഗതാഗതം ദുസ്സഹമായിത്തീരുന്നു. റോഡുകൾ താറുമാറാകുന്നു.
2. റോഡരുകിലുള്ള വൈദ്യുത ടെലഫോൺ പോസ്റ്റുകൾ അപകടം ഉണ്ടാക്കുന്നു.
3. റോഡരുകിൽ ഭവന നിർമ്മാണ സാമാഗ്രികൾ ഇറക്കുന്നത് ഗതാഗതത്തെ ബാധിക്കുന്നു.
4. കാലാകാലങ്ങളിൽ റോഡിന്റെ അറ്റകുറ്റപണികൾ നടത്താതിരിക്കുന്നത് ഒരു പ്രധാന പ്രശ്നമാണ്.
5. കലുങ്കുകളുടെ ദൗർലഭ്യം.
6. റോഡുകളുടെ വീതിക്കുറവും, വളവുകളും അപകടത്തെ വിളിച്ചുവരുത്തുന്നു.

സാധ്യതകൾ

1. ബഹുജന പങ്കാളിത്തത്തോടുകൂടി റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുവാൻ പരിപാടികൾ ആസൂത്രണം ചെയ്യുക.
2. റോഡ് സംരക്ഷിക്കുവാൻ ഗ്രാമസഭകളിൽ ജനകീയ സമിതി രൂപീകരിക്കുക.

. ഓടകൾ വൃത്തിയാക്കി ശരിയായ രീതിയിൽ വെള്ളം ഒഴുകുവാൻ അനുവദിക്കുക.

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

ഗ്രാമസഭയിലെ ചർച്ചയിൽ നിന്നും ഉയർന്നു ‌ന്നിട്ടുള്ള ഘോഡ് നിർമ്മാണത്തെ കുഴിച്ചുള്ള ിർദ്ദേശം

വാർഡ് – 10

. കണിയാറോലിൽ പടി – കുഴിക്കാട് (പാലം ഉൾപ്പടെ)
. പടിഞ്ഞാറ്റേതിൽ പടി – ഓലിക്കൽ

വാർഡ് – 7

. നൊച്ചുമണ്ണിൽ പടി – മുളവേലിക്കുഴിയിൽ
:. പുളിക്കൽ – വലിയകാല
:. മൂഴിക്കൽ – ചുട്ടിപ്പാറ
. അന്നഗിരിപ്പടി – നൂറോമാങ്കൽ
. പുത്തേഴം – പറമ്പിൽപടി
. ചരുവിൽ പടി – പുളിക്കൽപടി
. ചരുവിൽപടി – കീരികോട്ടയിൽ പടി
. മണക്കാലും പുറത്ത് പടി – ചുട്ടിപ്പാറ
. ചെറുകരപ്പടി – വലിയതോട്

വാർഡ് – 9

. ഈറയ്ക്കൽ – അഞ്ചുമരുതി
2. പെരിഞ്ചേരിപ്പടി – പുതിയത്ത്പടി (ചെമ്പകശേശരിപ്പടി)

വാർഡ് – 5

. അഞ്ചുമരുതി – ലക്ഷംവീട് കോളനി

വാർഡ് – 1

1. പാലമുറ്റത്ത് പടി – മേലേതിൽ മേമുറി പടി
2. ഞുണ്ണന്തറപ്പടി – ആലുനിൽക്കുന്ന കലായിൽ പടി

വാർഡ് – 3

1. വടക്കേടത്ത് പടി – മേപ്പുറത്ത് പടി
2. ഉടുമ്പിൻ മല – വെട്ടിക്കാട്
3. ഉടുമ്പിൻമല – ചെളിക്കുഴിപ്പടി
4. കൊണ്ടൂർപടി – പറോട്ടിതടം
5. വട്ടമല – ഞുണ്ണന്തറ

വാർഡ് – 8

1. കുമ്പളാനിൽപടി – തൊണ്ടുവേലിൽപടി

വാർഡ് – 6

1. വൈക്കത്തേത്ത്പടി – പനന്താനത്ത് പടി (ശാസ്താം കോയിക്കൽ അമ്പലം വരെ നീട്ടുക)
2. കാഞ്ഞീറ്റുകര – പുത്തൻകടവ് (കരകോയിയ്ക്കൽ വരെ നീട്ടുക)
3. പെരുമേത്ത്പടി – പുന്തലക്കടവ്

## ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ് – 1

| | | നീളം മി. | വീതി മി. |
|---|---|---|---|
| 1. | തോട്ടുപുറത്ത്പടി – പൂക്കാമണ്ണിൽപടി | 1000 | 5.5 |
| 2. | തോട്ടുപുറത്ത്പടി – തടീത്രപ്പടി | 1250 | 5.5 |
| 3. | പേരൂർച്ചാൽ – വട്ടമല | 1300 | 7 |
| 4. | ഞുണ്ണന്തറപടി – ഗ്രാമോദ്ധാരണം | 800 | 5.5 |
| 5. | വില്ലോത്ത്പടി – ചുറുകുന്നിൽപടി | 1500 | 5.5 |
| 6. | ചുഴുകുന്നിൽപടി – കക്കാട്ടുകുഴി | 600 | 5.5 |
| 7. | ഞുഴുവേലിൽപടി – തോട്ടത്തിൽപടി | 2000 | 7 |
| 8. | ഇല്ലത്ത്പടി – ഓലിക്കൽപടി | 800 | 5.5 |
| 9. | വില്ലോത്ത്പടി – പുത്തൂർകടവ് | 1500 | 7 |
| 10. | പേരൂർച്ചാൽ – കടവ്റോഡ് | 100 | 5 |

വാർഡ് – 2

| | | | |
|---|---|---|---|
| 1. | കുഴിപന്നി – ഇലഞ്ഞിക്കൽപടി | 1250 | 6 |
| 2. | മൂക്കന്നൂർ – കൈലാത്ത് കടവ് | 800 | 5 |
| 3. | മൂക്കന്നൂർ – എൽ.പി.എസ്. ചൂരനോലിക്കൽ | 1000 | 8 |
| 4. | പുതിയകാവ് – താഴത്തേൽപടി (കടവ് റോഡ്) | 200 | 4.5 |
| 5. | പുതിയകാവ് – കുളത്തുങ്കൽ | 1250 | 7 |
| 6. | കടപേഴും കായലിൽപടി – ചിറപ്പുറം | 1000 | 5.5 |

| | | | |
|---|---|---|---|
| 7. | കിഴക്കേപടി - പൊന്തനാലിൽപടി | 1500 | 5.5 |
| 8. | വെട്ടിക്കാട് - ചിറപ്പുറം | 1000 | 8 |

### വാർഡ് - 3

| | | | |
|---|---|---|---|
| 1. | മംഗലത്തകുളം - ചക്കൻചിറവാൽ | 1500 | 5 |
| 2. | വട്ടമല - കാട്ടാത്താനി (പരക്കര) | 2000 | 5 |
| 3. | പള്ളിക്കൽ - പറകോട്ടിതടം | 1000 | 3.5 |
| 4. | കോട്ടക്കൽപടി-മൃഗാശുപത്രിപടി (തേക്കുങ്കൽ) | 1000 | 5 |
| 5. | പ്ലാന്തോട്ടത്തുപടി - ചിറപ്പുറം | 800 | 4 |
| 6. | കുളത്തുങ്കൽപടി - ബെന്നിപ്പടി | 1000 | 4 |
| 7. | കുറികാലാപ്പടി - ആനക്കല്ലിൽപടി | 700 | 4 |
| 8. | പുതിയകാവ് - തേക്കുങ്കൽ | 2650 | 8 |
| 9. | നീലംപ്ലാവ് - വെട്ടിക്കാട് | 1200 | 8 |
| 10. | മതാപ്പാറപള്ളിപ്പടി-കുരിശുംമൂട് | 100 | 8 |
| 11. | സഖ്യം റോഡ് (ഉടുമ്പുമല-മേപ്പുറത്ത്പടി) | 500 | 6 |
| 12. | ആലുങ്കൽപടി - വളക്കാട്ട്പടി | 1000 | 8 |
| 13. | ഉടുമ്പുമലപള്ളിപ്പടി - ചെളിക്കുഴി | 1000 | 4 |
| 14. | പിച്ചനാട്ട്പടി - ഐക്കാട്ട്പടി | 1000 | 5 |

### വാർഡ് - 4

| | | | |
|---|---|---|---|
| 1. | മനപ്പുറംകുന്ന് - ലിങ്ക്റോഡ് | 225 | 4.5 |
| 2. | അഴകത്തുപടി - വലിയതറ | 600 | 4.5 |
| 3. | മണ്ണൂർതാഴത്തേതിൽ - പള്ളിപ്പടി | 275 | 5 |
| 4. | പന്തോളിൽപടി - ആറ്റുകടവ് | 110 | 5 |
| 5. | താഴമൺ - ആറ്റുകടവ് | 150 | 5 |
| 6. | കൈപ്പിലാൽപടി - കൊണ്ടൂർകടവ് | 385 | 4 |
| 7. | വേലൻപടി - മതാപ്പാറ | 1000 | 6 |
| 8. | ആയുർവേദ ആശുപത്രി - കുരിയിലയ്യം | 600 | 5.5 |
| 9. | ചാലുമണൽ - മതാപ്പാറ | 1000 | 8 |
| 10. | കല്ലോത്ത്പടി - കനാൽറോഡ് | 310 | 4.5 |
| 11. | കല്ലോത്ത്പടി - ഇളവെട്ടപടി | 10000 | 5.5 |

### വാർഡ് - 5

| | | | |
|---|---|---|---|
| 1. | ഇടത്രാമൺ - അഞ്ചുമരുതി | 800 | 6 |
| 2. | ഇടത്രാമൺ - വെള്ളിയറക്ഷേത്രം | 1200 | 8 |
| 3. | 12-ാം മൈൽ പി.സി.റോഡ് | 3000 | 8 |
| 4. | ഇടത്രാമൺ - കണ്ണന്നൂർ പറമ്പ് | 1800 | 6 |
| 5. | ആലുങ്കൽപടി - പേക്കാവുങ്കൽപടി | 200 | 6 |
| 6. | വിലങ്ങുപാറ - കോട്ടക്കൽപടി | 300 | 6 |
| 7. | സഖ്യം റോഡ് | 1000 | 5 |
| 8. | അയിരൂർ ചന്ത - കടിയൻകുന്ന് | 1000 | 6 |
| 9. | മൂലയ്ക്കൽ പീടിക - ചുഴുകുന്നിൽപടി | 400 | 6 |
| 10. | അഞ്ചുമരുതി - കണ്ണന്നൂർ പറമ്പ് | 1500 | 6 |
| 11. | കെ.പി. റോഡ്. | 600 | 6 |

### വാർഡ് - 6

| | | | |
|---|---|---|---|
| 1. | കരിമ്പിനക്കൽപടി - വേലൻകാവ് | 190 | 5 |
| 2. | കാഞ്ഞീറ്റുകര - പുത്തൻകടവ് | 300 | 4 |
| 3. | പുതിയത്തുപടി - റ്റി.എൻ.എ.എം. എൽ.പി.എസ്. | 415 | 4 |
| 4. | പുതിയത്തുപടി - പള്ളിപ്പടി | 721 | 4.5 |
| 5. | കാട്ടുപുരയിടം - കരിങ്കോളിക്കുഴിയിൽ | 650 | 4 |
| 6. | കാട്ടുപുരയിടം - ചിറ്റുരവിക്കൽ | 405 | 5 |
| 7. | കാവിൽകവല - വലിയതറ | 1160 | 6 |
| 8. | ചക്കൻചിറപടി - വാളിയ്ക്കൽപടി | 450 | 4 |

### വാർഡ് - 7

| | | | |
|---|---|---|---|
| 1. | നിലനാരകത്തുങ്കൽ - കാട്ടുപുരയിടം | 1900 | 5.5 |
| 2. | ആടിമാങ്കൽ - മുതുപാലയ്ക്കൽ | 1060 | 6 |
| 3. | മുതുപാലയ്ക്കൽ - കരിമ്പുങ്കൽ | 1080 | 6.5 |
| 4. | പുത്തേഴം - കുളത്തുങ്കൽ | 470 | 3 |
| 5. | വടക്കേഴുത്ത്പടി - മുണ്ടപ്ലാക്കൽ | 600 | 5.5 |
| 6. | ചെറുകരപ്പടി - മാന്നാകുഴി | 775 | 6 |
| 7. | പുത്തേഴം - ഇടത്രാമൺ | 500 | 8 |
| 8. | കാവുംമുക്ക് - പുറംപാറ (ബഥേൽ ചർച്ച്) | 600 | 6 |

### വാർഡ് - 8

| | | | |
|---|---|---|---|
| 1. | മുക്കുഴി - പൂവൻമല | 960 | 6 |
| 2. | മുക്കുഴി - ചിരട്ടോലിൽ തടം (പൂവൻമല) | 1100 | 5 |
| 3. | പൂവൻമല - കുമ്പളന്താനം (പന്നിക്കുന്ന്) | 1215 | 7 |
| 4. | പുതുക്കുളങ്ങര - പനംപ്ലാവ് | 1200 | 5 |
| 5. | പ്ലാങ്കമൺ - പന്നിക്കുന്ന് (വാര്യത്ത് പടി) | 3000 | 8 |
| 6. | പനംപ്ലാവ് - പൊടിപ്പാറ | 1250 | 5 |
| 7. | പൂവൻമല - കാട്ടാത്താനി | 580 | 4 |
| 8. | പൂവൻമല - പുതുംകുഴി | 650 | 4 |
| 9. | ഓന്തിമാവ് - കാരമല | 600 | 4 |
| 10. | പുതുക്കുളങ്ങര - മൂക്കൻപൊത്തി | 1000 | 5 |
| 11. | പന്നികുന്ന് - പ്ലാച്ചേരി | 1500 | 5 |

### വാർഡ് - 9

| | | | |
|---|---|---|---|
| 1. | മാമ്പുഴശേശരിപടി - വാര്യത്ത്പടി | 795 | 5 |
| 2. | പ്ലാങ്കമൺ - വലിയകാലായിൽപടി | 300 | 8 |
| 3. | ഈറയ്ക്കൽ - അഞ്ചുമരുതി | 1000 | 5 |
| 4. | ആടിയാനിൽ - പനച്ചിക്കൽ കോളനി | 1335 | 8 |

| | | | |
|---|---|---|---|
| 5. | തോണിപ്പാറ - പനച്ചിക്കൽ കോളനി | 515 | 8 |
| 6. | കൊണ്ടൂർപടി - കൊണ്ടേത്രപടി | 1190 | 8 |
| 7. | പൊടിപ്പാറ - മണ്ണാകുന്നിൽപടി | 860 | 7 |

## വാർഡ് - 10

| | | | |
|---|---|---|---|
| 1. | ഇട്ടിയപ്പാറ - ഇണ്ടനാട് | 800 | 6 |
| 2. | കടയാർ - മുതുപാലയ്ക്കൽ (കരിമ്പുകൽ കിഴക്കേ ചെരുവിൽ പടി) | 700 | 6 |
| 3. | എൻ.എസ്.എസ്. ഹൈസ്ക്കൂൾ - അരുവിക്കുഴി | 600 | 6 |
| 4. | കരിഞ്ചോലത്തുണ്ടി - കുരിശുമുട്ടം | 500 | 6 |
| 5. | എൻ.എസ്.എസ്. ഹൈസ്ക്കൂൾ, പേഴത്താമങ്കൽ | 700 | 4.5 |
| 6. | കടയാർ - പ്ലാങ്കമൺ (കൊണ്ടൂർപടി ദേവീക്ഷേത്രം) | 1000 | 6 |
| 7. | വട്ടപ്പാറപടി - രാമങ്കല്ലിൽപടി | 500 | 6 |
| 8. | തടത്തേമുക്ക് - പുത്തൻ ശബരിമല (മുണ്ടപ്ലാക്കൽ) | 600 | 5.5 |
| 9. | കടയാർ - കരിഞ്ചോളതുണ്ടി | 100 | 6 |
| 10. | ഇണ്ടനാട്പടി - താന്നിക്കൽപടി | 800 | 4.5 |
| 11. | മരുതിവേലിക്കടം - പുളിമുട്പടി | 500 | 4 |
| 12. | കടയാർ - മുതുപാലയ്ക്കൽ (ഊന്നുവേലിൽപടി - കോതമാങ്കൽ) | 400 | 6 |
| 13. | കാലായിൽപടി - കോവൻചിറ | 800 | 6 |
| 14. | പുതുകുളങ്ങരപടി - കോതമാങ്കൽപടി | 400 | 4 |
| 15. | പുതുകുളങ്ങരപടി - തായില്ലത്ത്പടി | 400 | 4 |

# പാലം, കലുങ്ക്, അതിരുഭിത്തികൾ മുതലായവ നിർമ്മിക്കേണ്ട റോഡുകൾ

## വാർഡ് - 1

1. കൊന്നക്കൽപടി (നടപ്പാലം)
2. കുളികടവിങ്കൽ തോട് (ചപ്പാത്ത്)
3. പള്ളിക്കൽ തോട് (ചപ്പാത്ത്)
4. ഗ്രാമോദ്ധാരണം തോട് (ചപ്പാത്ത്)

## വാർഡ് - 2

1. മൂക്കന്നൂർ എൽ.പി. സ്ക്കൂൾ ജംഗ്ഷൻ (കലുങ്ക്)
2. കൈതകോടി - ചിഴപ്പുഴം (കലുങ്ക്)
3. കടപേറും കാലവടി - ചിറപ്പുറം (അതിരുഭിത്തി)
4. വെട്ടിക്കാട് - ചിറപ്പുറം (അതിരുഭിത്തി)

## വാർഡ് - 3

1. ആനകല്ലിൽപടി റോഡിൽ (കലുങ്ക് വീതികൂട്ടുക)
2. തേക്കുങ്കൽ - വെട്ടുകാട് റോഡ് (ചപ്പാത്ത്)
3. നീലംപ്ലാവ് - പ്ലാങ്കമൺ റോഡ് (വീതികൂട്ടി അതിരുഭിത്തി കെട്ടുക)
4. മതാപ്പാറ - കുരിശുംമൂട് (വീതികൂട്ടി അതിരുഭിത്തി കെട്ടുക)
5. തേക്കുങ്കൽ - ചിറപ്പുറം (വീതികൂട്ടി അതിരുഭിത്തി കെട്ടുക)
6. നീലം പതാലിൽ കടവ് (റാമ്പ് നിർമ്മിക്കുക)

## വാർഡ് - 4

1. കല്ലോത്ത്പടി - ഇളവെട്ടപടി റോഡിൽ (അതിരുഭിത്തി)
2. അഴകത്ത്പടി - വലിയതറ റോഡ് (അതിരുഭിത്തി)
3. ചാലുമൺ - മതാപ്പാറ (അതിരുഭിത്തി)
4. പുത്തേത്ത്പടി (പാലം)
5. കണിപറമ്പിൽപടി (പാലം)

## വാർഡ് - 5

1. കെ.പി.റോഡ് (കലുങ്ക്)
2. വിലങ്ങുപാറ - തേക്കുങ്കൽ (ചപ്പാത്ത്) (കോട്ടയ്ക്കൽപടി റോഡിൽ)
3. പേക്കാവുങ്കൽ - വല്ല്യേലിൽ ഭാഗം (പാലം)
4. മൂലക്കൽ പീടിക - മാന്നാകുഴിപടി (അതിരുഭിത്തി)
5. ഇടത്രാമൺ പാടശേഖരം (പി.സി.റോഡ് ) (അതിരുഭിത്തി)
6. പേക്കാവുങ്കൽപടി - തേക്കുങ്കൽ (കലുങ്ക്)
7. കൊണ്ടൂർപടി - മണക്കാലുംപുറത്ത്പടി (പാലം, അതിരുഭിത്തി)

## വാർഡ് - 6

1. വെക്കത്തേത്ത്പടി - പനംതാനത്ത്പടി (വീതികൂട്ടുക, അതിരുഭിത്തി)
2. കൊയ്പ്പള്ളിൽ - മേലേതിൽപടി (വീതികൂട്ടുക, അതിരുഭിത്തി)

(പേഴും കാട്ടൽ പടി)

3. കാവിൽ കവല - വലിയതറ റോഡ് (കലുങ്ക്, ചപ്പാത്ത്, അതിരുഭിത്തി)
4. കാട്ടുപുരയിടം - ചിറ്റരുവിക്കൽ (കലുങ്ക്, ചപ്പാത്ത്, അതിരുഭിത്തി)
5. പുതിയത്ത്പടി - പള്ളിപ്പടിറോഡ് (അതിരുഭിത്തി)
6. കാട്ടുപുരയിടം - കരിഞ്ചോളക്കുഴി റോഡ് (അതിരുഭിത്തി)
7. കാവിൽ കവല - തോട്ടാവള്ളിപടി (അതിരുഭിത്തി) (ആശാൻറോഡ്)

### വാർഡ് - 7

1. പുത്തേഴം ജംഗ്ഷനിൽ (അതിരുഭിത്തി)
2. ചരുവിൽപടി - പാലയ്ക്കൽപടി (അതിരുഭിത്തി)
3. മുതുപാലയ്ക്കൽ - കോതമാങ്കൽ (അതിരുഭിത്തി)
4. പുത്തേഴം - കുളത്തുങ്കൽ റോഡിൽ (പാലം) (തടത്തേൽ ഭാഗം)
5. മുതുപാലയ്ക്കൽ - കരിമ്പുങ്കൽ (അതിരുഭിത്തി)
6. മുണ്ടപ്ലാക്കൽ - വടക്കേഴത്തുപടി (അതിരുഭിത്തി)
7. ചെറുകരപ്പടി - മാന്നാക്കുഴി റോഡ് (അതിരുഭിത്തി)
8. പുത്തേഴം - കാട്ടുപുരയിടം (അതിരുഭിത്തി)
9. മുതുപാലയ്ക്കൽ - കരിമ്പുങ്കൽ (കലുങ്ക്)

### വാർഡ് - 8

1. മുക്കുഴി - പൂവൻമല റോഡ് (അതിരുഭിത്തി)
2. പൊടിപ്പാറ - പനംപ്ലാവ് (അതിരുഭിത്തി)
3. പ്ലാങ്കമൺ - പന്നികുന്ന് (കലുങ്ക്)
4. പൊടിപ്പാറ - പനംപ്ലാവ് (ചപ്പാത്ത്)
5. പനംപ്ലാവ് - പൂവൻമല (ചപ്പാത്ത്)

### വാർഡ് - 9

1. തോണിപ്പാറ (കലുങ്ക്) (വരിക്കാനിക്കുടിപടി മുകൾ വശം) (അതിരുഭിത്തി,
2. ഈറയ്ക്കൽ - അഞ്ചുമരുതി (അതിരുഭിത്തി, കലുങ്ക്)
3. ആടിയാനിൽ - പനച്ചിക്കൽ (അതിരുഭിത്തി)
4. തോണിപ്പാറ (അതിരുഭിത്തി)
5. കൊണ്ടേത്രപ്പടി - വലിയകാലാപടി (ചപ്പാത്ത്, അതിരുഭിത്തി)

### വാർഡ് - 10

1. പാലക്കുഴി - ശ്രികണ്ഠേശ്വരം ക്ഷേത്രം (കലുങ്ക്)
2. തീയാടിക്കൽ - കൊക്കാവള്ളിഭാഗം (അതിരുഭിത്തി, പാലം)
3. കടയാർ - മുതുപാലയ്ക്കൽ (അതിരുഭിത്തി) (കരിമ്പുങ്കൽ)
4. വെണ്ണിക്കുളം - റാന്നി (അതിരുഭിത്തി, കലുങ്ക്) (കുരിശുംമൂട്ടിൽപടി, തടിയൂർ)
5. എൻ.എസ്.എസ്. ഹൈസ്ക്കൂൾ, തടിയൂർ (കലുങ്ക്)
6. കുരിശുമുട്ടം റോഡിൽ (തെക്കേക്കരപടി) (കലുങ്ക്)
7. കുഴിക്കാട്ട് ഭാഗം (പാലം)
8. കടയാർ-മുതുപാലയ്ക്കൽ (കരിമ്പുങ്കൽ) (വീതികൂട്ടുക)
9. ഇട്ടിയപ്പാറ - ഇണ്ടനാട് (അതിരുഭിത്തി)

## റയിൽ ഗതാഗതം

**നിർദ്ദേശങ്ങൾ :**

യാത്രാ സൗകര്യങ്ങളിലും, ചരക്കുഗതാഗതങ്ങളിലും അതിപ്രധാന പങ്കാണ് ഇന്ന് റയിൽവേയ്ക്ക് ഉള്ളത്. റയിൽവേ ലൈനിന്റ കാര്യത്തിൽ പത്തനംതിട്ട ജില്ല പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുകയാണ്. ജില്ലയിലെ ഏക റയിൽവേ സ്റ്റേഷൻ തിരുവല്ലയാണ്. അയിരൂർ പഞ്ചായത്തിൽ കൂടി കടന്നുപോകത്തക്കവിധം ഒരു റയിൽപ്പാത ഉണ്ടായാൽ മലയോര പ്രദേശങ്ങളുടെ വികസനത്തിനും, അതോടൊപ്പം ലക്ഷോപലക്ഷം ശബരിമല തീർത്ഥാടകരുടെ യാത്രാസൗകര്യത്തിനും ഏറ്റവും സഹായകമായിരിക്കും. തിരുവല്ലയിൽ നിന്നും

ആരംഭിച്ച് ഇരവിപേരൂർ, വെണ്ണിക്കുളം, തടിയൂർ, റാന്നി ശബരിമല വഴി ചെങ്കോട്ട വരെ നിർമ്മിച്ചാൽ ഉദ്ദേശം 120 കി.മീ ദൂരം മാത്രമേ വരികയുള്ളൂ. ഈ പദ്ധതി നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റും, കേന്ദ്രഗവൺമെന്റും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാനത്തിൽ ശക്തിയും വികസനത്തിന്റെ അവിഭാജ്യ ഘടകവുമാണ് ഊർജ്ജം. അയിരൂർ ഗ്രാമത്തിൽ വൈദ്യുതിയുടെ ആദ്യ കിരണങ്ങൾ പ്രസരിച്ച് തുടങ്ങിയിട്ട് അര നൂറ്റാണ്ടിലേറെ ആയെങ്കിലും ഇന്നും പഞ്ചായത്തിന്റ പല പ്രദേശങ്ങളിലും പുരോഗതിയുടെ ജീവനാഡിയായ വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൽ പ്രധാനമായും ഉപയോഗിക്കുന്ന ഊർജ്ജം വൈദ്യുതി, മണ്ണെണ്ണ, വിറക്, പാചകവാതകം എന്നിവയാണ്.

ആകെയുള്ള വീടുകളിൽ 60% വീടുകളും വൈദ്യുതീകരിച്ചതാണ്. ബാക്കിയുള്ള 40% വീടുകൾ വൈദ്യുതീകരിച്ചിട്ടില്ല.

ഈ പഞ്ചായത്തിലെ വീടുകളിൽ ഏറിയപങ്കും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. പാചകവാതകം ഗ്രാമത്തിൽ ലഭ്യമാകുവാൻ തുടങ്ങിയിട്ട് ഒരു ദശകം മാത്രമേ ആയുള്ളൂ.

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ കുറിച്ച് പരാതിയുള്ളവരാണ്. 10 വാർഡുകളിലെ ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്നകാര്യം ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും, അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

**അയിരൂർ സെക്ഷൻ**

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1. | 150 കെ.വി.എ. | അയിരൂർ 1 |
| 2. | 100 " | അയിരൂർ 2 |
| 3. | 150 " | കാഞ്ഞീറ്റുകര |
| 4. | 100 " | നീലംപ്ലാവ് |
| 5. | 100 " | മതാപ്പാറ |
| 6. | 100 " | ആലുങ്കൽപടി |
| 7. | 100 " | വാളംപടി |
| 8. | 100 " | ഇടത്രാമൺ |
| 9. | 100 " | ആൽകം |
| 10. | 100 " | കാവുംമുക്ക് |
| 11. | 250 " | തടിയൂർ |
| 12. | 100 " | പുത്തേഴം |
| 13. | 100 " | മാന്നാക്കുഴി |

**അയിരൂർ പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.**

| ഉപഭോക്താക്കളുടെ ഇനം | എണ്ണം |
|---|---|
| ഗാർഹിക ഉപഭോക്താക്കൾ | 4200 |
| ഗാർഹികേതര ഉപഭോക്താക്കൾ | 435 |
| കാർഷിക ഉപഭോക്താക്കൾ | 35 |
| വ്യാവസായിക ഉപഭോക്താക്കൾ | 85 |

പഞ്ചായത്തിലെ വഴിവിളക്കുകളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വഴിവിളക്കുകളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 60 വാട്ട്സ് വിളക്കുകൾ | 400 |
| 100 " | 150 |
| ട്യൂബ് ലൈറ്റുകൾ | 63 |

പ്രശ്നങ്ങൾ

1. ഒന്ന് മുതൽ 10-വരെ വാർഡുകളിലും അനുഭവപ്പെടുന്ന വോൾട്ടേജ് കുറവ്
2. 1-മുതൽ 10-വരെ വാർഡുകളിലും എല്ലാഭാഗത്തും വൈദ്യുതി എത്തിയിട്ടില്ല.
3. തുടരെ തുടരെയുള്ള അപ്രഖ്യാപിത കറന്റ് കട്ടുകൾ
4. പ്രേഷണവിതരണ രംഗങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധക്കുറവ്, പ്രത്യേകിച്ചും മരച്ചില്ലകളും മറ്റും മുറിക്കാതെയിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.
5. പഞ്ചായത്തിലെ 7 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുവാനുണ്ട്.
6. 10-ാം വാർഡിലെ കൊക്കാവള്ളിൽ പ്രദേശത്തും (തീയാടിക്കലിന് സമീപം) 7-ാം വാർഡിലെ ചിരട്ടോലി കോളനിയും വൈദ്യുതീകരിക്കേണ്ടതുണ്ട്.
7. ഒരു വാർഡിലേയും വഴിവിളക്കുകൾ പൂർണ്ണമായും കത്തുന്നില്ല.
8. പാചകവാതകത്തിന്റെ ലഭ്യതക്കുറവ്.

സാധ്യതകളും, നിർദ്ദേശങ്ങളും

1. പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കുവാൻ ഏകദേശം 5കി.മീ. 11 കെ.വി. ലൈനുകളും, 10 കി.മീ. 3 ഫേസ് ലൈനുകളും 32 കി.മീ. സിങ്കിൾ ഫേസ് ലൈനുകളും വലിക്കേണ്ടതുണ്ട്.
2. മിക്ക ഗ്രാമസഭകളും വഴിവിളക്കുകൾക്ക് വേണ്ടി നീണ്ട പട്ടിക സമർപ്പിച്ചിരിക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും, ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.
3. ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യ പ്രതിബദ്ധത ഇല്ലാത്തവരും, ജോലിയിൽ അനാസ്ഥ കാണിക്കുന്നവരുമാണെന്ന് അർത്ഥം വരുന്ന വിധം പലഗ്രാമ സഭകളും വിലയിരുത്തൽ നടത്തിയിരിക്കുന്നു.
4. പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനുപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ 35%-ത്തിൽ താഴെ മാത്രമേ വരൂ.

   പഞ്ചായത്തിനുള്ളിൽ ഒരു പാചക വാതക ഏജൻസി അനുവദിക്കുക. (ഈ പഞ്ചായത്ത് സമീപത്തുള്ള ഒരു പാചകവാതക ഏജൻസി ലിസ്റ്റിലും പെടുന്നില്ല.)
5. ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ളത് ഇലക്ട്രിസിറ്റിയുടെ സാറ്റലൈറ്റ് സെക്ഷൻ ഓഫീസ് മാത്രമാണ്. അത് ഒരു മേജർ സെക്ഷൻ ഓഫീസായി ഉയർത്തണം.
6. അയിരൂർ പഞ്ചായത്തിലുള്ള മുഴുവൻ ഉപഭോക്താക്കളേയും അയിരൂർ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാക്കണം.
7. കറന്റ് ചാർജ്ജ് അടയ്ക്കുവാൻ തടിയൂരിൽ ഒരു ബിൽ കളക്ഷൻ സെന്റർ ആരംഭിക്കണം.
8. ഗ്രാമസഭയിലെ ചർച്ചയുടെ ഫലമായി വ്യാവസായികമായും, ഗാർഹികമായും വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത്

താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

1. തടിയൂർ (കടയാർ)
2. പുത്തൻ ശബരിമല
3. മതാപ്പാറ
4. കഞ്ഞീറ്റുകര
5. ഇടത്രാമൺ
6. പ്ലാങ്കമൺ
7. പ്ലാച്ചേരി
8. തേക്കുങ്കൽ
9. ഇടപ്പാവൂർ
10. മൂക്കന്നൂർ
11. ചിറപ്പുറം
12. കടമാൻകുഴി
13. ഞുണ്ണന്തറ
14. ചിരട്ടോലിൽ
15. വെള്ളിയറ (പനച്ചിക്കൽ കോളനി)
16. കാട്ടാത്താനി
17. വെള്ളിയറ സി.എസ്.ഐ. പള്ളി

## പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് 1 | സ്ഥലം | നിളം |
|---|---|---|
| 1. | വില്ലോത്ത് ജംഗ്ഷൻ–കൊശവേലിക്കടവ് | 500 മീ. |
| 2. | തോട്ടുപുറത്ത്പടി – പൂക്കാമണ്ണിൽപടി | 1000 മീ. |
| 3. | തോട്ടുപുറത്ത്പടി – തടീത്രപടി | 1250 " |
| 4. | ഞുണ്ണന്തറപടി – ഗ്രാമോദ്ധാരണം റോഡ് | 800 " |
| 5. | മങ്ങാട്ടിതടത്തിൽ – ചുഴുകുന്നിൽപടി | 700 " |
| 6. | ചുഴുകുന്നിൽപടി – കക്കാട്ട്കുഴി റോഡ് | 600 " |
| 7. | ഇല്ലത്ത്പടി – ഓലിയ്ക്കൽപടി റോഡ് | 800 " |
| 8. | പുളിയ്ക്കൽപടി – ചുട്ടിപ്പാറപടി | 350 " |
| 9. | പാലമുറ്റത്തുപടി – മേലേതിൽ മേമുറി | 200 " |
| 10. | കൊന്നക്കൽ ഭാഗം കോളനി | 250 " |

വാർഡ് – 6

| | | |
|---|---|---|
| 1. | വാളിക്കൽപടി റോഡ് – ചക്കൻചിറപടി | 200 മീ. |
| 2. | വേലൻകടവ് – കരിമ്പനയ്ക്കൽ | 200 " |
| 3. | പള്ളിപ്പടി – പുതിയത്തുപടി | 250 " |
| 4. | നള്ളേത്ത് കടവ് – കാഞ്ഞിറ്റുകര | 200 " |
| 5. | നീലത്തിൽപടി – പി.ഐ.പി. സബ് കനാൽ | 600 " |
| 6. | കൊയ്പ്പള്ളി മേലേതിൽപടി – മേലേമേപ്പുറത്ത് പടി | 300 " |

വാർഡ് – 8

| | സ്ഥലം | നീളം |
|---|---|---|
| 1. | കരിപ്പനിൽ കോളനി | 500 മീ. |
| 2. | അരുവിക്കൽ (പൊടിപ്പാഴ–പനംപ്ലാവ് റോഡ് | 1000 മീ. |
| 3. | മലങ്കോട്ട – അരുവിക്കൽ | 500 മീ. |
| 4. | കണയ്ക്കമണ്ണിൽ | 1000 മീ. |
| 5. | കടമാങ്കറി – ലക്ഷംവീട് കോളനി | 500 മീ. |

വാർഡ് – 9

| | | |
|---|---|---|
| 1. | പനച്ചിക്കൽ കോളനി | 500 മി. |
| 2. | വെള്ളിയറ എം.റ്റി.എൽ.പി.എസ്. കൊച്ചേത്തറപ്പടി | 600 " |
| 3. | പാറയിൽപടി – പുതുക്കുടിപടി | 500 " |
| 4. | പെരിഞ്ചേരിപടി – കല്ലോൺ പടി | 1000 " |
| 5. | കല്ലോൺപടി – താഴമൺപടി | 1000 " |
| 6. | പനച്ചിക്കൽ – കൊണ്ടൂർപടി | 1000 " |
| 7. | തോണിപ്പാറ – വെട്ട്നിരവ് | 750 " |
| 8. | കൊണ്ടൂർപടി – കണമൂട്ടിൽപടി | 1000 " |
| 9. | പനച്ചിക്കൽ – ആടിയാനി | 1000 " |
| 10. | ഈറയ്ക്കൽ ഭാഗം | 800 " |

വാർഡ് – 2

| | | |
|---|---|---|
| 1. | കിഴക്കേപടി – കുളത്തുങ്കൽ | 1250 " |
| 2. | മൂക്കന്നൂർ ചിറപ്പുറം | 1.5 കി.മി |
| 3. | കുഴപന്നി – ഇലഞ്ഞിപ്പടി | 1250 മി. |

വാർഡ് – 7

| | സ്ഥലം | നീളം |
|---|---|---|
| 1. | പാറേൽ ഭാഗം | 200 മീ. |
| 2. | കാവുംമുക്ക് – പുറംപാറ | 500 " |
| 3. | നീറോംമാങ്കൽ – അന്നഗിരിപ്പടി | 500 " |
| 4. | കീരികോട്ടായിൽ | 200 " |
| 5. | മുരുത്തേൽ | 500 " |

| | | |
|---|---|---|
| 6. | തടത്തേൽ | 1000 " |
| 7. | മുളവേലിക്കുഴി | 750 " |
| 8. | മേമുറിഭാഗം | 350 " |
| 9. | പുത്തൻശബരിമല - വടക്കേഴുത്ത് | 1000 " |
| 10. | ഇടത്രാമൺ - പുത്തേഴം | 500 " |
| 11. | മുതുപാലയ്ക്കൽ - കരിമ്പുങ്കൽ | 1000 " |
| 12. | മുതുപാലയ്ക്കൽ - കോതമാങ്കൽ | 500 " |

വാർഡ് - 10

| | | |
|---|---|---|
| 1. | ഇണ്ടനാട് - താന്നിയ്ക്കൽ | 1000 മീ. |
| 2. | കാവുംമുക്ക് - തെക്കേക്കര | 700 " |
| 3. | വട്ടപ്പാറ - രാമൻകല്ല് | 500 " |
| 4. | പാലയ്ക്കൽ കോളനി | 600 " |
| 5. | താന്നിക്കൽപടി - ചുഴന | 600 " |
| 6. | കുരിശുമുട്ടം - കാലായിൽ പടി | 800 " |
| 7. | കോവൻചിറ - ഓലിക്കൽ സ്ക്കൂൾ | 800 " |
| 8. | ദേവീക്ഷേത്രം - ആടിമാങ്കൽ (തടത്തേൽമുക്ക്) | 2000 " |

## മാർക്കറ്റിംഗ്

പഞ്ചായത്തിൽ ഇപ്പോൾ ഒരു പൊതുമാർക്കറ്റ് നിലവിവില്ല. ഇത് പരിഹരിക്കുന്നതിനായി ഇവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാൻ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾ ഇവിടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സമീപപ്രദേശമായ റാന്നി, കോഴഞ്ചേരി, തടിയൂർ എന്നീ സ്ഥലങ്ങളിൽ കൊണ്ടുപോയി കർഷകർ വിറ്റഴിക്കുന്നു.





# ഭവനനിർമ്മാണവും-സാമൂഹ്യക്ഷേമവും 5 (7)

പാർപ്പിടം

വിദ്യാഭ്യാസ പരമായും, സാംസ്കാരികമായും മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാണ് അയിരൂർ ഗ്രാമപഞ്ചായത്ത്. പമ്പയാറിന്റെ സാമീപ്യം കൊണ്ടും, ഭൂപ്രകൃതികൊണ്ടും അനുഗ്രഹീതമാണ് ഈ പ്രദേശം. ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം അനേകം കോൺക്രീറ്റ് സൗധങ്ങൾ ഇവിടെ ഉയർന്നിട്ടുണ്ടെങ്കിലും ദുർബലവിഭാഗത്തിൽ പെട്ടഒരു നല്ല പങ്ക് ആളുകളും ഭവനരഹിതരായി കഴിയുന്നു. ഈ പഞ്ചായത്തിൽ മൊത്തം 6005 വീടുകളുണ്ട്. അതിൽ 365 എണ്ണം ഒന്നിലധികം നിലകളുള്ളതും 1728 എണ്ണം ഒറ്റനില കോൺക്രീറ്റ് കെട്ടിടങ്ങളും 1854 ഓടുമേഞ്ഞവീടുകളും, 2058 ഓലപ്പുരകളുമാണ്.

**വീടുകളുടെ തരം തിരിവ് പട്ടികരൂപത്തിൽ വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | ആകെ | ഒന്നിൽകൂടുതൽ | ഓട് | ഓല | ഒറ്റനില കോൺക്രീറ്റ് |
|---|---|---|---|---|---|
| 1 | 540 | 26 | 239 | 203 | 72 |
| 2 | 614 | 46 | 162 | 210 | 198 |
| 3 | 656 | 55 | 188 | 203 | 210 |
| 4 | 630 | 37 | 278 | 132 | 183 |
| 5 | 488 | 23 | 179 | 156 | 130 |
| 6 | 546 | 31 | 192 | 189 | 132 |
| 7 | 444 | 30 | 123 | 193 | 98 |
| 8 | 636 | 37 | 132 | 263 | 204 |
| 9 | 629 | 35 | 154 | 240 | 200 |
| 10 | 822 | 45 | 207 | 269 | 301 |
| ആകെ | 6005 | 365 | 1854 | 2058 | 1728 |

ഭവനനിർമ്മാണ ബോർഡ് വഴിയും, പഞ്ചായത്ത് ബ്ലോക്ക് വഴിയും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനനിർമ്മാണ സഹായ പദ്ധതികൾ വിരലിൽ എണ്ണാവുന്നവർക്ക് മാത്രമേ ലഭിക്കുന്നുള്ളു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അഭൂതപൂർവ്വമായ വിലക്കയറ്റം ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്. ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിൽ ജനങ്ങൾ തീരെ താല്പര്യം കാണിക്കുന്നില്ല. കൂടുതൽ ചെലവേറിയ വീടുകൾ നിർമ്മിക്കുന്നതിലാണ് ആളുകൾക്ക് താല്പര്യം. ഗതാഗത സൗകര്യം കൂടുതലുള്ള ഭാഗത്ത് വീടുനിർമ്മിക്കുന്നത മൂലം അങ്ങനെയുള്ള സ്ഥലങ്ങളിൽ ഭൂമിക്ക് വലിയ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നു മാത്രമല്ല, അവിടങ്ങളിൽ ഭൂമി ലഭിക്കുവാൻ ബുദ്ധിമുട്ടും ആയിത്തിർന്നിട്ടുണ്ട്.

1,2,8,10 എന്നീ വാർഡുകളിൽ ലക്ഷം വീട് കോളനികൾ ഉണ്ട്. ഈ വീടുകൾ എല്ലാം രണ്ട് കുടുംബങ്ങൾ വീതം താമസിക്കുന്ന ഇരട്ട വീടുകളാണ്. ഇവയിൽ ഭൂരിഭാഗം വീടുകളും തകർന്ന് നിലംപതിക്കാറായ സ്ഥിതിയിലായിരിക്കുന്നു. ഹരിജൻ കോളനികളിൽ നിർമ്മിച്ചിട്ടുള്ള വീടുകളും അടിയന്തര അറ്റകുറ്റപണികൾ ആവശ്യമുള്ളവയാണ്. ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ രംഗത്തിലേർപ്പെക്കിരലിക്കുന്ന തൊഴിലാളികളിൽ അധികവും തമിഴ്നാട്ടുകാരാണ്. മേസ്ത്രീമാർക്ക് 125 രൂപയും, മെയ്ക്കാടിന് 80രൂപയും ആണ് കൂലി. കുറച്ചുനാളുകളായി ഈ രംഗത്ത് കൂലിനിരക്ക് വർദ്ധിച്ചുവരികയും ആണ്.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ ദുർബ്ബല വിഭാഗങ്ങളിൽ പെട്ടവരുടെ വീടുകൾ അധികവും കുടിലുകളാണ്.
2. ഭവനനിർമ്മാണത്തിന് സഹായം നൽകുന്ന ഏജൻസികൾ ഇവിടെ ഇല്ല.
3. ഈ രംഗത്ത് ആകർഷകമായ കൂലിനിരക്കുണ്ടെങ്കിലും തദ്ദേശീയരായ തൊഴിലാളികൾ ഈ രംഗത്തേക്ക് കടന്നുവരുന്നില്ല. ചിലവുകുറഞ്ഞ പാർപ്പിട നിർമ്മാണ രംഗത്ത് പരിശീലനം സിദ്ധിച്ചിട്ടുള്ള തൊഴിലാളികൾ ഇവിടെ ഇല്ല.
4. ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് ഇന്ന് ശാസ്ത്രീയമായ നിബന്ധനകളുടെ അടിസ്ഥാനത്തിലല്ല.

സാധ്യതകൾ / നിർദ്ദേശങ്ങൾ

1. ഭവന രഹിതരായിട്ടുള്ള ആളുകൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ അടിയന്തരമായി ഏറ്റെടുത്തു നടപ്പാക്കണം.
2. സ്ഥിരവരുമാനം ഇല്ലാത്ത ദുർബല വിഭാഗങ്ങളിൽ പ്പെട്ടവർക്ക് ഭവന നിർമ്മാണവായ്പ ലഭിക്കാനുള്ള പ്രയാസങ്ങൾ പരിഹരിക്കണം. അതുപോലെ തന്നെ സ്വന്തമായി വീടുവയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്വന്തമായി വീടശവയ്ക്കാനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കണം.
3. സർക്കാരിന്റെ പലഭവനനിർമ്മാണ പദ്ധതികൾക്കും അപേക്ഷ നൽകിയവർക്ക് സ്വന്തംപേരിൽ വസ്തു ഇല്ലാത്തതിന്റെ പേരിൽ വീടുകിട്ടുവാൻ നിർവാഹമില്ലാത്ത സ്ഥിതിക്ക് മാറ്റമുണ്ടാവണം.
4. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.
5. ഭവന നിർമ്മാണ വായ്പയ്ക്കുള്ള അപേക്ഷകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.
6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

സാമൂഹ്യക്ഷേമം.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള പദ്ധതികളാണ് ഇന്ന് നിലവിലുള്ളത്. ഇവ പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതികളിൽ നിന്ന് നാമമാത്രമായ സഹായങ്ങൾ മാത്രമേ പഞ്ചായത്തിൽ ലഭ്യമാകുന്നുള്ളു. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത, പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മ, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണക്കുറവ്, സഹായങ്ങൾ ആവശ്യത്തിനും, യഥാസമയത്തും ലഭിക്കായ്ക, സാങ്കേതികമായ നൂലാമാലകൾ എന്നിവ ഈ രംഗത്തെ

പ്രധാന പ്രശ്നങ്ങളാണ്. പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും, വനിതാവികസന കോർപ്പറേഷനിൽ നിന്നും മറ്റുമുള്ള അനുകൂല്യങ്ങൾ ഈ പഞ്ചായത്തിൽ ഉള്ളവർക്ക് വഭിക്കുന്നില്ലെന്ന് തന്നെ പറയാം. കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപെട്ട ഈ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ഒരു ഏകദേശ രൂപം അനുബന്ധമായി ചേർത്തിട്ടുണ്ട്. വില്ലേജാഫീസ് മുഖേന വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം മുടലായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ അർഹരായ മുഴുവൻ പേർക്കും അനുകൂലം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, അനർഹരായ കുറേ പേർക്ക് ആനുകൂല്യം ലഭിക്കുന്നതായും ആക്ഷേപം ഉണ്ട്.

ബാലവാടികൾ

ഈ പഞ്ചായത്തിലെ ചില വാർഡുകളിൽ ബാലവാടികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല. ബാലവാടികളിലെ പ്രാധമിക സൗകര്യങ്ങളുടെ അഭാവവും, പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ കടന്നുകയറ്റവും ബാലവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അവിടുത്തെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്.

IRDP പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളെ പറ്റിയും, അവർക്ക് ലഭിച്ചിട്ടുള്ള സഹായങ്ങളെ പറ്റിയുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അയിരൂർ ഗ്രാമ പഞ്ചായത്ത്

IRDP സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താറെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ച തുവരി ദാരിദ്ര രേഖയ്ക്ക് മുകളി ലെത്തിയ കുടുംബങ്ങൾ | ദാരിദ്രരേഖയ്ക്ക് താറെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 58 | 12 | 16 | 7 | 11 | 58 |
| 2 | 62 | 19 | 20 | 9 | 16 | 62 |
| 3 | 54 | 12 | 26 | 10 | 11 | 54 |
| 4 | 71 | ~~ | 26 | ~~ | 20 | 71 |
| 5 | 136 | 3 | 41 | 2 | 34 | 136 |
| 6 | 147 | 6 | 46 | 4 | 40 | 177 |
| 7 | 138 | 10 | 49 | 8 | 36 | 138 |
| 8 | 264 | 14 | 43 | 9 | 40 | 264 |
| 9 | 166 | 8 | 34 | 6 | 31 | 166 |
| 10 | 217 | 14 | 40 | 10 | 38 | 217 |
| | 1313 | 98 | 341 | 65 | 277 | 1313 |

ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| IX | Printing & composing | 3 | 1 | 2 | |
| VII | T.V. & Radio Mechanism | 3 | 1 | 2 | |
| VI | Repair of Home Appliance and Motor Winding | 1 | — | 1 | |
| V | Tailoring and Emmbroidary Work | 2 | 2 | ~ | |
| | ആകെ | 9 | 4 | 5 | |

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുഴിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 7 | ബേക്കറി | 93~94 | 10 | |
| 9 | ഡയറി | 94~95 | 10 | |
| 3 | ഡയറി | 94~95 | 10 | |

സാധ്യതകൾ / നിർദ്ദേശങ്ങൾ

1. IRDP ലിസ്റ്റിൽപ്പെടാത്ത അർഹരായ നിരവധി കുടുംബങ്ങൾ ഇവിടെ ഉണ്ട്. അവരെകൂടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ടത് ചെയ്യണം. വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നടത്തുകയും വേണം.

2. ഇപ്പോൾ അനുഭവപ്പെടുന്ന സാങ്കേതിക തടസ്സങ്ങൾ മാറി പഞ്ചായത്തിലെ ദുർബലവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിച്ചുകൊടുക്കുക.

3. അയിരൂർ പഞ്ചയത്തിൽ സൗകര്യമായ സ്ഥലത്ത് സ്മശാനങ്ങൾ നിർമ്മിക്കുക.

4. പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കാനുള്ള നടപടികൾ സ്വീകരിക്കുക.

5. പഞ്ചായത്തിൽ ഒരു വൃദ്ധ ഭവനതവും, അനാഥാലയവും സ്ഥാപിക്കുക.

6. പഞ്ചായത്തിലെ വികലാംഗർക്ക് തൊഴിൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുക.



# സംസ്ക്കാരം

5 (8)

ശ്രീരാമചന്ദ്രന്റെ പാദരേണുക്കളാൽ പരിപൂതമായ പമ്പയുടെ തീരത്താണ് പഴയ കോവിലകങ്ങളുടെ കേദാരമായിരുന്ന ഈ അയ്യന്റെ ഊര്. മദ്ധ്യതിരുവിതാംകൂറിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിലെ ജനതതിക്ക് കഥകളിപ്പദങ്ങളും, വഞ്ചിപ്പാട്ടും നിത്യജീവിതത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു. ഇവിടെ പമ്പയിലെ ഓളങ്ങൾക്കുപോലും വഞ്ചിപ്പാട്ടിന്റെ താളമുണ്ട്, സംഗീതമുണ്ട്.

സുറിയാനി ഭാഷയിലെ ആരാധനാക്രമം മലയാളത്തിലാക്കി കുർബാന അർപ്പിച്ച മല്പാനച്ചൻ നാലുകരകൾക്ക് നാഥത്വവും, ഗുരുസ്ഥാനവും ഉണ്ടായിരുന്ന തോട്ടാവള്ളിലാശാൻ തുടങ്ങിയ മഹാരഥന്മാരുടെ വീരോജ്വല ജീവിത കഥ ഈ ഗ്രാമസംസ്കൃതിയുടെ പരിവേഷമാണ്. അഥിതികൾക്കു ദേവസ്ഥാനം കൽപ്പിച്ച് രാപ്പാർക്കാൻ ഇടം നൽകിയ ഭരണവർഗ്ഗം ഈ ഗ്രാമ ജനതയുടെ സാംസ്ക്കാരികാഭിവീക്ഷണത്തെ സമ്പന്നമാക്കട്ടെയിരിക്കുന്നു. ഗതകാല സ്മൃതികൾ അയവിറക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമസംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണമിച്ചത് കണ്ടെത്താനാകും. അവയിൽ പ്രഥമ ഗണനീയം വിദ്യാ വിതരണം തന്നെ. ഒന്നേകാൽ നുറ്റാണ്ട് മുമ്പ് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി സ്ഥാപിച്ച 2 പ്രൈമറി സ്ക്കൂളുകളാണ് ഔപചാരിക വിദ്യാഭ്യാസത്തിന് ഇവിടെ വീഥിയൊരുക്കിയത്. ഇന്നീ ഗ്രാമ പഞ്ചായത്തിൽ ഒരു ട്രെയിനിംഗ സ്ക്കൂളടക്കം 4 ഹൈസ്ക്കൂളുകളും, ഒരു യു.പി. സ്ക്കൂളും, 16 എൽ.പി.സ്ക്കൂളുമുണ്ട്.

ഈ ഗ്രാമത്തിലെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സംഘടിത രൂപം കൈവന്നത് 1934-ൽ ശ്രീ സുബ്രഹ്മണ്യവിലാസം ഗ്രന്ഥശാല ആരംഭിച്ചപ്പോഴാണ്. ക്ഷീണിക്കാത്ത മനീഷയും, മഷി ഉണങ്ങാത്ത പൊൻപേനയുമായി ഒരു കാലഘട്ടത്തിൽ ഈ ഗ്രാമത്തിന്റെ സാസ്ക്കാരിക നവോത്ഥാനത്തിന് പാതയൊരുക്കിയത്. യശശരീരനായ ശ്രീ. പനച്ചിക്കൽ രാമൻ പിള്ളയാണ് അദ്ദേഹത്തിന്റെ ജീവരക്തമായിരുന്ന സുബ്രഹ്മണ്യവിലാസം വായനശാല ഇന്നാട്ടിലെ യുവാക്കളുടെ ചിന്താപരമായ പാപ്പരത്തം നീങ്ങാൻ കുറച്ചൊന്നുമല്ല സഹായിച്ചത്. ഗതാനുഗതികത്വിന്റെ തണലിലാണെങ്കിലും പൂർവ്വികരുടെ കാൽനഖേന്ദു മരീചികളെ പിന്തുടരുവാൻ വ്യഗ്രത കാണിക്കുന്നവരിൽ പുത്തൻ തലമുറയിൽ ചിലരെങ്കിലും ഉണ്ടെന്നുള്ളത് ആശ്വാസപ്രദം തന്നെ.

ഈ ഗ്രാമത്തിലെ ആദ്യത്തെ ഗ്രന്ഥാലയം സുബ്രഹ്മണ്യവിലാസം വായനശാല തന്നെ. തകഴിയും, ദേവും, കാരൂം നിരവധി തവണ ഈ ഗ്രന്ഥാലയത്തിൽ വന്നിട്ടുണ്ട്. ഇതിനെ തുടർന്ന് മഹാത്മാ ഗ്രന്ഥശാല, ഗ്രാമോദ്ധാരണ വായനശാല, വിശ്വഭാരതി ഗ്രന്ഥശാല, നേതാജി വായനശാല, ആശാൻ സ്മാരക വായനശാല എന്നിവയും രൂപം കൊണ്ടു.

തിരിയിൽ നിന്ന് കൊളുത്തിയ പന്തം പോലെ

സാംസ്ക്കാരിക നവോത്ഥാനത്തിന് പ്രകാശം പകർന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമച്വർ കലാസമിതികളും, കായിക സമിതികളും, യുവജന സംഘടനകളും. നിരവധി കലാസംഘടനകളുടെ വൃദ്ധിക്ഷയങ്ങൾക്ക് സാക്ഷ്യം വഹിച്ചതാണീ ഗ്രാമം. എന്നാൽ സമ്പന്നമായ ഈ നാടിന്റെ സാംസ്ക്കാരിക പൈതൃകത്തിന് വിലപ്പെട്ടസംഭാവന ചെയ്ത വൈ.എം.സി.എ. കഥകളി അഭ്യസിപ്പിക്കുന്ന നാട്യഭാരതി, കഥകളി വിദ്യാലയം തുടങ്ങിയ സ്ഥാപനങ്ങൾ ഇന്നാട്ടിലെ യശസ്തംഭമായി നിലകൊള്ളുന്നു. അഗ്രഹാരങ്ങളുടെ അകത്തളങ്ങളിൽ ആടിയിരുന്ന കഥകളി ഇന്നീ ഗ്രാമത്തിന്റെ കലയായി മാറിയിരിക്കുന്നു. വൈ.ഡബ്ല്യു.സി.എ., നവോദയ, സിതാര, കൈരളി എന്നീ ആർട്ട്സ് ക്ലബ്ബുകൾ ദേവീവിലാസം, ശ്രീ ഭദ്രാ, മുത്താരമ്മൻ, എന്നീ കരക സമിതികൾ, ശ്രീ ദുർഗ്ഗാ, രാജീവ് സ്മാരക, പ്രിയദർശിനി, ശ്രീ നാരായണ, തെരേസാ എന്നീ മഹിളാ സമാജങ്ങൾ, തപസ്യ, മംഗളം, സൃഷ്ടി എന്നീ കലാവേദികൾ, ഭാവന, ബാപ്പുജി എന്നീ ബാലജനസഖ്യങ്ങൾ, പത്തനം തിട്ട ജില്ലാ കഥകളി ക്ലബ്ബ്, ഫൈൻ ആർട്ട്സ് സൊസൈറ്റി, മാതൃഭൂമി സ്റ്റഡി സർക്കിള് ആശ്വാസംൾ, ശ്രീ നാരായണ യൂത്ത് മൂവ്മെന്റ് എന്നീ സാംസ്ക്കാരിക സ്ഥാപനങ്ങളും ഈ ഗ്രാമത്തിലുണ്ട്.

ഈ ഗ്രാമത്തിന്റെ കിഴക്കും പടിഞ്ഞാറുമായി പമ്പയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പുതിയകാവ് ദേവീക്ഷേത്രവും, സെന്റ് ബഹന്നാൻസ് ഓർത്തഡോക്സ് പഴയ പള്ളിയുമാണ് ഏറ്റവും പഴക്കം ചെന്ന ഹൈന്ദവ ദേവാലയവും, ക്രൈസതവ ദേവാലയവും. ശബരിമലയ്ക്ക് പോവുന്ന തിരുവാഭരണ ഘോഷയാത്രയുടെ അദ്യ വിശ്രമസങ്കേതവും പുതിയകാവ് ക്ഷേത്രമാണ്. പ്രസിദ്ധമായ ചതയം വള്ളം കളി നടക്കുന്നത് ഈ ക്ഷേത്ര കടവിലാണ്. ഹരിജനെ പ്രതിഷ്ടിച്ച് ആരാധിക്കുന്ന കേരളത്തിലെ ഏക ക്ഷേത്രവും ഈ ഗ്രാമത്തിലാണ്. വിവിധ മത വിഭാഗങ്ങളുടേതായി 42 ആരാധനാലയങ്ങൾ ഇവിടെ ഉണ്ട്. ജന സംഖ്യയിൽ ഭൂരിഭാഗം വരുന്നത് ക്രൈസ്തവരാണ്. ഹിന്ദുക്കളും നല്ല ശതമാനം ഉണ്ട്. മുസ്ലീം ഗൃഹങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല എന്നുള്ളത് ഒരു പ്രത്യേകതയാണ്.

ആത്മീയ പ്രഭാഷണങ്ങൾകൊണ്ട് പ്രദീപ്തമാകുന്ന പ്രസിദ്ധമായ അയിരൂർ ചെറുകോൽപ്പുഴ ഹിന്ദു മത സമ്മേളനം കഴിഞ്ഞ 75 വർഷമായി പമ്പാ മണൽപ്പുറത്ത് നടത്തിവരുന്നു. കൂടാതെ ശ്രീ നാരായണ കൺവെൻഷൻ, ദൈവസഭാ കൺവെൻഷൻ, തുടങ്ങിയ മത സമ്മേളനങ്ങളും ഇവിടെ നടന്നുവരുന്നു. ചരിത്ര പ്രസിദ്ധമായ ആറന്മുള വള്ളം കളിയിൽ അയിരൂർ, ഇടപ്പാവൂർ, കോറ്റാത്തൂർ എന്നീ കരകളെ പ്രതിനിധീകരിച്ച് 3 പള്ളിയോടങ്ങൾ പങ്കെടുക്കുന്നുണ്ട്. തിരുവാറൻമുളയപ്പന്റെ സദ്യവട്ടവുമായി തിരുവോണത്തോണി കടന്നുപോകുന്നത് ഈ ഗ്രാമത്തിലൂടെയാണ്.

കായികരംഗം

കായിക രംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനമുള്ള പഞ്ചായത്താണ് അയിരൂർ. നിരവധി പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്.

മദ്ധ്യ തിരുവതാംകൂർ പ്രദേശത്തെ കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന വോളീ ബോൾ താരങ്ങളുടെ കളിത്തൊട്ടിലായിരുന്നു ഈ ഗ്രാമം. അതിനു നിർണ്ണായകമായ പങ്കുവഹിച്ച ക്ലബ്ബാണ് പുത്തേഴം ശ്രീ നാരായണ ക്ലബ്ബ്. ഇന്ത്യൻടീമിൽ അംഗങ്ങളായവരും അന്യസംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചവരേയും സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സജീവമായി നിൽക്കുന്ന ശ്രീ. നാരായണ വോളീ ബോൾ ക്ലബ്ബ് ജില്ലാ, സംസ്ഥാന തലത്തിലേക്ക് നിരവധി താരങ്ങളെ സംഭാവന ചെയ്തിട്ടുണ്ട്.

പി ആന്റ് ഡി താരം കാർത്തികേയൻ, കെ.എസ്.ഇ.ബി. താരം ഫിലിപ്പ്, കേരള പോലീസിലുള്ള സുരേന്ദ്ര ബാബു, ആസാം റൈഫിൾസിലുള്ള പ്രസാദ് തുടങ്ങി നിരവധിപേർ ഈ നാടിന്റെ അഭിമാന ഭാജനങ്ങളാണ്. വോളീബോൾ പോലെ ഫുട്ബോളിലും നിരവധി പ്രതിഭകളെ കണ്ടെത്തുവാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിക്കാത്തതിന്റെ പ്രധാന കാരണം കായിക സംസ്ക്കാരം ഈ പഞ്ചായത്തിൽ

വേണ്ടത്ര വളർന്നിട്ടില്ല എന്നതാണ്. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും വേണ്ടരീതിയിൽ വിനിയോഗിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോവുന്നു.

കായിക മേഖലയിൽ നല്ല പാരമ്പ്യരമുള്ള അയിരൂരിൽ ഒട്ടേറെ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ സാധ്യതയുണ്ട്.

**സാധ്യതകൾ**

1. മധ്യവേനൽ അവധി സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ നടത്തുക.
2. ബഹുജന പങ്കാളിത്തത്തോടെ കായിക മേളകൾ സംഘടിപ്പിക്കുക.
3. ചുരുങ്ങിയത് 100 മീറ്റർ ട്രാക്ക് എങ്കിലും ഇടാവുന്ന സ്റ്റേഡിയം സ്ഥാപിക്കുക.
4. കായിക സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക.

**പ്രശ്നങ്ങൾ**

ഇന്ന് സാംസ്ക്കാരിക മണ്ഡലത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം

1. 5,6,8,9 എന്നീ വാർഡുകളിൽ വായനശാലവകൾ ഇല്ല.
2. മിക്ക വായനശാലകളിലും ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമല്ല.
3. തിരുവാതിര കളി, മാർഗ്ഗം കളി, കോൽകളി മുതലായവ അന്യം നിന്നുപോയിരിക്കുന്നു.
4. പ്രോത്സാഹനം ലഭിക്കാത്തതിനാൽ ബാലപ്രതിഭകളുടെ സർഗ്ഗ ശക്തി മുരടിച്ചുപോയിരിക്കുന്നു.
5. പാഠ്യേതര ഗ്രന്ഥശാല മിക്ക വിദ്യാലയങ്ങളിലും ഇല്ല.
6. പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനം ഇല്ല.

**പരിഹാരങ്ങളും, നിർദ്ദേശങ്ങളും**

1. 5, 6, 8, 9 എന്നീ വാർഡുകളിൽ വായനശാല ആരംഭിക്കുക.
2. പള്ളിയോടങ്ങൾ പുനരുദ്ധീകരിക്കുന്നതിന് ധനസഹായം നൽകുക.
3. കേരളത്തിന്റെ തനതുകലയായ കഥകളി അഭ്യസിപ്പിക്കുന്ന നാട്യഭാരതി കഥകളി സ്ക്കൂളിന് ഗ്രാന്റ് നൽകുക.
4. രജിസ്റ്റർ ചെയ്തിട്ടുള്ള അമച്വർ നാടക സമിതികൾക്ക് ഗ്രാന്റ് നൽകുക.
5. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കോൽകളി, മാർഗ്ഗം കളി, വഞ്ചിപ്പാട്ട്, കാക്കരിശ്ശി നാടകം, എന്നിവ സംരക്ഷിക്കുന്നതിന് കലാ കേന്ദ്രങ്ങൾ ആരംഭിക്കുക.
6. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കുക.

അത്യാധുനിക ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളുടെ അതിപ്രസരം ഈ ഗ്രാമത്തിന്റെ സാസ്ക്കാരിക പൈതൃകത്തിന് അനല്പമായ മങ്ങലേല്പിച്ചിരിക്കുന്നു. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്ക് മുമ്പിൽ ചടഞ്ഞ് കൂടി മൂല്യാപചയത്തിന്റെ അഗാധഗർത്തത്തിലേക്ക് യുവതലമുറ നീങ്ങുന്ന കാഴ്ച ഭീതിദമാണ്. അയിരൂരും ഇതിൽ നിന്ന് ഭിന്നമല്ല.

സാംസ്ക്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേല്പുകൊണ്ട് ജീവിതത്തിന്റെ നനാമേഖലകളിലും ഗുണപരമായ മാറ്റം 5വർഷം കൊണ്ട് കൈവരുത്തുവാൻ നമുക്ക് സാധിക്കും. അമൂല്യമെന്ന് അനുമാനിച്ചിരുന്ന നൈതിക മൂല്യങ്ങൾക്ക് അനുക്ഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയങ്ങൾക്കുമെതിരെ ജാഗരൂകരാവുക. ഇതാവട്ടെ നമ്മുടെ ചരിത്രപരമായ കർത്തവ്യം.



# വനിതാ

5 (9)

നാം 21-ാം നൂറ്റാണ്ടിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുന്നു. ശാസ്ത്ര, സാമൂഹ്യ, സാമ്പത്തീക, സാംസ്ക്കാരിക രംഗങ്ങളിൽ ഒരു വൻ മുന്നേറ്റം മുമ്പിൽ കണ്ട് നമ്മുടെ ഭരണയന്ത്രവും, സമൂഹവും പ്രയാണം ചെയ്യുമ്പോഴും നാം അധികം ചിന്തിക്കാത്ത ഒരു കാര്യമുണ്ട്. നമ്മുടെ സമൂഹത്തിന്റെ അഥവാ രാഷ്ട്രത്തിന്റെ ഈ മുന്നേറ്റത്തിൽ നമ്മുടെ സ്ത്രീ സമൂഹത്തിന് എത്രമാത്രം പങ്കുണ്ട്, അല്ലെങ്കിൽ സ്ത്രീകൾക്ക് എന്തുപങ്കുവഹിക്കുവാൻ കഴിയും എന്നത് ചിന്തിക്കേണ്ട ഒരു വിഷയമായിരിക്കണം.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഒറ്റപ്പെട്ട ചില പങ്കാളിത്തവും, അധികാരവികേന്ദ്രീകരണത്തിലൂടെ അടുത്ത കാലത്ത് നിലവിൽ വന്ന ഗ്രാമപഞ്ചായത്ത് സംവിധാനത്തിലെ 33% പ്രാതിനിധ്യവും ഇന്ന് ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല എന്നിരുന്നാലും കഴിഞ്ഞ കാൽനൂറ്റാണ്ടിനപ്പുറം സ്ത്രീ സമൂഹത്തിൽ കണ്ടുവരുന്ന മാറ്റങ്ങൾ ആശാവഹമാണ്. വിദ്യാഭ്യാസപരമായി പുരുഷ സമൂഹത്തിനൊപ്പം കിടപിടിച്ചുനിൽക്കുവാൻ സ്ത്രീ സമൂഹം ഇന്നു പ്രാപ്തരായിക്കഴിഞ്ഞു. എന്നാൽ കാർഷിക വ്യാവസായിക തൊഴിൽ മേഖലകളിൽ ബന്ധപ്പെടുവാൻ സ്ത്രീ സമൂഹം ഇന്നും വൈമനസ്യം കാട്ടുന്നുണ്ട്.

ജനകീയ ആസൂത്രണ പ്രക്രിയയിൽ വനിതാക്ഷേമത്തിന് പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികൾ നടപ്പിലായി വരുമ്പോൾ സ്ത്രീ സമൂഹത്തിന്റെ ക്ഷേമവും പ്രാവർത്തികമാകും എന്നതിന് സംശയം ഇല്ല. വ്യക്തമായ ആസൂത്രണമോ, മുൻവിധിയോ ഇല്ലാതെ കഴിഞ്ഞകാലങ്ങളിൽ തുടങ്ങിവച്ച ക്ഷേമ-പ്രവർത്തനങ്ങൾ ലക്ഷ്യത്തിനൊത്ത് സഫലമാകാ-തിരുന്നതിന്റെ കാരണം ആസൂത്രണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഇല്ലാതെ പോയതാണ്.

1991ലെ സെൻസസ് പ്രകാരം പുരുഷൻമാരും, സ്ത്രീകളും തമ്മിലുള്ള അനുപാതം അഖിലേന്ത്യാ തലത്തിൽ 1000:937-ഉം, കേരളത്തിൽ 1000:1036-ഉം പത്തനംതിട്ട ജില്ലയിൽ 1000:1062-ഉം അയിരൂർ ഗ്രാമപഞ്ചായത്തിൽ 1000:1003-ഉം ആണ്. അതായത് കേരളത്തിൽ പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകളാണ് എന്നർത്ഥം. സാക്ഷരതയിൽ നാം പൂർണ്ണത കൈവരിച്ചു കഴിഞ്ഞെങ്കിലും നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും തൊഴിൽ രഹിതരാണ്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരുടെ എണ്ണത്തിലെ വർദ്ധന ആശങ്ക ഉളവാക്കുന്നു. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ വനിതാക്ഷേമത്തിനുള്ള പദ്ധതി വളരെ കുറവാണ്. അമ്മമാരുടേയും, കുഞ്ഞുങ്ങളുടേയും ക്ഷേമത്തെ ലക്ഷ്യമാക്കി ഏതാനും ബാലവാടികളും,

മഹിളാ സമാജങ്ങളും മാത്രമേ ഇവിടെ പ്രവർത്തിക്കുന്നുള്ളു. അവയൊന്നും പൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുമില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിച്ച് ഫീഡിംഗ് സെന്ററന്റെ പ്രവർത്തനം കാര്യക്ഷമമാക്കി സ്ത്രീകളുടേയും, കുട്ടികളുടേയും ആരോഗ്യ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

കൂടാതെ ചെറുകിട വ്യവസായ പദ്ധതികളിൽ തയ്യൽ പരിശീലനം, പാൽ സംസ്ക്കരണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാറുകൾ, കറിപൗഡറുകൾ മുതലായവയുടെ നിർമ്മാണം, ഓഡിയോ, വീഡിയോ കാസറ്റ് സർക്കുലേറ്ററിംഗ് സെന്റർ, കോഫി & കൂൾബാർ, പച്ചക്കറിത്തോട്ട നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ വാർഡ് അടിസ്ഥാനിൽ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ചുകൊടുത്താൽ സ്ത്രീകളുടെ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുന്നതിന് സാധിക്കും.

നമ്മുടെ ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ നിലവാരം പരിശോധിച്ചാൽ അവർ മൂന്നു വിഭാഗത്തിൽ പെട്ടവർാണെന്ന് കാണാം. 1. സാമ്പത്തീകമായി മുന്നോക്ക വിഭാഗത്തിൽ പെടുന്നവർ. 2. ഇടത്തരക്കാർ. 3. ദുർബലവിഭാഗത്തിൽപെട്ടവർ. ഇതിൽ ഒന്നാം വിഭാഗത്തിൽ ഉൾപ്പെട്ടവരിൽ കൂടുതലും വീട്ടമ്മമാരായി കഴിയുന്നവരാണ്. രണ്ടാം വിഭാഗത്തിൽ പെട്ടവർ വിദ്യാഭ്യാസ മേഖലയിലും, വിദേശത്തും, അന്യ സംസ്ഥാനങ്ങളിലും ജോലിചെയ്തു വരുന്നവരും മൂന്നാം വിഭാഗത്തിൽ പെടുന്നവർ നിർമ്മാണം, കൃഷി തുടങ്ങിയവയും ആയി ബന്ധപ്പെട്ട് ജോലികൾ ചെയ്യുന്നവരും ആണ്. ഈ മൂന്നാം വിഭാഗത്തിൽപ്പെട്ടവരുടെ എല്ലാ വിധത്തിലുമുള്ള ഉന്നമനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പദ്ധതി ആയിരിക്കണം ആസൂത്രണം ചെയ്യപ്പെടേണ്ടത്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളും, അവയ്ക്കുള്ള പരിഹാരങ്ങളും അന്യത്ര ചേർക്കുന്നു.

പ്രശ്നങ്ങൾ :

1. സ്ത്രീകളുടെ ഇടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.
2. സ്ത്രീകൾക്ക് മാത്രമായി തൊഴിലവസരങ്ങൾ ഇല്ല.
3. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശമോ, സാമ്പത്തീക സഹായമോ ലഭ്യമാകുന്നില്ല.
4. സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുമ്പോൾ സമൂഹം എങ്ങനെ പ്രതികരിക്കും എന്ന ആശങ്ക.
5. ഏതുതൊഴിലും മാന്യമാണ് എന്ന് സമൂഹം അംഗീകരിക്കാത്ത അവസ്ഥ.
6. തൊഴിൽ തേടുന്നതിന് സർക്കാരിൽ നിന്നുള്ള ആനുകൂല്യത്തെ പറ്റിയുള്ള അജ്ഞത.
7. ചെറുകിട വ്യവസായ യൂണിറ്റുകളും മറ്റും തുടങ്ങുന്നതിനുള്ള സർക്കാർ നിയമങ്ങളുടെ സങ്കീർണ്ണത.
8. സാമൂഹ്യ സേവന രംഗത്ത് ഇറങ്ങി പ്രവർത്തിക്കാനുള്ള വൈമനസ്യം.
9. പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് അർഹമായ പ്രോത്സാഹനം ലഭ്യമാകാത്ത അവസ്ഥ.
10. കായിക രംഗത്ത് പരിശീലനം ലഭിക്കുന്നതിനുള്ള സാഹചര്യക്കുറവ്.
11. സ്ത്രീകൾക്ക് വിവിധ മേഖലകളെപ്പറ്റി

പരസ്പരം ആശയവിനിമയം നടത്തുന്നതിനുള്ള വേദി ഇല്ലായ്മ.

12. സ്ത്രീകളുടെ പ്രശ്നങ്ങളെപ്പറ്റിയും, പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും അവരെ ബോധവൽക്കരിക്കുന്നതിന് വനിതാക്ഷേമവകുപ്പിന്റെ താത്പര്യക്കുറവ്.

13. മദ്യവും, മയക്കുമരുന്നും കാരണം കുടുംബങ്ങളിലുണ്ടാകുന്ന സ്ത്രീപീഡനം.

14. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾക്കു -നേരെയുണ്ടാകുന്ന പീഡനം.

15. സമൂഹത്തിലെ ആഡംഭര വിവാഹങ്ങൾ കാരണം ദുർബല വിഭാഗത്തിൽപെട്ട സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന വിവാഹ കമ്പോളത്തിലെ മത്സരം.

**സാധ്യതകൾ, പരിഹാരങ്ങൾ :**

1. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2. സ്ത്രീകൾക്കു മാത്രമായി ചെറുകിട വ്യവസായ യൂണിറ്റുകൾ പഞ്ചായത്ത് - വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, ഈ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടിക വർഗ്ഗ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കുകയും ചെയ്യുക.

3. സ്വയം തൊഴിൽ സംരംഭങ്ങളുടെ സാധ്യതയെപ്പറ്റി ബോധവൽക്കരണവും, മാർഗ്ഗ നിർദ്ദേശവും, സാമ്പത്തിക സഹായവും നൽകുക.

4. ഏതു തൊഴിലും മാന്യമാണെന്ന ധാരണ സ്ത്രീകളിൽ ബലപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5. ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നിയമങ്ങളും, വ്യവസ്ഥകളും ഉദാരമാക്കുക.

6. സ്ത്രീകളിൽ വായനാശീലം വളർത്തുക.

7. എല്ലാ കോളനികളിലും റേഡിയോ, ടി.വി. തുടങ്ങിയ മാധ്യമങ്ങൾ സർക്കാർ ചെലവിൽ സ്ഥാപിക്കുക.

8. അതാത് പ്രദേശത്ത് സ്ത്രീകൾക്ക് മാത്രമായി നിലവിലുള്ള നാടൻ കലകളിൽ പ്രാവീണ്യമുള്ള പ്രതിഭകളെ കണ്ടെത്തി യുവതലമുറയ്ക്ക് പരിശിലനം നൽകുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുക.

9. സ്ത്രീകൾക്ക് കായികരംഗത്തെ വളർച്ചയ്ക്ക് ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിന്റ ആഭിമുഖ്യത്തിൽ ചെയ്തുകൊടുക്കുക.

10. പഞ്ചായത്തിലെ ഓരോ വാർഡിലും വനിതാക്ലബ്ബുകൾ സ്ഥാപിക്കുകയും, സ്ത്രീകൾക്ക് പൊതുവായ ആശയവിനിമയം നടത്തുന്നതിന് അവസരം ഒരുക്കുകയും ചെയ്യുക.

11. വനിതാ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.

12. അനാഥരായ സ്ത്രീകൾക്ക് ഉള്ള സംരക്ഷണകേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുക.

13. വിവാഹ ധൂർത്ത് നിരുൽസാഹപ്പെടുത്തുകയും, ആവശ്യമെന്നുകണ്ടാൽ നിശ്ചിതതുകയിൽ അധികം വിവാഹ ആഡംഭരത്തിന് വിനിയോഗിക്കാൻ പാടില്ലെന്ന നിയമം പ്രാബല്യത്തിലാക്കുക.

14. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

# സഹകരണം

5 (10)

അയിരൂർ ഗ്രാമപഞ്ചായത്തിൽ 1950 മുതൽ സഹകരണ പ്രസ്ഥാനം നിലവിൽ വന്നു. ട്രാവൻകൂർ ആയുർവ്വേദ സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനം. കൂടാതെ വെള്ളിയറ സർവ്വീസ് സഹകരണ സംഘം, കൈതക്കോടി സർവ്വീസ് സഹകരണ സംഘം, കാഞ്ഞീറ്റുകര സർവ്വീസ് സഹകരണ സംഘം എന്നീ സർവ്വീസ് സഹകരണ സംഘങ്ങളെ സംയോജിപ്പിച്ച് അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ആക്കി. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും, തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രണ്ടുശാഖകളും ഇവിടെ പ്രവർത്തിപ്പിക്കുന്നുണ്ട്. സഹകരണമേഖലയിൽ വളരെയേറെ മുന്നോട്ട് പോകാൻ കഴിയുന്ന ഒരു പഞ്ചായത്താണ് ആയിരൂർ പഞ്ചായത്ത്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണമേഖലകളെ പ്രധാനമായും കാർഷികം, ക്ഷീരോൽപാദകം, വ്യവസായം, വിദ്യാഭ്യാസം എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. വനിതാ സഹകരണ സംഘങ്ങളൊന്നും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് ഓരോ മേഖലയും പ്രത്യേകം എടുത്ത് അവയുടെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്.

1. കാർഷിക സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ കാർഷീകരംഗത്തു പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനം അയിരൂർ വില്ലേജ് സർവ്വീസ് സഹകരണ ബാങ്കാണ്. 1980 ജൂലൈ മാസത്തിൽ ഇത് പ്രവർത്തനം ആരംഭിച്ചു. അയിരൂർ പഞ്ചായത്തിന്റെ പത്തുവാർഡുകളിലുമായി ഇതിന്റെ പ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. 7000-ൽ അധികം അംഗങ്ങളുള്ള ഒരു സ്ഥാപനമാണിത്. ചെറുകോൽപ്പുഴ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ ബാങ്കിന് പ്ലാങ്കമണ്ണിൽ ഒരു ബ്രാഞ്ചുകൂടിയുണ്ട്. കാഞ്ഞീറ്റുകര, കൈതകോടി എന്നിവടങ്ങളിൽ ഒരോ വളം ഡിപ്പോയും, ഇടപ്പാവൂരിൽ കമ്മീഷൻ വ്യവസ്ഥയിൽ ഒരു വളം ഡിപ്പോയും പ്രവർത്തിക്കുന്നു. കർഷകർക്കാവശ്യമായ വളം കീടനാശിനികൾ, ആസിഡ് ടാപ്പിംഗ് ഉപകരണങ്ങൾ എന്നിവ ന്യായമായ വിലയ്ക്ക് വിതരണം നടത്തി വരുന്നു. സഹകാരികളുടെ കാർഷീകവും, കാർഷീകേതരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിവിധ ഇനം വായ്പകൾ നൽകുന്നുണ്ട്. സ്വർണ്ണപ്പണയ വായ്പയും, ചിട്ടിയും നിലവിലുണ്ട്. ഏഴുജീവനക്കാർ ജോലി ചെയ്യുന്ന ഈ ബാങ്കിൽ ഒരു കോടി അറുപതു ലക്ഷം രൂപ നിക്ഷേപമുണ്ട്. വിവിധ ഇനങ്ങളിലായി ഒരു കോടി രൂപയോളം വായ്പയായി നൽകിയിട്ടുണ്ട്. ബാങ്കിന്റെ അംഗീകൃത ഓഹരി മൂലധനം പത്തുലക്ഷം രൂപയും, ഒരു ഓഹരിയുടെ വില പത്തു രൂപയുമാണ്.

പ്രശ്നങ്ങൾ :

1. നിലവിലുള്ള നിയമ പരിധിയിൽ നിന്നുകൊണ്ടുമാത്രമേ

വായ്പകൾ കൊടുക്കുവാൻ സാധിക്കുന്നുള്ളു. തന്മൂലം സഹകാരികൾക്ക് അവരുടെ ആവശ്യാനുസരണം വായ്പകൾ കൊടുക്കുവാൻ സാധിക്കുന്നില്ല.

2. വിതരണം ചെയ്യുന്ന വായ്പകളുടെ തിരിച്ചടവ് യഥാസമയം നടക്കുന്നില്ല.

3. N.R.I അക്കൗണ്ടുകൾ തുടങ്ങാൻ സാധിക്കാത്തതുകൊണ്ട് ആ വിഭാഗം ജനത്തെ ആകർഷിക്കാനും സാധിക്കുന്നില്ല.

4. കോമേഴ്സ്യൽ ബാങ്കകളുമായി നല്ല മത്സരം നടത്തേണ്ടതായി വരുന്നു.

5. ചിട്ടി റജിസ്റ്ററുചെയ്തു കിട്ടുവാൻ കാലതാമസം നേരിടുന്നു.

**സാധ്യതകൾ**

1. പ്രാഥമിക സഹകരണ സംഘങ്ങളുടെ ബാങ്കിംഗ് പ്രവർത്തനം കൂടുതൽ കാലോചിതമാക്കുകയും, ദുർബല വിഭാഗങ്ങൾക്ക് പരമാവധി പ്രയോജനപ്പെടത്തക്ക രീതിയിൽ ചട്ടങ്ങൾ ലഘൂകരിക്കുകയും ചെയ്യാവുന്നതാണ്.

2. വ്യക്തിഗത വായ്പാ പരിധി ഉയർത്താവുന്നതാണ്.

3. ചെറുകോൽപ്പുഴ ആസ്ഥാനമായി ബാങ്കിന്റെ ഹെഡ് ഓഫീസ് കെട്ടിടം നിർമ്മിക്കണം.

4. അയിരൂർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും സഹകാരികളാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

5. പഞ്ചായത്ത് അക്കൗണ്ട് സഹകരണ ബാങ്കുമുഖേന നടത്തി ബാങ്കിനെ ശക്തിപ്പെടുത്താൻ സാധിക്കും.

6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വളം ഡിപ്പോകൾ സ്ഥാപിക്കണം.

7. തടിയൂർ കേന്ദ്രമാക്കി ബാങ്കിന്റെ ഒരു ബ്രാഞ്ച് ആരംഭിക്കണം.

**ക്ഷീരവ്യവസായ സംഘങ്ങൾ**

ഈ രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. പത്താം വാർഡായ തടിയൂർ മാത്രമാണ് ഒരു ക്ഷീരോല്പാദക സംഘം പ്രവർത്തിക്കുന്നത്. കൈതക്കോടി, പ്ലാങ്കമൺ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഓരോ ക്ഷീരോപ്പാദര സഹകരണ സംഘം രൂപീകരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചെറുകോൽപ്പുഴയിൽ പ്രവർത്തിച്ചിരുന്നതും, ഇപ്പോൾ പ്രവർത്തനം ഇല്ലാതിരിക്കുന്നതുമായ ക്ഷീരോല്പാദന സംഘം പ്രവർത്തന ക്ഷമമാക്കണം.

**പ്രശ്നങ്ങൾ :**

1. ക്ഷീരോൽപാദക സഹകരണ സംഘത്തിൽ അംഗങ്ങൾ ആകുന്നതിനും, പാൽ എത്തിക്കുന്നതിനും കർഷകർ വൈമുഖ്യം കാണിക്കുന്നു.

2. ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുവാൻ കർഷകർ താപ്പര്യം കാണിക്കുന്നില്ല.

**സാധ്യതകൾ**

1. ക്ഷീരകർഷകരെ സംഘവുമായി ബന്ധപ്പെടുത്തുവാൻ വേണ്ട ബോധവൽക്കരണം നടത്തേണ്ടതാണ്.

2. അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ വളർത്തുവാനുള്ള പ്രചോദനം സംഘം മുഖേന നൽകേണ്ടത് ആവശ്യമാണ്.

**സ്ക്കൂൾ സഹകരണ സംഘം**

അയിരൂർ പഞ്ചായത്തിലെ തടിയൂർ N.S.S.

ഹൈസ്ക്കൂൾ, കാഞ്ഞീറ്റുകര S.N.D.P. ഹൈസ്ക്കൂൾ, മതാപ്പാറ M.T.H.S. ഹൈസ്ക്കൂൾ വെള്ളിയറ S.N.D.P. U.P സ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സ്ക്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങൾ മുഖേന വിദ്യാർത്ഥികൾക്കാവശ്യമായ നോക്കുബുക്കുകൾ, ടെക്സ്റ്റ് ബുക്കുകൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്.

**പ്രശ്നങ്ങൾ :**

1. സ്ക്കൂൾ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ മൂലധനം സമാഹരിക്കാൻ സാധിക്കുന്നില്ല.
2. സ്ക്കൂൾ ജീവനക്കാർ തന്നെ ഈ സംഘങ്ങളുടെ മേൽനോട്ടം വഹിക്കുന്നതുകൊണ്ട് പൂർണ്ണമായി ഇതിന്റെ മാനേജ്മെന്റിൽ ശ്രദ്ധിക്കുവാൻ കഴിയുന്നില്ല.

**സാധ്യതകൾ :**

1. മാനേജ്മെന്റ് കാര്യക്ഷമമാക്കാൻ മുഴുവൻ സമയ ജീവനക്കാരെ നിയമിക്കണം.
2. സഹകരണസംഘങ്ങൾ ഇല്ലാത്ത സ്ക്കൂളുകളിൽ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

**വ്യവസായ സഹകരണ സംഘം :**

ചെറുകോൽപ്പുഴ കേന്ദ്രമാക്കി ഒരു ആയൂർവ്വേദ സഹകരണ സംഘവും, ഇടപ്പാവൂർ കേന്ദ്രമാക്കി ഒരു പ്രസ്സുമാണ് നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ.

**പ്രശ്നങ്ങൾ :**

1. വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ സംരംഭകർ മുമ്പോട്ടു വരുന്നില്ല.
2. നിലവിലുള്ള ആയൂർവ്വേദ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

**സാധ്യതകൾ :**

1. വ്യാവസായിക സംരംഭകർക്ക് ആവശ്യമായ പരിശീലനം കൊടുക്കുവാൻ പഞ്ചായത്ത് തലത്തിൽ ക്രമീകരണം ഉണ്ടാക്കാവുന്നതാണ്.
2. റബ്ബർ അധിഷ്ഠിത വ്യവസായസംഘം ആരംഭിക്കുവാനുള്ള സാധ്യതകൾ ഈ പഞ്ചായത്തിലുണ്ട്.
3. ഇടത്തട്ടുകാരെ ഒഴിവാക്കാൻ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.
4. വനിതകളെ സംഘടിപ്പിച്ചുകൊണ്ട് വനിതാ വ്യവസായ സഹകരണ സംഘങ്ങളൾ സ്ഥാപിക്കുവാൻ കഴിയുന്നതാണ്.

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം**

അയിരൂർ പഞ്ചായത്തിൽ കാഞ്ഞീറ്റുകരയിലെ കാവുംമുക്ക് കേന്ദ്രമാക്കി ഒരു പട്ടിക ജാതി പട്ടിക വർഖഗ്ഗ സഹകരണ സംഘം റജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പ്രവർത്തന രഹിതമാണ്. ഈ പഞ്ചായത്തിൽ നല്ല രൂപത്തിൽ പ്രവർത്തിക്കാവുന്ന ആ മേഖലയാണിത്.

**മറ്റുള്ള സഹകരണ സംഘങ്ങൾ :**

മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ മുതലായവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. അപ്രകാരമുള്ള സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.





# പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം 5 (11)

അയിരൂർ പഞ്ചായത്തിൽ കോളനികളിലും, ലക്ഷം വീട് കോളനികളിലുമായി 366 പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി രണ്ട് I.H.D.P. കോളനികളും, 10 അംഗീകൃത കോളനികളും ഉണ്ട്. ഈ കോളനികളിൽ ആകെ 1708 അംഗങ്ങൾ താമസിക്കുന്നുണ്ട്.

വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ ചില നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് യാതൊരു പുരോഗതിയും ഈ വിഭാഗത്തിന് നേടാൻ കഴിഞ്ഞിട്ടില്ല. കാലാകാലങ്ങളിൽ സർക്കാർ നടത്തിവരുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് ലഭിക്കാത്തതു മൂലവും, പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതികളുടെ ഗുണഫലങ്ങൾ ഇതരഭാഗങ്ങളിൽ ഉള്ളവരെ അപേക്ഷിച്ച് കോളനി നിവാസികൾക്ക് നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിലെ നിരക്ഷരർ ഉള്ളത് കൂടുതലും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ തന്നെയാണ്. S.S.L.C. ക്ക്ശേഷം ഉള്ള പഠനത്തിൽ പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട ബഹുഭൂരിപക്ഷം ആളുകളുടേയും ജീവിതമാർഗ്ഗം കൂലിപ്പണി മാത്രമാണ്. അടുത്ത കാലത്തായി കാർഷിക രംഗത്തുവന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ സാദ്ധ്യത വളരെ കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. റബ്ബർ കൃഷി വർദ്ധിച്ചതും, ഇവരുടെ തൊഴിലവസരങ്ങൾ കുറയുവാൻ കാരണമായിട്ടുണ്ട്.

പാർപ്പിട പ്രശ്നം സർക്കാർ നടത്തിവരുന്ന പദ്ധതികൾ മുഖാന്തിരം ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും അതിന്റെ ഫലം പൂർണ്ണമായി ലഭിച്ചിട്ടില്ല. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളുടേയും പണി പൂർത്തികരിക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തികരിച്ചവർ തന്നെ ഒരു നല്ല ശതമാനം കടബാധ്യതയുള്ളവരായി തീരുകയും ചെയ്തിട്ടുണ്ട്. ഈ വിഭാഗത്തിൽപെട്ടവർക്ക് കോൺക്രീറ്റ് ചെയ്ത വീടുകൾ ഒന്നും തന്നെ ഇല്ല ഓടുമേഞ്ഞ 292 വീടുകളും ഓലമേഞ്ഞ 74 വീടുകളുമാണ് ഉള്ളത്. പട്ടികജാതി പട്ടിക-വർഗ്ഗത്തിൽപ്പെട്ടവരുടെ ബഹുഭൂരിപക്ഷം വീടുകളിലും കക്കൂസുകൾ നിലവിലില്ല. കുടിവെള്ളത്തിനുള്ള പദ്ധിതികൾ നടപ്പിലായിട്ടുമില്ല. ഗവൺമെൻറിന്റെ പല ഗൃഹനിർമ്മാണ പദ്ധതികളും സ്വന്തം പേരിൽ സ്ഥലമുള്ളവർക്കു മാത്രമേ അനുവദിച്ചു കിട്ടുന്നുള്ളു. തൻമൂലം ഒരു നല ശതമാനം ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. മിക്ക

കോളനികളിലും ഇതു വരെ വൈദ്യുതിലഭിച്ചിട്ടില്ല. കോളനികളിലേക്കുള്ള റോഡുകളും ഗതാഗതയോഗ്യമല്ല.

നിർദ്ദേശങ്ങൾ :

1. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായരീതിയിൽ നിബന്ധനകൾ ലളിതമാക്കണം.

2. പാർപ്പിട പദ്ധതിപ്രകാരം വീടു ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ സ്ഥലമുള്ളവർക്കേ ലഭിക്കൂ. ഈ നിയമം മൂലം പലർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. അതുകൊണ്ട് ഇതു സംബന്ധിച്ചുള്ള നിബന്ധനകൾ ലഘൂകരിച്ച് വീടില്ലാത്ത എല്ലാവർക്കും വീടുലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

3. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരിൽ തൊഴിൽ ചെയ്യുവാൻ താൽപര്യമുള്ളവർക്ക് അതിനുള്ള പരിശീലനം നൽകണം. പരിശീലനം നേടിയവർക്ക് അവശ്യമായ വായ്പ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുകയും വേണം.

4. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ജലവിതരണപദ്ധതി നടപ്പിലാക്കിയും ഒറ്റപ്പെട്ടു താമസിക്കുന്നവർക്ക് കിണറുകൾ കുഴിച്ചുകൊടുത്തും കുടിവെള്ള പ്രശ്നംപരിഹരിക്കേണ്ടതാണ്.

5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കെല്ലാം കക്കൂസ് നിർമ്മിച്ചുകൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

6. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം.

7. എല്ലാകോളനികളിലും വൈദ്യുതി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. വാർത്താമാധ്യമങ്ങളുടെ അപര്യാപ്തത എല്ലാ കോളനികളിലും ഉണ്ട്. ഇതിനുവേണ്ട പരിഹാരം ഉണ്ടാക്കേണ്ടതാണ്.

9. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാംസ്കാരിക സാമ്പത്തിക പിന്നോക്കഅവസ്ഥക്ക് പരിഹാരം കാണുന്നതിന് മുന്നോടിയായി എല്ലാ കോളനികളിലും സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണം നടപ്പിലാക്കണം.

10. വിദ്യാസമ്പന്നരായ യുവതിയുവാക്കളെ ചേർത്ത് സന്നദ്ധസംഘങ്ങൾ രൂപികരിച് കോളനികളിലെ കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകി അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

11. എല്ലാ കോളനികളോടും അനുബന്ധിച്ച് അംഗൻവാടികൾ തുടങ്ങുക.

12. ആറാം വാർഡിലെ " ദേവീവിലാസം " ഹരിജൻ സ്ക്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുക.

13. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടി പഞ്ചായത്തിൽ ഒരു ഹോസ്റ്റൽ നിർമ്മിക്കുക.

14. ലക്ഷം വീടു കോളനികളിലെ ഇരട്ടവീടുകൾ വിഭജിച്ച് ഒറ്റ വീടുകൾ ആക്കി മാറ്റുക.

15. വീടു പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ ലഭ്യമാക്കുക.

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.

### പൊതു അവലോകനം.

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | അഗംങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | മങ്ങാട്ടിൽ ഹരിജൻ കോളനി | 13 | 52 |
| 2 | I | കൊന്നക്കൽ ഹരിജൻ കോളനി | 20 | 80 |
| 3 | I | ലക്ഷം വീടുകോളനി | 30 | 120 |
| 4 | I | കോട്ടയിൽ കോളനി | 10 | 50 |
| 5 | I | ഞുഴവേലിക്കൽ ഓലിക്കൽ കോളനി | 7 | 30 |
| 6 | II | ലക്ഷം വീടുകോളനി | 10 | 40 |
| 7 | III | ഒറ്റപ്പെട്ട വീടുകൾ | ഇല്ല | ഇല്ല |
| 8 | IV | ഒറ്റപ്പെട്ട വീടുകൾ | ഇല്ല | ഇല്ല |
| 9 | V | ഞുറൂർ IHDP കോളനി | 30 | 120 |
| 10 | VI | കാവുംമുക്ക് ഹരിജൻ കോളനി | 36 | 255 |
| 11 | VII | ചിരട്ടോലിൽ IHDP കോളനി | 70 | 250 |
| 12 | VII | മുണ്ടംപ്ലാക്കൽ ഹരിജൻ കോളനി | 7 | 35 |
| 13 | VII | മുളവേലിക്കുഴി ഹരിജൻ ഗിരിജൻ കോളനി | 66 | 340 |
| 14 | VIII | കരിംബ്ലാനിൽ കോളനി | 7 | 30 |
| 15 | IX | പനച്ചിക്കൽ കോളനി | 10 | 38 |
| 16 | X | വട്ടക്കുന്ന് ഹരിജൻ കോളനി | 7 | 33 |
| 17 | X | കടയാർ സെറ്റിൽമെന്റ് ഹരിജൻ കോളനി | 20 | 90 |
| 18 | X | കാവുംമുക്ക് തെക്കേക്കര ഹരിജൻ കോളനി | 23 | 115 |
| | | | 366 | 1708 |

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ സ്വഭാവം | | | അവശ്യമുള്ള വീട്ടുകളുടെ എണ്ണം | കക്കൂസ് ആവശ്യ മില്ലാത്തവർ | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | I | മങ്ങാട്ടിൽ കോളനി | ഇല്ല | 10 | 3 | 3 | ഇല്ല | 13 |
| 2 | I | കൊന്നിക്കൽ കോളനി | ‘‘ | 17 | 3 | 3 | ‘‘ | 20 |
| 3 | I | ലക്ഷം വീട് കോളനി | ‘‘ | 25 | 5 | 5 | ‘‘ | 30 |
| 4 | I | കോട്ടയിൽ കോളനി | ‘‘ | 8 | 2 | 2 | ‘‘ | 10 |
| 5 | I | ഞുഴവേലിൽ ഓലിക്കൽ കോളനി | ‘‘ | 5 | 2 | 2 | ‘‘ | 7 |
| 6 | II | ലക്ഷം വീടു കോളനി | ‘‘ | 8 | 2 | 2 | ‘‘ | 10 |
| 7 | III | ലക്ഷം വീടു കോളനി | ‘‘ | ‘‘ | ‘‘ | ‘‘ | ‘‘ | ‘‘ |
| 8 | IV | ലക്ഷം വീടു കോളനി | ‘‘ | ‘‘ | ‘‘ | ‘‘ | ‘‘ | ‘‘ |
| 9 | V | ഞുഴൂർ IHDP | ‘‘ | 20 | 10 | 10 | 6 | 24 |
| 10 | VI | കാവുംമുക്ക് കോളനി | ‘‘ | 33 | 3 | 3 | 4 | 32 |
| 11 | VII | ചിരട്ടോലിൽ IHDP | ‘‘ | 55 | 15 | 15 | 18 | 52 |
| 12 | VII | മുണ്ടപ്ലാക്കൽ കോളനി | ‘‘ | 5 | 2 | 2 | ‘‘ | 7 |
| 13 | VII | മുളവേലിക്കുറി കോളനി | ‘‘ | 53 | 13 | 13 | 10 | 56 |
| 14 | VII | കരിംബ്ലാനിൽ കോളനി | ‘‘ | 2 | 5 | 5 | ‘‘ | 7 |
| 15 | IX | പനച്ചിക്കൽ കോളനി | ‘‘ | 6 | 4 | 4 | 2 | 8 |
| 16 | X | വട്ടക്കുന്നു കോളനി | ‘‘ | 5 | 2 | 2 | 1 | 6 |
| 17 | X | കടയാർ കോളനി | ‘‘ | 15 | 5 | 5 | 3 | 17 |
| 18 | X | കാവുംമുക്ക് തെക്കേക്കര | ‘‘ | 17 | 6 | 6 | 3 | 20 |
| | | | | 282 | 77 | 77 | 47 | 312 |

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | റോഡുകൾ | | | വൈദ്യുതി | | | കുടിവെള്ളം | | | | ശ്മശാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഗതാഗത യോഗ്യമാണ് | സഞ്ചാര യോഗ്യമാണ് | റോഡ് ഇല്ലാത്ത വയുണ്ടോ | തുടങ്ങിയത് | തുടങ്ങാനുള്ളത് | പൂർത്തീകരിച്ചത് | കിണർ | ടാപ്പ് | കുഴൽ കിണർ | എന്നും ജലം കിട്ടുന്ന പ്രദേശം | |
| 1 | I | മങ്ങാട്ടിൽ കോളനി | ഉണ്ട് | ഉണ്ട് | “ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | I | കൊന്നക്കൽ കോളനി | “ | “ | “ | “ | “ | “ | “ | “ | “ | “ | “ |
| 3 | I | ലക്ഷം കോളനി | “ | “ | “ | “ | “ | “ | “ | “ | “ | “ | “ |
| 4 | I | കോട്ടയിൽ കോളനി | “ | “ | “ | “ | “ | “ | “ | “ | “ | “ | “ |
| 5 | I | ഞുഴവേലിൽ കോളനി | ഇല്ല | “ | “ | “ | “ | “ | “ | “ | “ | “ | “ |
| 6 | II | ലക്ഷം വീട് | ഉണ്ട് | “ | “ | “ | “ | “ | “ | “ | “ | “ | “ |
| 7 | III | – | – | – | – | – | – | – | – | – | – | – | – |
| 8 | IV | – | – | – | – | – | – | – | – | – | – | – | – |
| 9 | V | ഞുഴൂർ കോളനി | ഇല്ല | ഉണ്ട് | “ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | VI | കാവുംമുക്ക് കോളനി | ഉണ്ട് | “ | “ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 11 | VII | ചിരകോലിൽ " | " | " | " | " | " | " | " | " | " | " | " |
| 12 | VII | മുണ്ടപ്ലാക്കൽ " | " | " | " | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | VII | മുളവേലിക്കുഴി " | " | " | " | ഉണ്ട് | " | " | " | ഉണ്ട് | ഉണ്ട് | " | " |
| 14 | VII | കരിംബ്ലാനി " | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | " | " | ഇല്ല | ഇല്ല | " | " |
| 15 | IX | പനിച്ചിക്കൽ " | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | ഉണ്ട് | ഉണ്ട് | " | " |
| 16 | X | വട്ടക്കുന്ന് " | ഇല്ല | ഇല്ല | " | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17 | X | കടയാർ " | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 18 | X | കാവുംമുക്ക്– തെക്കേകര കോളനി | " | " | " | " | " | " | " | " | " | " | " |



# വിഭവസമാഹരണം

5 (12)

ഒരു ഗ്രാമത്തിന്റെ സാമ്പത്തിക വളർച്ച വ്യവസായികവും കാർഷികവുമായ മേഖലകളെ അടിസ്ഥാനമാക്കിയാണ് അയിരൂർ ഗ്രാമപഞ്ചായത്തിനെ സമ്പന്ധിച്ചിടത്തോളം ഏതാനം ചെറുകിടവ്യവസായങ്ങൾ അല്ലാതെ വൻകിട വ്യവസായശാലകൾ ഒന്നും തന്നെ ഇവിടെയില്ല. ഉത്പാദന ക്ഷമത അനുദിനം കുറഞ്ഞു വരുന്നതിനാൽ കാർഷികമേഖല മുരടിപ്പിനെ നേരിട്ടുകയാണ്. വിവിധ ഇനങ്ങളിലായി ലഭിക്കുന്ന വരുമാനം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ മതിയാകുന്നില്ല ഗവൺമെന്റെറിൽ നിന്നും നാമമാത്രമായി മാത്രം ലഭിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റുകളെ ആശ്രയിച്ചാണ് പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ഗ്രാന്റുകളുടെവിതരണം നീതിപൂർവ്വകമല്ലെന്നു തന്നെയല്ല അവയഥാകാലം ലഭിക്കുന്നുമില്ല. നികുതി ഇനത്തിലും മറ്റും ലഭിക്കുന്നപണം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകഴിച്ചാൽ വികസനപ്രവർത്തനങ്ങൾക്ക് മതിയാവുന്നില്ല.

**പഞ്ചായത്തിലെ പ്രധാനവരുമാന മാർഗ്ഗങ്ങൾ.**

1. കെട്ടിട നികുതി

കെട്ടിടനികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിക്കുന്നില്ല. അശാസ്ത്രീയമായ നികുതിചുമത്തലും നികുതി പിരിവിൽ കാണിക്കുന്ന അലംഭാവവും അതിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥൻമാരുടെ കുറവുമാണ് ഇതിനുകാരണം ഈ കുറവു പരിഹരിച്ച് കെട്ടിട നികുതി പൂർണ്ണാമായും പിരിച്ചെടുക്കണം.

2. തൊഴിൽ നികുതി

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്ക്കളുകളിൽ നിന്നും മറ്റും ജോലിചെയ്യുന്നവരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ലഭിക്കുന്നുള്ളു ഇതിനുപകരം തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവിന്നതാണ്.

3. ഖനനം

പമ്പാനദിയിലെ മണൽ ആണ്ടുതോറും ലേലം ചെയ്തു കൊടുക്കുന്നത് നിർത്തി പഞ്ചായത്തിന്റെ നേരിട്ടുള്ള ചുമതലയിൽ മണൽ സംഭരിച്ച് വില്പന നടത്തിയാൽ പഞ്ചായത്തിന്റെ സാമ്പത്തികനിലയിൽ ഗണ്യമായ പുരോഗതി ഉണ്ടാകും.

## 1.23വരവ് സംബന്ധിച്ച വിവരങ്ങൾ (1995–1996)

**Ref.C.B.**

| ഇനം<br>1 | ധനാഭ്യർത്ഥന<br>2 | പിരിച്ചത്<br>3 | ബാക്കി<br>4 |
|---|---|---|---|
| കെട്ടിട നികുതി | 309028.30 | 2,48,586.70 | |
| സർവ്വീസ് ചാർജ്ജ് (library cess) | 12411 | 8642.30 | |
| തൊഴിൽ നികുതി | 1,60,642 | 1,28,052 | |
| വാഹന നികുതി | | | |
| വിനോദ നികുതി | | | |
| അഡി.വിനോദ നികുതി | | | |
| പ്രദർശന നികുതി | | | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | | | |
| ചന്തവരവ് | 300 | 300 | |
| ലാൻറ് സെസ്സ് P.F.A | 819 | 616 | |
| ലൈസൻസ് ഫീസ് | | 2377 | 399.50 |
| കെട്ടിട നികുതി സർചാർജ്ജ് | | | |
| വസ്തു കൈമാറ്റ നികുതി 75% | | | |
| വസ്തു കൈമാറ്റ നികുതി 25% | | | |
| സർക്കാർ ഗ്രാൻറുകളും മറ്റും Go: grant | | | |
| ഒഴികെയുള്ള മറ്റു വരവുകൾ | 58903.55 | 58903.55 | – |
| സംഭാവന | 1,87,900 | 1,87,900 | – |
| ഡെപ്പോസിറ്റ് | 21,500 | 21,500 | – |
| മറ്റുള്ളവ | | 6247.10 | |
| ആകെ | | 23,72,190.65 | |

### 1.24 ചെലവ് സംബന്ധിച്ച് വിവരങ്ങൾ Ref.C.B. (1995–1996)

| ഇനം | തുക |
|---|---|
| മരണം | 4,56,990.00 |
| പൊതുമരാമത്ത് | 1,90,575.00 |
| വിദ്യാഭ്യാസം | 5,900.00 |
| ജലവിതരണം, ഓടികൾ, പൊതുജനാരോഗ്യം | 44,350.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 2,69,755.00 |
| മറ്റുള്ളവ | 4,68,454.90 |
| ആകെ | 14,36,024.90 |

### 1.25 പൊതു സാമ്പത്തിക നില Ref.B

| | പൊതു കണക്ക് | മൂലധന കണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 4,54,279.65 | 105060.00 | 2,13,439.70 |
| ചെലവ് | 13,06112.90 | 23416.00 | 52721.00 |

### 1.26 പൊതുമരാമത്ത് പണി സംബന്ധിച്ച് വിവരങ്ങൾ Ref. work Bill Register

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ. ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 88,298 | 79,264 | 5630 | 84,894 |
| തോട് | Nil | | | |
| കെട്ടിടം | | | | |
| നടപ്പാലം | | | | |
| മറ്റുള്ളവ | | | | |
| ആകെ | | | | |

## 1.4(a) കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ (1995 - 96)

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | മേലപ്പുരയുടെ സ്വഭാവം | | | | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 540 | 26 | 72 | 239 | 203 | | |
| II | 614 | 46 | 198 | 162 | 210 | | |
| III | 656 | 55 | 210 | 188 | 203 | | |
| IV | 630 | 37 | 183 | 278 | 132 | | |
| V | 488 | 23 | 130 | 179 | 156 | | |
| VI | 546 | 33 | 132 | 192 | 189 | | |
| VII | 444 | 30 | 98 | 123 | 193 | | |
| VIII | 634 | 37 | 202 | 132 | 263 | | |
| IX | 629 | 35 | 200 | 154 | 240 | | |
| X | 822 | 45 | 301 | 207 | 269 | | |
| | 6003 | 367 | 1726 | 1854 | 2058 | | |

## 1.15 ലേല വരുമാനം സംബന്ധിച്ച വിവരങ്ങൾ

### Ref. ലേല രജിസ്റ്റർ

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | പുരയിടം | ഷോപ്പിംഗ് കോംപ്ലക്സ്/കടകൾ | മണൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 300 | | | | 490 | | 10,50,000 | 10,50,790 |

ചെലവുകൾ

പഞ്ചായത്തിലെ വിഭവങ്ങൾ പ്രത്യുൽപ്പാദന-പരമല്ലാത്ത രിതിയിലാണ് ചെലവഴിച്ച്കൊണ്ടിരിക്കുന്നത് കാര്യക്ഷമമായ ആസൂത്രണത്തിന്റെ അഭാവവും ഭരണചെലവുകളുടെ വർദ്ധനവും വികസന-പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തുഫണ്ടിൽ നിന്ന് 50% ത്തോളം പൊതുമരാവത്തിനും 30% ഭരണചെലവുകൾക്കും 10% വിദ്യഭ്യാസം സാമൂഹ്യക്ഷേമം എന്നിവക്കും ബാക്കി മറ്റു പദ്ധതികൾക്കുമാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. റോഡ്റിപ്പയർ വർക്കുകൾ എല്ലാവാർഡിലും നടത്തിയിട്ടുണ്ട്. പഴയ റോഡിൽ മണ്ണിട്ടതുമുഴുവൻ മഴക്കാലത്ത് ഒലിച്ചുപോയി റോഡ് വീണ്ടും പൂർവ്വസ്ഥിതിയിൽ ആയിക്കഴിഞ്ഞു. ഇത്തരത്തിലുള്ള താൽക്കാലിക റിപ്പയർ ജോലികൊണ്ട്യാതൊരു ഗുണവും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല പഞ്ചായത്തിന്റെ ഫണ്ട് പാഴായി പോകുകയും ചെയ്യുന്നു. റോഡിൽ വീഴുന്നവെള്ളം പോകാനുള്ള ഓടകളില്ലാത്തതാണ് ഈ ദുസ്ഥിതിക്കുള്ള കാരണം. ഇന്നത്തെ നിലയിൽ പഞ്ചായത്തന്റെ ഭരണചെലവുകളിൽ കാര്യമായ മാറ്റം വരുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

1. **ഭൂനികുതി**

ഭൂമിയുടെ തരംഅനുസരിച്ച ഭൂനികുതിയിൽ വ്യത്യാസം വരുത്തി അതുപിരിച്ചെടുക്കാനുള്ള അവകാശം പഞ്ചായത്തിനെ എൽപിക്കുക.

2. **കച്ചവട ലൈസൻസ്**

പഞ്ചായത്തിലെ എല്ലാവാർഡുകളിലേയും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് കൃത്യമായി പിരിച്ചെടുക്കുകയും ചെയണം.

3. **ഷോപിംഗ് കോംപ്ലക്സ്**

ഷോപിംഗകോംപ്ലക്സുകൾ നിർമ്മിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4. **നാഷണൽ സേവിംഗ്സ് സ്കീം**

പഞ്ചായത്തു ഭരണ സമിതിയുടെ ചുമതലയിൽ പിരിച്ചെടുക്കുന്ന ഇന്ദിരവികാസ് പത്രയുടെ 20% പഞ്ചായത്തിനുതന്നെ ലഭിക്കും എന്നുള്ളതുകൊണ്ട് പരമാവധി തുക ഈ ഇനത്തിൽ പിരിച്ചെടുക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന് ഒരു നല്ല വരുമാനം ഉണ്ടാക്കുവാൻ കഴിയും.

മറ്റിനം

1. പഞ്ചായത്തതിർത്തിയിലുള്ള പാറമടകളിൽ നിന്നും വിൽക്കുന്ന കരിങ്കല്ലിനും മെറ്റലിനും ഒരു ലോഡിനു 5 രൂപ വച്ച് പഞ്ചായത്തുസെസ്സായി ഈടാക്കാവുന്നതാണ്.
2. പഞ്ചായത്തിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്കും മറ്റും ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്.
3. പഞ്ചായത്തിലെ സാമ്പത്തികശേഷിയുള്ളവരിൽ നിന്ന് കഴിയുന്നത്രസാമ്പത്തിക സഹായം സ്വീകരിച്ച് വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുക.
4. വികസനപ്രവർത്തനങ്ങളിൽ ശ്രമദാനം ചെയ്യുന്നവർക്ക് ഭക്ഷണവും മറ്റും നൽകുന്നതിന് വേണ്ട ഭക്ഷ്യവിഭവങ്ങൾ ശേഖരിക്കാവുന്നതാണ്.

**സഹായിച്ചവരോട് നന്ദി !.**

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണപ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്. പുതിയ പ്രസ്ഥാനത്തിന്റെ തുടക്കത്തിൽതന്നെ ഉളവാക്കിയിരിക്കുന്ന ആവേശവും പങ്കാളിത്തവും വലിയ പ്രതീക്ഷകൾക്കു ജന്മം നൽകിയിരിക്കുകയാണ്.

എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് അരുളിച്ചെയ്ത മഹാത്മാവിന്റെ ജീവിതത്തിന് പൂർണത കൈവരുവാൻ പോകുന്ന ഈ വേളയിൽ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്തുയരാൻ ജനകീയ ആസൂത്രണത്തിന് കഴിയും എന്ന കാര്യത്തിൽ സംശയം വേണ്ട.

ഈ മഹായത്നത്തിൽ നേരിട്ടും അല്ലാതെയും ഭാഗഭാക്കായിട്ടുള്ളവർ ഏറെ. ഹൃദയത്തിന്റെ ഭാഷയിൽ അവരോട് നന്ദി പ്രകാശിപ്പിക്കട്ടെ. വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പിലെ അംഗങ്ങളോടും വിശിഷ്യാ എന്റെ സഹപ്രവർത്തകരോടും എനിക്കുള്ള കടപ്പാട് നിസ്സീമമാണ്. എന്റെ സഹപ്രവർത്തകകോട് നന്ദി പറഞ്ഞാൽ അവർക്കു വേദനിക്കും: പറയാതിരുന്നാൽ എനിക്കും. നിറുത്തട്ടേ.

നിങ്ങളുടെ

ആനി മാത്യൂ.



**വിദ്യാമുത്തശ്ശി:-** അയിരൂരിലെ ആദ്യത്തെ വിദ്യാലയം

(ഗവ. എൽ. പി. സ്കൂൾ, അയിരൂർ



**ഹിന്ദുമത കൺവൻഷൻ:-** വനിതാ സമ്മേളനം - ഒരു ദൃശ്യം



**അയിരൂർ പുതിയകാവ് ജലോത്സവം:-** ഒരു ദൃശ്യം



എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനും ഇല്ല. എല്ലാവരും സമന്മാരാണ്, അവസാനക്കാരനും അവിടെയില്ല.

മഹാത്മാഗാന്ധി